# അവതാരിക

ഓരോ വ്യക്തിയുടെയും അനുഭവകുറിപ്പിന് സാമൂഹ്യവും ചരിത്രപരവുമായ പ്രാധാന്യം ഉണ്ടാവുക എന്നത് ഒരു അപൂർവ്വതയാണ്.ഈ സമാഹാരം സത്രീകളെ കുറിച്ചുള്ള സമൂഹത്തിന്റെ ചിന്താഗതിയെ തകിടം മിറക്കുന്നു.പല അനുഭവങ്ങളും തീയ്യമ്പുകൾ പോലെസമൂഹ മനസാക്ഷിയിലേക്ക് പാഞ്ഞെത്തുന്നു.ഓരോന്നും വായനക്കാരെ ആഴത്തിൽ മുറിപ്പെടുത്തുന്നവയുമാണ്.ചിലത് ചിന്തിപ്പിക്കുകയും ചിലത് നല്ല ഒരു ഗുരുവിനെപോലെ പ്രചോദനം നൽകുകയും ചെയ്യുന്നു.ഓരോന്നും അനേകം പാഠങ്ങൾ പകർന്നു നൽകുന്നു.

പ്രാരാബ്ധങ്ങൾ കൊണ്ട് ജീവിതത്തിന്റെ രണ്ടറ്റം മുട്ടിക്കാൻ കഴിയാതെ വന്നപ്പോൾ ആത്മഹത്യയെ പറ്റി ചിന്തിച്ച സഹോദരിമാരും ഓർക്കാപുറത്ത് ജീവിതപങ്കാളിയെ നഷ്ടപെടുകയും ,തന്റെയും പറക്കമുറ്റാത്ത കുഞ്ഞുങ്ങളുടെയും ഭാവി എന്താണെന്ന് ഒരു വേള ചിന്തിച്ച് ജീവിതം അവസാനിപ്പിച്ചാലോ എന്ന് തോന്നിപോയ സ്ത്രീകളും അവരുടെ തീക്ഷണമായ അനുഭവങ്ങൾ നിറമുള്ള അക്ഷരങ്ങളായി ഈ പുസ്തകത്തിൽ കോർത്തിണക്കുന്നു.ജീവിത്തതിൽ കാലിടറിയവർക്ക് അത്താണിയാണ് കുടുംബശ്രീ എന്ന് ഓരോ അനുഭവവും വിളിച്ചോതുന്നു.കുടുംബവും ചരിത്രവും തീർത്ത വേലികെട്ടുകളെ മിറകടക്കാൻ ,കുടുംബശ്രീയിലൂടെ കരുത്താർജ്ജിച്ച സ്ത്രീകളുടെ ചിത്രം ഒരു മിന്നലാട്ടം പോലെ ഈ കുറിപ്പുകളിലുണ്ട്.സൂക്ഷമവും സ്ഥൂലവുമായ പീഡനങ്ങളുടെ സാക്ഷ്യങ്ങളിലും വിപ്ലവകരമായ മുന്നേറ്റത്തിന്റെ ലാഞ്ചനയുണ്ട്.എന്തുകൊണ്ടെന്നാൽ നിർഭയമായ വെളിപെടുത്തലുകളിൽ യഥാസ്ഥികരുടെ ഇരുട്ടുകോട്ടകൾ തീ പടർത്താനുള്ള കനലുകൾ എരിയുന്നുണ്ട്.

**എം. വി. പ്രേമരാജൻ**
**ജില്ലാമിഷൻ കോർഡിനേറ്റർ**
**കുടുംബശ്രീ, കണ്ണൂർ**

# മാററത്തിന്റെ മണിനാദം

ചേലോറ ഗ്രാമപഞ്ചായത്തിൽ 15–ാം വാർഡിൽ താമസിക്കുന്ന ശ്രീശക്തി കുടുംബശ്രീയിലെ അംഗമാണ് ഞാൻ. 08–12–2002 ലാണ് ഞാൻ കുടുംബശ്രീയിലംഗമായത്. കുടുംബശ്രീ സെക്രട്ടറി സ്ഥാനം ആദ്യം തന്നെ കിട്ടി. അന്നത്തെ വാർഡ് മെമ്പർ സീനയായിരുന്നു കുടുംബശ്രീ രൂപീകരിക്കാൻ ഞങ്ങൾക്ക് കുറച്ച് സ്ത്രീകളെ സംഘടിപ്പിച്ചു തന്നത്. നല്ലൊരു സാമൂഹ്യപ്രവർത്തകയും കൂടിയായിരുന്നു അവർ. ആദ്യമൊക്കെ സെക്രട്ടറി സ്ഥാനം എറ്റെടുക്കാൻ എനിക്ക് സമ്മതമായിരുന്നില്ല. എല്ലാവരും നിർബന്ധിച്ചപ്പോൾ ഏറ്റെടുക്കേണ്ടി വന്നതാണ്. പിന്നീട് കുടുംബശ്രീയുടെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ മുന്നോട് പോകാൻ കഴിഞ്ഞു. 6 മാസം കഴിഞ്ഞപ്പോൾ അയൽക്കൂട്ടം നല്ല മാർക്കോടെ ഗ്രേഡിംങ്ങിൽ പാസ്സായി. അതിനിടേത്തന്നെ മൈക്രോ സംരംഭം ആരംഭിച്ചു കഴിഞ്ഞിരുന്നു. യൂണിറ്റിലെ കൂട്ടായ്മയാണ് മൈക്രോസംരംഭം വിപുലീകരിക്കാൻ കഴിഞ്ഞത്. ചാർജ്ജ് ഓഫീസർ സുരേഷ് കസ്തൂരിയുടെ നല്ല ഇടപെടൽ ഞങ്ങളുടെ യൂണിറ്റിന് കിട്ടിയിരുന്നു. റിവോൾവിംങ് ഫണ്ട് കിട്ടിയതുകൊണ്ട് ഉരുളിയും മറ്റ് അനുബന്ധസാധനങ്ങളും യൂണിററിൽ വാങ്ങാൻ സാധിച്ചു. അതിനിടെ എനിക്ക് സി ഡി എസ് മെമ്പർ സ്ഥാനം ഏറ്റെടുക്കേണ്ടിവന്നു. ആ സമയത്ത് 5 കുടുംബശ്രീ മാത്രമേ 2–ാം വാർഡിൽ ഉണ്ടായിരുന്നുള്ളു.

മാസച്ചന്തകളിലും ഉത്സവച്ചന്തകളിലും ഉൽപ്പന്നങ്ങൾ എത്തിച്ചിരുന്നു. 3 വർഷം കഴിഞ്ഞപ്പോൾ യൂണിറ്റ് 12 പേർ പങ്കെടുത്ത് ഡയറക്ക് മാർക്കറ്റിങ്ങ് ഒരു കട വാടകയ്ക്കെടുത്ത് പ്രവർത്തനം വിപുലപ്പെടുത്തി. വീടുകളിൽ പച്ചക്കറികളും മറ്റ് ഉൽപ്പന്നങ്ങളും ഞങ്ങൾ എത്തിച്ചുകൊടുക്കാൻ തുടങ്ങി. നല്ല വരുമാനം ഞങ്ങൾക്ക് കിട്ടാൻ തുടങ്ങി. കുടുംബശ്രീയുടെ ആരംഭത്തിൽ സെക്രട്ടറി ഞാനും (റോജ.കെ) പ്രസിഡണ്ട് ഷിജി ഒ.ടിയുമായിരുന്നു. പ്രസിഡണ്ടിന് അംഗൻവാടിയിൽ ടീച്ചറായി ജോലി കിട്ടിയപ്പോൾ അവളുടെ സ്ഥാനത്തേക്ക് നിഷ. കെ വി യെ അംഗങ്ങൾ തെരഞ്ഞെടുത്തു. പഞ്ചായത്തുമായി കൂടുതൽ അടുത്തത് സി ഡി എസ് മെമ്പറായി ചാർജ്ജെടുത്തതിന് ശേഷമാണ്. ആ സമയത്ത് 9 സി ഡി എസ് മാത്രമേ ഉണ്ടായിരുന്നുള്ളു. ഒരു സി ഡി എസിന് 2 വാർഡിന്റെ ചാർജ്ജായിരുന്നു. എനിക്കും രണ്ട് വാർഡിന്റെ ചാർജ്ജുണ്ടായിരുന്നു. കൂടുതൽ ആളുമായി സൗഹൃദത്തിൽ ഏർപ്പെടാൻ സാധിച്ചു. മനസ്സിന് ഒരു ഉന്മേഷം തന്നെയായിരുന്നു. എല്ലാവരുമായി ഇണങ്ങിച്ചേരാൻ സാധിച്ചു. വീടുകളിൽ

ഒതുങ്ങികൂടിയിരുന്ന സ്ത്രീകളെ സാംസ്കാരിക സാമൂഹിക രംഗത്തേക്ക് കൊണ്ടുവരാൻ കുടുംബശ്രീ ലോകത്തിന് തന്നെ മാതൃകയായി മാറിയിക്കുകയാണ്.

എനിക്ക് ആ സമയത്ത് പ്രകൃതി ചികിത്സാകേന്ദ്രത്തിൽ ചെറിയ ഒരു ജോലികിട്ടി. ഡയറക്ട് മാർക്കറ്റിംങ്ങും ജോലിയും കൂടി കുറേനാൾ കുറച്ച് വിഷമം നേരിടേണ്ടിവന്നു. രണ്ട് പെൺകുട്ടികളാണ് എനിക്ക്. ആ സമയത്ത് എനിക്ക് കൂട്ടുകുംടുംബത്തിൽ നിന്ന് താമസം മാറ്റേണ്ടി വന്നു. ആ നേരത്താണ് അന്ന് ചെയർ പേഴ്സൺ ആയിരുന്ന രജിതയ്ക്ക് ബേങ്കിൽ ജോലി കിട്ടിയതുകൊണ്ട് സ്ഥാനം രാജിവെച്ചു. അപ്പോൾ പഞ്ചായത്ത് ഭരണസമിതിയും സി ഡി എസ് മെമ്പർമാരും കൂടി ചെയർപേഴ്സൺ സ്ഥാനം എന്റെ തലയിൽ വെച്ചുതന്നു. പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന ശ്രീമതി പി കെ പ്രകാശിയുടെ നിർദേശങ്ങളുടെ സഹായസഹകരണവും എനിക്ക് കിട്ടിയിരുന്നു. എല്ലാവരും നല്ല രീതിയിൽ നടത്താൻ കഴിഞ്ഞു. വൈസ് ചെയർ പേഴ്സൺ ശ്രീജയുടെ നല്ല സഹായസഹകരണങ്ങൾ എനിക്ക് കിട്ടിയിരുന്നു. എന്റെ വലംകൈയായി അവൾ പ്രവർത്തിച്ചിരുന്നു. ഇപ്പോൾ അവൾക്ക് ആക്സിഡന്റ് സംഭവിച്ചതുകൊണ്ട് പഞ്ചായത്തിൽ വരാറില്ല. പിന്നീട് സി ഡി എസ് ബൈലോ പ്രകാരം പുതിയ സൊസൈറ്റി ലോ വന്നു. ആ സമയത്തും എന്നെതന്നെ തെരഞ്ഞെടുത്തു.

സി ഡി എസ് മെമ്പർമാരും ഞാനും കൂടി കാട്ടാമ്പള്ളി കൈപ്പാട് പ്രദേശത്ത് കുടുംബശ്രീ അംഗങ്ങളെ രംഗത്ത് ഇറക്കാൻ ഞങ്ങൾ മുന്നോട്ട് ഇറങ്ങിയതിന്റെ ഫലമായി കൂടുതൽ ആളുകൾ കൃഷിയിലേക്ക് കടന്നുവന്നു. 80 ഏക്കറോളം കുടുംബശ്രീ അംഗങ്ങൾക്ക് കൃഷി ചെയ്യാൻ സാധിച്ചു. കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും പച്ചക്കറികളും കാബേജ് , വാഴ, മരച്ചീനി എന്നിവ നല്ല രീതിയിൽ കൃഷിചെയ്യാൻ തുടങ്ങി. അവർക്ക് ഏരിയാ ഇൻസെന്റീവും പ്രൊഡക്ഷൻ ഇൻസെന്റീവും വാങ്ങിച്ചുകൊടുക്കാൻ സാധിച്ചു.

ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണക്കിറ്റുകളും വസ്ത്രങ്ങളും എത്തിക്കാൻ സാധിച്ചത്. സി ഡി എസ് മെമ്പർമാരുടെയും ചാർജ്ജ് ഓഫീസറുടെയും നല്ല ഇടപെടൽ കൊണ്ടാണ്. 135 ഓളം കുടുംബശ്രീ യൂണിറ്റുകൾ ആ സമയത്ത് ഉണ്ടായിരുന്നു. 19 വാർഡുകളിലും ഓരോ സി ഡി എസ് മെമ്പറുടെ നേതൃത്വത്തിൽ കൂടുതൽ അയൽക്കൂട്ടങ്ങൾ രൂപീകരിക്കാൻ സാധിച്ചു. ലിങ്കേജ് വായ്പയും അയൽക്കൂട്ടങ്ങളിൽ എത്തിക്കാൻ സാധിച്ചു. മാസചന്തകളും ഉത്സവചന്തകളും ജില്ലാ മിഷൻ നിർദേശിക്കുന്ന സമയത്ത് നമ്മുടെ പഞ്ചായത്തിൽ നടക്കാൻ സാധിച്ചിട്ടുണ്ട്. അതിനിടയിൽ ചെയർ

പേഴ്സൺമാർക്കുള്ള മീററിങ്ങിൽ കണ്ണൂർ പാർക്കൻസിൽ പോയാൽ എപ്പോഴും ഡി എം സി പറയും കുടുംബശ്രീ മൈക്രോസംരംഭം ചേലോറ പഞ്ചായത്തിൽ കുറവായതു കൊണ്ട് എന്നും വഴക്ക് പറയുമായിരുന്നു. ഇന്നും പറയത്തക്ക മൈക്രോസംരംഭ യൂണിറ്റ് പഞ്ചായത്തിൽ ഉള്ളത് ഒരു ന്യൂട്രിമിക്സ് മാത്രമാണ്.

ചെയർ പേഴ്സൺ ആയതുമുതൽ കൂടുതൽ സമയവും സാമൂഹിക രാഷ്ട്രീയ രംഗത്തേക്ക് പ്രവർത്തിക്കാൻ അവസരമുണ്ടായി. ജില്ലകളിൽ മാത്രമല്ല സംസ്ഥാനത്തും ട്രെയിനിങ്ങിന് പോകാൻ സാധിച്ചു. ഓരോ ട്രെയിനിങ്ങിന് പോകുമ്പോഴും കൂടുതൽ അറിവുകൾ കിട്ടാൻ സാധിച്ചു. പല ജില്ലകളിൽ നിന്നുമുള്ള സഹോദരിമാരുമായി സൗഹൃദത്തിലേർപ്പെടാൻ സാധിച്ചു. അനുഭവങ്ങൾ അന്യോന്യം പങ്കുവെക്കാൻ സാധിച്ചു. 2010 ലെ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മൂന്ന് വർഷം ചെയർപേഴ്സൺ ഭരണസമിതിയിൽ ഭരണസാരഥിയായി എന്നെ നോമിനേറ്റ് ചെയ്തപ്പോൾ ആകെ ആശങ്കയായിരുന്നു. ചെയർപേഴ്സൺ സ്ഥാനത്തുനിന്ന് രാജിവെക്കണമെന്ന് പറഞ്ഞപ്പോൾ ശരീരത്തിന്റെ ഒരു ഭാഗം അടർത്തിയെടുക്കുന്നത് പോലെ തോന്നി. സി ഡി എസ് മെമ്പർമാരുടെ പിൻബലമെനിക്ക് ഒരു ആത്മബലം കിട്ടി. എന്തായാലും പഞ്ചായത്ത് നീ ഉണ്ടാകുമ്പോൾ കുടുംബശ്രീയെ ശ്രദ്ധിക്കാൻ സാധിക്കുമല്ലോ എന്നാണ് അവർ പറഞ്ഞു. എന്തായാലും വാർഡിൽ നിന്ന് ജയിച്ച് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് സ്ഥാനത്തേക്ക് എത്തിയതിന് പിന്നിൽ എന്റെ എല്ലാ ഉയർച്ചയ്ക്കും കാരണമായത് ലോകമെമ്പാടും മാതൃകയായ ഇന്ത്യയുടെ കുടുംബശ്രീ പ്രസ്ഥാനം വന്നതുകൊണ്ട് മാത്രമാണ്. എനിക്ക് ഇന്ന് ഈ നിലയിൽ എത്താൻ സാധിച്ചു. കുടുംബശ്രീ ഇല്ലായിരുന്നെങ്കിൽ ഞാൻ ഏതെങ്കിലും ആശുപത്രിയിൽ ഒരു അസിസ്റ്റന്റ് നേഴ്സായി ജോലിയെടുക്കുന്നുണ്ടാവും. അതിനേക്കാൾ എത്രയോ വലിയതാണ് ജനങ്ങളിൽ ഇറങ്ങിച്ചെന്ന് അവരുടെ പ്രശ്നങ്ങളിൽ ഇടപെട്ട് അവരുടെ ആവശ്യങ്ങൾ നിറവേറ്റി കൊടുക്കുമ്പോൾ ഇപ്പോഴും ഒരു ചെയർപേഴ്സണായി കാണുന്നവരാണ് മിക്ക അയൽക്കൂട്ട സഹോദരിമാരും. ഇപ്പോഴും കുടുംബശ്രീയുടെ കാര്യങ്ങൾ അന്വേഷിക്കാൻ വിളിക്കുമ്പോൾ എന്തെന്നില്ലാത്ത ഒരു ഉന്മേഷമാണ് ഉണ്ടാകുന്നത്. എന്തായാലും മനസ്സിന്റെ ഉള്ളിൽ ജീവനുള്ളിടത്തോളം ഒരു കുടുംബശ്രീ അംഗമായി നിന്നുകൊണ്ട് ഉന്നതിയിൽ എത്താനാണ് ഞാൻ ആഗ്രഹിക്കുന്നത്. കള്ളവും ചതിയുമില്ലാത്ത സ്ത്രീകളുടെ നല്ല കൂട്ടായ്മയായി പ്രവർത്തിക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

ജീവിതത്തിൽ പണത്തിന് ബുദ്ധിമുട്ട് അനുഭവപ്പെട്ടപ്പോൾ എന്റെ കുടുംബശ്രീ എന്നെ സഹായിച്ചത് ഒരു ദൈവദുതനെപോലെയായിരുന്നു. കുട്ടികളുടെ പഠനത്തിനും വിദ്യാഭ്യാസത്തിനും ഒക്കെ ധനസഹായം കിട്ടിയിട്ടുണ്ട്. എന്തായാലും 10 വർഷംകൊണ്ട് കുടുംബശ്രീ അംഗങ്ങൾക്ക് നല്ലമാറ്റം സംഭവിച്ചിട്ടുണ്ട്. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്റെ സഹോദരിമാരെ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ആരും വീട്ടിൽ വെറുതെ അടുക്കളപ്പണി മാത്രം ചെയ്തിരിക്കുന്നില്ല. ചെറിയ ഒരു വരുമാനമെങ്കിലും അവർ സ്വരൂപിക്കുന്നുണ്ട്. ഇപ്പോൾ എന്റെ വാർഡിൽ എനിക്ക് 13 കുടുംബശ്രീയെ കൂടിപെടുത്താൻ സാധിച്ചിട്ടുണ്ട്. ഇനിയും സ്ത്രീകളെ അയൽക്കൂട്ടത്തിൽ എത്തിക്കാനുണ്ട്. മുഴുവൻ സ്ത്രീകളെയും ഒരു കുടക്കീഴിൽ കൊണ്ടുവരാനുണ്ട്. മാറി മാറി വരുന്ന ജനാധിപത്യഭരണ സംവിധാനങ്ങൾ നമ്മുടെ രാജ്യത്തിന്റെ നാഡീഞരമ്പുകളായ സ്ത്രീകളെ മുൻനിരയിലേക്ക് എത്തിക്കാനും അവരുടെ പ്രശ്നങ്ങളിൽ നന്നായി ഇടപെട്ട് കുടുംബശ്രീ പ്രസ്ഥാനത്തെ മുൻനിരയിൽ എത്തിക്കാൻ എല്ലാ ജനവിഭാഗങ്ങളും മുന്നോട്ട് വരേണ്ടതുണ്ട്.

കാർഷിക മേഖലയിൽ നല്ല ഒരു മാറ്റംതന്നെ ചേലോറ പഞ്ചായത്ത് അയൽക്കൂട്ട അംഗങ്ങൾ വഹിച്ചിരുന്നത് കൂടുതൽ തരിശ്പാടങ്ങൾ കൃഷിയോഗ്യമാക്കാൻ ഇനിയും സാധിക്കും. നമ്മുടെ സ്ത്രീകളുടെ ഒരുമയാണ് എല്ലാ നേട്ടത്തിനും കാരണം. എല്ലാ പ്രശ്നങ്ങളും അയൽക്കൂട്ടങ്ങളിൽ പരിഹരിക്കുന്നത്കൊണ്ട് അവിടെ വെച്ച് തന്നെ പ്രശ്നങ്ങൾ തീരുന്നു.

ഞാൻ ചെയർപേഴ്സൺ രാജിവെച്ചപ്പോൾ ചെയർപേഴ്സണായി ആരെ കണ്ടെത്തും എന്ന വേവലാതി ഉണ്ടായിട്ടില്ല. കാർഷിക മേഖലയിൽ നല്ലവണ്ണം പ്രവർത്തിക്കുന്ന പ്രസീതേച്ചിയെതന്നെ ചെയർപേഴ്സണായി തെരഞ്ഞെടുക്കാൻ സി ഡി എസിനും ഭരണസമിതിക്കും സാധിച്ചു. ഇപ്പോൾ കുടുംബശ്രീ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ പഞ്ചായത്തിന് സാധിക്കുന്നുണ്ട്. അയൽക്കൂട്ട സ്ത്രീകളെ ഇനിയും മുൻനിരയിൽ കൊണ്ടുവരാൻ ഞങ്ങൾക്ക് കഴിയും. അതിനുവേണ്ടി ഭരണസമിതിയും സി ഡി എസ് പ്രസ്ഥാനവും നല്ലവണ്ണം പ്രയത്നിക്കുന്നുണ്ട്. എന്റെ ഭരണസമിതി അംഗങ്ങൾ നല്ലവണ്ണം കുടുംബശ്രീ ശ്രദ്ധിക്കുന്നുണ്ട്.

ഠചലോറ ഗ്രാമ പഞ്ചായത്ത്

# പർദ്ദക്കുള്ളിലെ സ്ത്രീത്വം

എന്റെ പേര് സുഹറ. ഞാൻ വളരെ പാവപ്പെട്ട കുടുംബത്തിലേതാണ്. അടുക്കള യിലും അറയിലും ഒതുങ്ങി കഴിഞ്ഞ് മററു പുരുഷന്മാരോട് ഒന്ന് സംസാരിക്കുകയോ മുഖത്ത് നോക്കുവാൻ പോലും ധൈര്യം ഇല്ലാതെ മുഖംമൂടി പർദ്ദ ധരിച്ചാണ് പുറത്തി റങ്ങൽ അതും മാപ്പിളയോ, ആങ്ങളയോ ഒന്നിച്ചു വേണം. ഏതെങ്കിലും വാഹനം ഉണ്ടെങ്കിൽ മാത്രമേ പുറത്തുപോവുകയുള്ളു. കുടുംബത്തിൽ ഉള്ളവരോട് പോലും നല്ലവണ്ണം വർത്തമാനം പറയാൻ അറിയില്ലായിരുന്നു. അങ്ങനെയുള്ള ഞാൻ നമ്മുടെ വാർഡിൽ കുടുംബശ്രീ രൂപീകരിക്കുമ്പോൾ അതിൽ എല്ലാവരുടെയും നിർബന്ധത്തിൽ ഗ്രാമദീപം കുടുംബശ്രീയുടെ ഒരു അംഗമായി. 19–11–2006 ലാണ് കുടുംബശ്രീയുടെ അംഗമായത്. പിന്നീട് ചില കാര്യങ്ങളിൽ എന്നുവേണ്ട കുടുംബശ്രീയുടെ പ്രവർത്ത നവും അതിന്റെ നടപടിക്രമങ്ങൾ എന്നിവ പഞ്ചായത്ത് സി ഡി എസിൽ നിന്നും എ ഡി എസിൽ നിന്നും മനസ്സിലാക്കി. അങ്ങനെ ഞാൻ ഒരു മീററിംങിൽ പങ്കെടുത്തപ്പോൾ ചെയർ പേഴ്സൺ പറഞ്ഞു എല്ലാ കുടുംബശ്രീ അംഗങ്ങളും വരുമാനം ഉണ്ടാക്കാനുള്ള മാർഗം കണ്ടെത്തണമെന്ന് എല്ലാ വാർഡ് മീററിംങ്ങിലും പഞ്ചായത്ത് മീറ്റിങ്ങിലും പറ ഞ്ഞപ്പോൾ കുടുംബശ്രീയിൽ നിന്ന് വായ്പ എടുത്ത് പലഹാരം ഉണ്ടാക്കാൻ തുടങ്ങി അങ്ങനെ എല്ലാ വീടുകളിലും കൊടുത്തു. പിന്നീട് ബേക്കറികളിലും കൊടുക്കും. പിന്നെ ഉണ്ടാക്കുന്ന പലഹാരം തികയാതെ വരും. അവിടുന്ന് കൃഷിയിലേക്കും കാൽ നീട്ടാൻ തുടങ്ങി. ആദ്യം 50 സെന്റ് പിന്നെ 1 ഏക്കർ, 2 ഏക്കർ, 3 ഏക്കർ നെല്ല് വാഴ മര ച്ചീനീ പച്ചക്കറി എന്നിവ നടാൻ തുടങ്ങി. എനിക്ക് കൃഷിചെയ്യാൻ പോയിട്ട് ഒരു പച്ച ക്കറിയുടെ വിത്ത് പോലും എങ്ങനെയാണ് നടേണ്ടത് എന്ന് അറിയില്ലായിരുന്നു. അങ്ങനെ എന്നോടൊപ്പം എന്നെ സഹായിക്കാൻ എന്റെ കുടുംബശ്രീയിലെ കൃഷി ചെയ്യാൻ അറിയാവുന്ന ആളുകളും ഒരു യൂണിററായി മുന്നോട്ട് പോയി. ങ്ങനെ ഞാൻ ചെറിയ രീതിയിൽ കൃഷി ചെയ്യാൻ പഠിച്ചു. അങ്ങനെ എന്റെ യൂണിററിന് സ്വന്തമായി കൃഷി ചെയ്യാൻ പററിയ 65 സെന്റ് സ്ഥലം എടുക്കാൻ സാധിച്ചു. ടി വി കണ്ടും ഉറ ങ്ങിയും സമയം ചിലവഴിച്ച ഞാൻ ഇപ്പോൾ കൃഷിചെയ്യാൻ പഠിച്ചു. അത് മാത്രമല്ല സ്വന്തമായിട്ട് ഒരു സെന്റ് സ്ഥലമില്ലാത്ത എനിക്ക് കുടുംബശ്രീയിൽ ചേർന്നത് കൊണ്ട് നമ്മൾ ഓരോരുത്തർക്കും 5 സെന്റ് സ്ഥലം സ്വന്തമായി കിട്ടി. കൃഷി ചെയ്യാൻ തുടങ്ങി യതുകൊണ്ട് എനിക്കുള്ള മുട്ട് വേദന, പ്രഷർ എന്നീ രോഗങ്ങളും മാറി കിട്ടി. ഇപ്പോൾ കൈപ്പാടും കൃഷിചെയ്യാൻ തുടങ്ങി. അങ്ങനെ ഇന്ന് ഏത്കാര്യവും ആരുടെ മുന്നിൽവെച്ച് പറയാനും പ്രവർത്തിക്കാനുമുള്ള തന്റേടം ഒരു മുസ്ലീം യുവതിയായ

എനിക്ക് കൈവരിക്കാൻ സാധിച്ചു. നമ്മുടെ വാർഡിലുള്ള കുടുംബശ്രീ അംഗങ്ങൾക്ക് വേണ്ടി എവിടെ പോകാനും കാര്യങ്ങൾ സാധിച്ചെടുക്കാനുമുള്ള കഴിവ് ഇന്ന് എനിക്കുണ്ട്. അതിനുള്ള പ്രോൽസാഹനങ്ങൽ നമ്മുടെ മേൽതട്ടിൽ നിന്ന് ലഭിക്കുന്നുണ്ട്. ഇപ്പോൾ ഞാൻ ഗ്രാമദീപം കുടുംബശ്രീയുടെ പ്രസിഡണ്ടാണ്. അങ്ങനെ 3–ാം വാർഡിലുള്ള എല്ലാ കുടുംബശ്രീ അംഗങ്ങളും എ ഡി എസ് സെക്രട്ടറിയും എനിക്ക് എ ഡി എസ് ചെയർപേഴ്സന്റെ സ്ഥാനം തന്നു. അതിനു ശേഷം സി ഡി എസ് ചെയർപേഴ്സന്റേയും എ ഡി എസ് സെക്രട്ടറിയുടെയും നിർബന്ധപ്രകാരം പാപ്പിനിശ്ശേരി പഞ്ചായത്തിൽ കുടുംബശ്രീയുടെ അനുഭവങ്ങൾ പങ്കുവെക്കാൻവേണ്ടി പോയി. അനുഭവം പങ്കുവെക്കുക എന്ന് പറഞ്ഞാൽ എനിക്ക് ഒന്നും അറിയില്ലായിരുന്നു. അപ്പോൾ ഞാൻ കുടുംബശ്രീചേർന്ന മുതൽ കൃഷിചെയ്യുന്നത് വരെയുള്ള എല്ലാ കാര്യങ്ങളും പറഞ്ഞപ്പോൾ 26 പഞ്ചായത്തിലെ കുടുംബശ്രീ അംഗങ്ങളുടെ കൂട്ടത്തിൽ ഞാൻ ചെയ്യുന്ന കാര്യങ്ങൾ പറഞ്ഞ അനുഭവങ്ങളാണ് എല്ലാവർക്കും ഇഷ്ടപ്പെട്ടത്. അങ്ങനെ എനിക്ക് ഒന്നാം സ്ഥാനം ലഭിച്ചു. അതിനുശേഷം അവർ സ്റ്റേജിൽ കയറി ഈ അനുഭവങ്ങൾ ഒന്നും കൂടെ പറയണം എന്ന് എന്നോട് നിർദ്ദേശിച്ചു.എനിക്ക് പേടിയായി കാരണം ഞാൻ ജീവിതത്തിൽ ഇതുവരേയും സ്റ്റേജിൽ കയറിയിട്ടും സംസാരിച്ചിട്ടുമില്ല. അപ്പോൾ എന്റെ കൂടെവന്ന പഞ്ചായത്ത് പ്രസിഡണ്ട്, സി ഡി എസ് ചെയർപേഴ്സൺ, സെക്രട്ടറി, മെമ്പർമാർ എല്ലാവരും എനിക്ക് ധൈര്യം തന്നു. പിന്നെ ഞാൻ സ്റ്റേജിൽ കയറി സംസാരിച്ചു. ആ നേരം എനിക്ക് തടിയെല്ലാം വിറയ്ക്കുന്നുണ്ടായിരുന്നു. ആരുടെയും മുഖത്ത് നോക്കാതെ ഞാൻ ധൈര്യമായിട്ട് സംസാരിച്ചു. അന്ന് എനിക്ക് നോമ്പ് ഉണ്ടായിരുന്നു. അതിന് ശേഷം പഞ്ചായത്തിൽ ഉള്ളവർക്കും കുടുംബശ്രീക്കും നല്ല സന്തോഷമായി. ആദ്യം പഞ്ചായത്തിൽ പോയാൽ എന്തെങ്കിലും ഒരു ഫോറം പൂരിപ്പിക്കാൻ പറഞ്ഞാൽ ഞാൻ അതും വാങ്ങി വീട്ടിൽ വന്ന് ആരെകൊണ്ടെങ്കിലും പൂരിപ്പിച്ചിട്ട് പിറ്റേ ദിവസമാണ് ആ അപേക്ഷ കൊടുക്കാറുള്ളത്. ഇപ്പോൾ ഏത് ഫോമായാലും ആ സമയം തന്നെ പൂരിപ്പിച്ചും മറ്റുള്ളവർക്കും അപേക്ഷ പൂരിപ്പിച്ച് കൊടുക്കാൻ എനിക്ക് സാധിച്ചു. പിന്നെ കൃഷി ചെയ്യുന്നവരെല്ലാം കുടുംബശ്രീയിലൂടെ ജെ എൽ ജി ഗ്രൂപ്പ് രൂപീകരിച്ചു. ജെ എൽ ജി ഗ്രൂപ്പിലൂടെ നമ്മുടെ പഞ്ചായത്തിൽ നെൽകൃഷി എന്ന വിഷയത്തിൽ അനുഭവങ്ങൾ പങ്കുവെച്ചു. അവിടുന്നും ഒന്നാം സ്ഥാനം ലഭിച്ചു. അത് കഴിഞ്ഞപ്പോൾ പാനൂർ എന്ന ഒരു സ്കൂളിൽ വെച്ച് അനുഭവങ്ങൾ പങ്കുവെച്ചപ്പോൾ അവിടുന്നും ഒന്നാം സ്ഥാനം ലഭിച്ചു. അങ്ങനെ എനിക്ക് അറിയാത്ത മററുള്ള പഞ്ചായത്തിലെ കുടുംബശ്രീ അംഗങ്ങളും എന്റെ ചങ്ങാതിയായി അതിന്നുശേഷം സംഘകൃഷിയിലൂടെ സംസ്ഥാന തലത്തിൽ അനുഭവങ്ങൾ പങ്ക് വയ്ക്കാൻ പോയി.

എന്റെ ജീവിതത്തിൽ ഇതുവരെയും തൃശൂർ എന്ന നാട് ഞാൻ കണ്ടിട്ടില്ല. അങ്ങനെ കുടുംബശ്രീയിലൂടെ 14-11-2011 ന് തൃശൂർ ജില്ലയിലെ നടത്തറ പഞ്ചായത്തിൽ എത്തി. അപ്പോൾ എനിക്ക് അറിയാത്ത കുടുംബശ്രീ അംഗവും പാപ്പിനിശ്ശേരിയിൽ നിന്ന് പരിചയപ്പെട്ട അംഗങ്ങളും ഉണ്ടായിരുന്നു. അങ്ങനെ പലേ പഞ്ചായത്തിൽ ഉള്ള 12 അംഗങ്ങളും ജില്ലാ മിഷനിൽ നിന്നുള്ള അജയൻ സാറും തൃശ്ശൂറിലേക്ക് പോകാൻ കണ്ണൂരിൽനിന്നും ട്രെയിൻ കയറി. എനിക്ക് ജില്ലാ മിഷനോ അതിലുള്ള ആരെയും അറിയില്ലായിരുന്നു. അങ്ങനെയാണ് തൃശ്ശൂർ പോകാൻ പുറപ്പെട്ടത്കൊണ്ട് ഇവരെയെല്ലാം പരിചയപ്പെട്ടത്. തൃശ്ശൂർ റെയിൽവെ സ്റ്റേഷനിൽ ഇറങ്ങി. നമ്മൾ ഹോട്ടലിൽ നിന്ന് ഭക്ഷണം കഴിച്ചു. അവിടുന്ന് വാഹനത്തിൽ നടത്തറ പഞ്ചായത്തിലേക്ക് പോയി എല്ലാവരെയും പരിചയപ്പെട്ടു. ശേഷം അവിടുത്തെ ഒരു കുടുംബശ്രീ അംഗത്തിന്റെ വീട്ടിൽ താമസിക്കാൻ കൂട്ടിക്കൊണ്ടുപോയി. അവിടുന്ന് വാഹനത്തിൽ പോകുമ്പോൾ ഞാൻ എന്റെ കൂട്ടുകാരോട് പറഞ്ഞു. ഞാൻ ആദ്യമായിട്ടാണ് ഭർത്താവും മക്കളും കൂടെ ഇല്ലാതെ ഒറയ്ക്ക് വന്നത്. അതേപോലെത്തന്നെ എനിക്ക് അറിയാത്ത നാട്ടിൽ ഞാൻ ഒററക്ക് താമസിക്കുകയില്ല എന്ന് പറഞ്ഞു. അപ്പോൾ എന്റെ കൂടെയുള്ളവർ പറഞ്ഞു. നീ പേടിക്കണ്ട നമ്മൾക്ക് എല്ലാവർക്കും ഒരുമിച്ച് നിൽക്കാം. അപ്പോൾ എന്റെ പേടി മാറി. അവിടെ എത്തി അങ്ങനെ നമ്മൾ 5 പേർ ഒരു വീട്ടിൽ താമസിച്ചു. നടത്തറ പഞ്ചായത്തിൽനിന്നും കുടുംബശ്രീ അംഗത്തിന്റെ വീട്ടിൽ താമസിക്കാൻ പോകുമ്പോൾ അവിടുന്ന് ഒരു വൃക്ഷത്തൈ നടാൻ തന്നു. പിറ്റേ ദിവസം ആവീട്ടിന്റെ മുററത്ത് ആ തൈ നട്ടു. അവർ നട്ട പച്ചക്കറികൾ എല്ലാം കാണിച്ചുതന്നു.

ഒരു പുതിയ അനുഭവം ഞാൻ പറയട്ടെ. ഞാൻ ആദ്യമായിട്ടാണ് ഒരു ഹിന്ദുവിന്റെ വീട്ടിൽ താമസിച്ചത്. അവിടെ എനിക്ക് നിസ്ക്കരിക്കാൻ വേണ്ട സൗകര്യങ്ങൾ അവിടുത്തെ വീട്ടുകാരും കൂടെ താമസിച്ചവരും ഒരുക്കിത്തന്നു. നല്ല ഭക്ഷണങ്ങൾ തന്നു. അവിടുത്തെ മീററിംങ്ങിൽ കപ്പ പുഴുങ്ങിയതും കട്ടൻകാപ്പിയും കാന്താരിമുളക് അരച്ചതും ഇത് ഒരു ഇലയിൽ ആണ് മീററിംങ്ങിൽ പോയാൽ തരിക. നമ്മുടെ നാട്ടിൽ മീററിംങ്ങിൽ ചായയും എണ്ണപൊരിച്ച സാധനങ്ങളുമാണ് തരിക. ഏററവും നല്ല ഭക്ഷണം തൃശ്ശൂർ ജില്ലയിൽ കപ്പയും കാന്താരിമുളകും കട്ടൻകാപ്പിയുമാണ്. അത് പ്രത്യേകം ഒരു രസമാണ്. അങ്ങനെ 15-ാം തീയ്യതി അനുഭവങ്ങൾ പങ്കുവെയ്ക്കാൻ പോയി. നല്ല സ്വീകരണമാണ് ഉണ്ടായത്. അവിടുന്ന് രാത്രി ഓരോരു പഞ്ചായത്തിലെ കുടുംബശ്രീ അംഗങ്ങളും ഡാൻസും, മിമിക്രിയും, പാട്ടും ഉണ്ടായിരുന്നു. മീററിങ്ങിൽ തിരുവനന്തപുരം പഞ്ചായത്ത് പ്രസിഡണ്ട് ഞാൻ പറഞ്ഞ ഓരോ കാര്യങ്ങളെ പററിയും നല്ല ഒരു അഭിപ്രായം പറഞ്ഞു. അങ്ങനെ 3-ാം മത്തെ ദിവസം രാവിലെ ആ വീട്ടുകാ

രോട് യാത്രപറഞ്ഞു. എല്ലാവരും അവിടുന്ന് ട്രെയിനിൽ കയറി നാട്ടിൽ എത്തി. എനിക്ക് തൃശ്ശൂർ പോയ കുറെ അനുഭവങ്ങൾ പറയാനുണ്ട്. അതിൽ ഒരു അനുഭവം ഞാൻ പറയട്ടെ. ഞാൻ താമസിച്ച വീട്ടിൽ നിന്ന് വാഹനങ്ങളിലാണ് ഈ പരിപാടി നട ക്കുന്ന സ്ഥലത്ത് പോകേണ്ടത്. ജീവിതത്തിൽ ഇതുവരെ കയറാത്ത കയറാൻ പററാത്ത പട്ടാളക്കാരുടെ വാഹനത്തിലാണ് ഞാൻ പോയത്. അത് എനിക്ക് ഒരു പുതിയ അനുഭവ മാണ്. ഇപ്പോഴും ഞാൻ നെൽകൃഷി, വാഴ, പച്ചക്കറി, മരച്ചീനി ഇതെല്ലാം ചെയ്യുന്നുണ്ട്. ജെ എൽ ജി യിലൂടെ ജില്ലാ മിഷനിൽ നിന്നും നല്ല ആനുകൂല്യം കിട്ടിയിട്ടുമുണ്ട്. കുടും ബശ്രീയിൽ ചേർന്നത് കൊണ്ട് മാത്രമാണ് കൃഷി ചെയ്യാനും എല്ലാ നാട് കാണാനും സാധിച്ചത്. ഒരു ദിവസം ഭർത്താവിന്റെ കൈയ്യിൽ പൈസ ഇല്ലെങ്കിൽപോലും കൃഷി ചെയ്യുന്നത്കൊണ്ടു പട്ടിണി ഇല്ലാതെ ജീവിക്കാനും കുടുംബശ്രീയിൽ വരിസംഖ്യ കടമി ല്ലാതെ വെക്കാനും സാധിക്കുന്നു. കുടുംബശ്രീയിലൂടെ ലോൺ കിട്ടുന്നതുകൊണ്ടും ജെ എൽ ജി ഗ്രൂപ്പിലൂടെ ലോൺ കിട്ടുന്നതുകൊണ്ട് കൃഷിചെയ്യാൻ വളരെ സന്തോഷമാ ണ്. പിന്നെ വിസ്മയ എന്ന് പറഞ്ഞുകേട്ടത് മാത്രമേയുള്ളൂ കുടുംബശ്രീയിൽ ചേർന്നതു കൊണ്ടുമാത്രം വിസ്മയയിലും പോകാൻ സാധിച്ചു. കൃഷിയിലൂടെ അട്ട എന്ന ജീവി യേയും കാണാൻ സാധിച്ചു. ഇനിയും ഒരുപാട് അനുഭവങ്ങൾ എനിക്ക് പറയാനുണ്ട്. ഇത്രമാത്രം എന്റെ ഭർത്താവിനോട് എല്ലാ കാര്യങ്ങളും പറയുന്നതുകൊണ്ട് എനിക്ക് യാതൊരു തടസ്സവും പ്രശ്നങ്ങളും ഇല്ല. എന്നെ കുടുംബശ്രീയിൽ എത്തിച്ചവർക്കും എന്റെ പഞ്ചായത്തിലെ സി ഡി എസ് ചെയർപേഴ്സണും എ ഡി എസ് സെക്രട്ടറിയും വൈസ് ചെയർപേഴ്സണും എന്നെ തൃശ്ശൂർ നാട്ടിൽ വരെ എത്തിച്ച എല്ലാവർക്കും ഞാൻ സ്നേഹത്തോടെ നന്ദി പറയുന്നു.

എന്ന്

പി എം സുഹറ

ഗ്രാമ ദീപം കുടുംബശ്രീ

മാങ്ങാട്ടിടം

# സാന്ത്വനം

എന്റെ വീട്ടിൽ ഉമ്മാക്കും ഉപ്പാക്കും കൂടി പ്രീയപ്പെട്ട മകളായിരുന്നു ഞാൻ. ആകെ നാല് മക്കളാണ്. അതിൽ മൂന്നാമത്തെ മകളാണ് ഞാൻ . എന്റെ ജിവിതം കല്ല്യാണം കഴിയുന്നത് വരെ സ്നേഹത്തിന്റെ സ്വത്തായിരുന്നു. എനിക്ക് ഭർത്താവ് വന്നതോടെ ജീവിതം താറുമാറായി. എങ്കിലും പരമാവതി പല വിഷമതകളും സഹിച്ചു നാല് മക്കളുടെ ഉമ്മയായി. എന്റെ ഭർത്താവിന്റെ ഇഷ്ടത്തിന് മാത്രം നിന്നു ഞാൻ, എന്നാൽ നാലാമത്തെ കുഞ്ഞിന് ജന്മം നല്കിയത്തോടെ അവർ എന്നെ ഒറ്റപ്പെടുത്തി മറ്റൊരു പെണ്ണുമായി എന്നെ വിട്ട് പോയി. പിന്നീട് ഒറ്റപ്പെട്ടുപോയ ഞാൻ മരണത്തെമാത്രം ചിന്തിച്ചു നിൽക്കവെ വാർഡ് മെമ്പറും സ്ത്രീശാക്തികരണ രംഗത്ത് പ്രവൃത്തിക്കുകയും ചെയ്യുന്ന ലക്ഷ്മി ചേച്ചി വന്ന് മനസ്സിന് ആശ്വാസമേകുന്ന കാര്യങ്ങൾ പറഞ്ഞു തന്നു. നാലാമത്തെ കുഞ്ഞിന് ജന്മം നല്കിയതിന് ശേഷം ചെറിയ ചെറിയ ജോലികൾ ചെയ്ത് കുഞ്ഞുങ്ങളെ വളർത്തി. അതിനിടെ കൽ പണിക്ക് പോയപ്പോൾ കല്ല് വീണ് കൈയ്യുടെ ചൂണ്ട്വിരൽ നഷ്ടപ്പെട്ടു. പിന്നീട് വലിയ പണിക്കൊന്നും പോവാതെ ചെറിയ ചെറിയ പണിയെടുത്ത് കുട്ടികളെ വളർത്തി. ആ സമയത്താണ് കുടുംബശ്രീ കടന്നു വന്നത്. വാർഡ് മെമ്പർ അനിൽ കുമാർ കുടുംബശ്രീയിൽ വന്നാൽ എനിക്ക് കുറെ സഹായങ്ങൾ ലഭിക്കുമെന്ന് പറഞ്ഞു. അതനുസരിച്ച് 2004 ൽ കുടുംബശ്രീയിൽ അംഗമായി. കുടുംബശ്രീ അയൽകൂട്ടങ്ങളുടെ താൽപര്യപ്രകാരം എന്നെ അയൽക്കൂട്ടം സെക്രട്ടറിയാക്കി. മൂന്നാം ക്ലാസ്സ് വിദ്യാഭ്യാസം മാത്രമുള്ള ഞാൻ കുടുംബശ്രീയിലൂടെ കാര്യപ്രാപ്തി നേടി. അതിനിടെ കൂടുംബശ്രീ അംഗങ്ങളിൽ ഒരാൾ മിടാവിലോട് സ്കൂളിൽ എത്താനും അവിടെ ഒരു ഒപ്പിടുകയെ വേണ്ടു എന്ന് പറഞ്ഞത് അനുസരിച്ച് അവിടെ എത്തുകയും ഒപ്പിടുകയും ചെയ്തു. പിന്നീട് പഞ്ചായത്തൽ വരണമെന്ന് പറഞ്ഞതനുസരിച്ച് അവിടെ എത്തിയ ഞാൻ എന്റെ പേര് നാലാം വാർഡ് സിഡിഎസ് പ്രസിഡണ്ട് ൦ംല എന്ന് വിളിച്ചപ്പോൾ പാടെ ഞെട്ടി പോയി. സിഡിഎസ് ചെയർപേഴ്സൺ ബാലാമണിയെട് എനിക്ക് ഒന്നും അറിയില്ല എന്ന് പറഞ്ഞപ്പോൾ ഒന്നും അറിയേണ്ട ഒപ്പം നിന്ന് പ്രവർത്തിച്ചാൽ മതി എന്നെ ആശ്വാസിപ്പിച്ചു. പിരിഞ്ഞ് പോകാമെന്ന് ചിന്തിച്ച വിഷമഘട്ടത്തിൽ പഞ്ചായത്ത് പ്രസിഡണ്ട് പ്രസന്നയുടെ സ്നേഹത്തിലൂടെ ആശ്വാസവും ധൈര്യവും ലഭിച്ചു. ഒറ്റപ്പെട്ട അവസ്ഥയിൽ ഒരി വീടുണ്ടാക്കാൻ സഹായമായി പ്രസിഡണ്ടും വാർഡ് മെമ്പറും ധനസഹായം നല്കി. അതിനു ശേഷം കുടുംബശ്രീ ലോണായിട്ടും സമ്പാദ്യമായിട്ടും ഒരു സഹായമായ് മാറി. എന്റെ ഒറ്റപ്പെട്ട ജീവിതത്തിൽ ഏറ്റവും അധികം

മനസ്സമാധാനവും ധൈര്യവും ലഭിക്കാൻ വീണു കിട്ടിയ അവസരമാണ് കുടുംബശ്രീ. ആഴ്ചയിൽ ഒരു ദിവസമാണ് കൂടുന്നത്. മാസത്തിൽ നാല് ദിവസം. ഇടയ്ക്കിടയ്ക്ക് കുടുംബശ്രീയിൽ നിന്ന് പ്രസിഡണ്ട് വിളിക്കും. ബുദ്ധിമുട്ട് ഉണ്ടോ എന്ന് അന്വേഷിക്കും. എന്ത് പറയണം എന്റെ എല്ലാമെല്ലാമാണ് കുടുംബശ്രീ ഇന്നെനിക്ക്. പഞ്ചായത്തിൽ മീറ്റിങ്ങിൽ വന്നാൽ തന്നെ പ്രിയപ്പെട്ട കൂട്ടുകാരികൾ, എല്ലാംമറന്നുള്ള ഉല്ലാസയാത്രയാണ് കുടുംബശ്രീ. ജീവിക്കാൻ പഠിച്ച ഞാൻ മരണത്തെക്കുറിച്ച് ചിന്തിക്കാറെയില്ല. അസുഖമുണ്ടെങ്കിലും കൂടുംബശ്രീയിൽ വന്നാൽ നല്ലൊരു സാന്ത്വനം കിട്ടും. കുടുംബശ്രീ ഇന്നെനിക്ക് കരുതാണ്.

റംലത്ത് വി സി

വിജയ കുടുംബശ്രീ

നാലാം വാർഡ്

ചെമ്പിലോട് ഗ്രാമപഞ്ചായത്ത്

# സ്ത്രീ ഐക്യവേദി

എളയാവൂർ നോർത്ത് ആറാം വാർഡിൽ 11/03/2000 ൽ സ്ത്രീകളുടെ കൂട്ടായ്മ യിൽ രൂപീകരിച്ചതാണ് ഈ ഐക്യവേദി. ജനശക്തി ക്ലബ്ബിൽവെച്ച് നടന്ന പ്രാരംഭ യോഗത്തിൽ 40 അംഗങ്ങൾ പങ്കെടുത്തു. ഇതിനെക്കുറിച്ച വളരെ നല്ല രീതിയിൽ കാര്യ ങ്ങൾ അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി പുഷ്പ ടീച്ചർ പങ്കെടുത്തിരുന്നു. എന്നാൽ അടുത്തതവണ യോഗത്തിൽ പങ്കെടുത്തവർ 19 വനിതകൾ മാത്രമായിരുന്നു. എല്ലാവരുടെയും കൂട്ടായ്മയിൽ 2000 ത്തിൽ തുടങ്ങിയതാവത് കൊണ്ട് മില്ലേനിയെ എന്ന് നാമകരണം ചെയതു. ആ ഒറ്റ യോഗത്തിൽ തന്നെ ഞങ്ങളുടെ ഐക്യം തെളി ഞ്ഞിരുന്ന കാരണം മറ്റൊരു പേരിനുവേണ്ടി ആരും ഒരഭിപ്രായവും പറഞ്ഞിട്ടില്ല. എല്ലാ വരും ഇതു തന്നെ മതി എന്ന് ഒറ്റ സ്വരത്തിൽ പറഞ്ഞു.

ഈ ഐക്യത്തിന്റെ തുടക്കം അവിടെ നിന്നായിരുന്നു. അതു ഇന്ന് 12 വർഷം പിന്നിട്ടു കഴിഞ്ഞിരിക്കുന്നു. നിലവിൽ 18 പേരാണ് ഉള്ളത്. എല്ലാ ശനിയാഴ്ചയിലും വൈകുന്നേരം 5 മണിക്കാണ് കുടുംബശ്രീ ചേരുക. ശനിയാഴ്ച ദിവസം എല്ലാവർക്കും വളരെ സന്തോഷമുള്ള ദിവസമാണ്. എല്ലാവർക്കും പരസ്പരം അവരുടെ സന്തോ ഷങ്ങളും ദു:ഖങ്ങളും പങ്കുചേരുവാനുള്ള ഒരവസരവും അതോടൊപ്പം തന്നെ പ്രശ്ന ങ്ങൾക്ക് പരിഹാര മാർഗ്ഗമെന്ന നിലയിൽ ചിന്തിക്കുവാനുമുള്ള ഒരു വേദികൂടിയായി തീരുന്നു നമ്മുടെ കുടുംബശ്രീ. കാരണം കൗമാരംതൊട്ട് വാർദ്ധക്യത്തിൽ എത്തിയ വർവരെ ഒന്നിച്ചു കൂടുന്നു. പണ്ഡിതരെന്നോ പാമരരെന്നോ വ്യത്യാസമില്ലാതെ എല്ലാ വരും ഈ കൂട്ടത്തിൽ ഉണ്ട്. പണത്തിന്റെ കാര്യത്തിലും വലുപ്പ ചെറുപ്പ വ്യത്യാസം ഇല്ല. കുചേലനെന്നോ കുബേരനെന്നോ വ്യത്യാസമില്ല എല്ലാവരും ഒറ്റ കെട്ട്. അതുത ന്നെയാണ് ഞങ്ങളുടെ കുടുംബശ്രീയുടെ വിജയം. മിക്ക അംഗങ്ങളും നാല് ചുമരിനു ള്ളിൽ ഭർത്താവ് കൊണ്ടുവരുന്നത് വെച്ച് വിളമ്പി കഴിയുന്നവരായിരുന്നു. എന്നാൽ ഇന്ന് അതിൽനിന്നെല്ലാം എത്രയോ മാറ്റം വന്നിരിക്കുന്നു. 10 രൂപയിൽ നിന്നും തുട ങ്ങിയ സമ്പാദ്യമാണ് ഞങ്ങളുടേത്. ഇന്നും അതുതന്നെയാണ് ആഴ്ചയിൽ ഞങ്ങൾ വെക്കുന്നത്. ഇപ്പോൾ ഞങ്ങൾക്ക് തൊഴിൽ സംരംഭം തുടങ്ങുന്നതിന്റെ ഭാഗമായി 8000 രൂപ പഞ്ചായത്തിൽ നിന്നും സൗജന്യമായി ലഭിച്ചു. അതിന് ഞങ്ങൾ പപ്പടയൂണിറ്റ് തുടങ്ങി. ആദ്യം വീടുവീടാന്തരം കയറി വിൽപന ചെയ്തു. പിന്നീട് കച്ചവട പീടിക യിൽ കൊടുത്തു തുടങ്ങി. പക്ഷെ മഴക്കാലങ്ങളിൽ ഇത് ഉണക്കുവാനും ഇതിന്റെ സാമ

ഗ്രികൾ സൂക്ഷിക്കുവാനും പ്രയാസം അനുഭവപ്പെട്ടു. അതോടെ യൂണിറ്റിലെ ഗിരിജ എന്ന വ്യക്തി കൂൺ കൃഷി ആരംഭിച്ചു. അതിനു 3000 രൂപ കുടുംബശ്രീയിൽ നിന്നും ധനസഹായമായി ലഭിച്ചിരുന്നു. മാർക്കറ്റിങ്ങിന്റെ പ്രശ്നം വന്നപ്പോൾ അതും അവിടെ വച്ചു നിർത്തേണ്ടി വന്നു. വീണ്ടും പഴയ അവസ്ഥയിൽ എത്തിച്ചേർന്നു. ആഴ്ചയിൽ ത്രിഫ്റ്റ് വെക്കലും ലോൺ ഇടപാട് നടത്തലും മാത്രമായി. ആദ്യവർഷം 500 രൂപയിൽ വായ്പ കൊടുക്കുവാൻ തുടങ്ങി. ഇന്ന് അത് 10,000/- രൂപവരെ ഒരു വർഷത്തെ കാലയളവിൽ യാതൊരു ഈടുംവെക്കാതെ വായ്പ കൊടുത്തു വരുന്നു. വീട്ടുമുറ്റത്തെ ബേങ്കായി പ്രവർത്തിച്ചു വരുന്ന ഒരു ശൃംഖല കൂടിയാണ് നമ്മുടെ കുടുംബശ്രീ പ്രസ്ഥാനം. സംഘത്തിലെ അംഗങ്ങളുടെ വീടുകളിൽ നല്ലകാര്യം നടക്കുമ്പോഴും, വലിയ സംഭാവനയൊന്നും കൊടുക്കുന്നില്ലെങ്കിലും ഞങ്ങളാൽ കഴിയുന്ന പാരിതോഷികം കൊടുക്കുകയും എല്ലാ കാര്യത്തിലും ഞങ്ങളുടെ സഹകരണവും സജീവ പങ്കാളിത്തവും ഉറപ്പുവരുത്താറുമുണ്ട്. അതുപോലെ തന്നെ അംഗങ്ങളുടെ കുടുംബത്തിൽ മരണം സംഭവിച്ചാൽ അവിടെ കുടുംബശ്രീയുടെ പേരിൽ റീത്ത് വെക്കുകുയും അവരുടെ ദു:ഖത്തിൽ പങ്കുചേർന്ന് അവർക്ക് ഒപ്പം നിലനിൽക്കുകയും ചെയ്തിരുന്നു. അതുപോലെ അംഗങ്ങളുടെ വിഷമതകൾ മനസ്സിലാക്കി അവർക്ക് സംഘത്തിന് വരാൻ പറ്റാത്ത സാഹചര്യത്തിൽ അവരുടെ വീട്ടിൽ കുറച്ച് കാലം സ്ഥിരമായി സംഘം കൂടാറുണ്ട്. കാരണം ആൾക്ക് എപ്പോഴാണ് പ്രയാസം വരുന്നത് എന്ന് പറയാൻ കഴിയുകയില്ലല്ലോ?

കുടുംബശ്രീ വന്നതോടെ സ്ത്രീകളിൽ ധാരാളം മാറ്റങ്ങൾ വന്നിട്ടുണ്ട്. ഞങ്ങളുടെ സംഘത്തിലെ അംഗങ്ങളിൽ കുടുംബശ്രീയിൽ നിന്നും രണ്ട്പേർക്ക് അടിസ്ഥാന സൗകര്യത്തിനും മൂന്നു പേർക്ക് കിണറിന്റെ ആൾമറപണിയുന്നതിനും ആനുകൂല്യം ലഭിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യം ലഭിച്ച രണ്ട് അംഗങ്ങളും വളരെ ദാരിദ്ര കുടുംബത്തിലെ അംഗങ്ങളായിരുന്നു. പക്ഷെ അവരുടെ കുടുംബത്തിന് സ്ഥലം കുറച്ച് കൂടുതൽ ഉള്ളതുകൊണ്ട് പഞ്ചായത്തിന്റെ പദ്ധതിയിൽ അപേക്ഷ കൊടുക്കുകയല്ലാതെ ധനസഹായം ലഭിച്ചിരുന്നില്ല. ഷൈമയുടെ രോഗിയായ അച്ഛന് മലമൂത്ര വിസർജ്ജനത്തിന് വെളിയിൽ പോകുവാൻ വളരെ പ്രയാസമായിരുന്നു. കുടുംബശ്രീയിലൂടെ കക്കൂസ് നിർമ്മാണത്തിന് ആനുകൂല്യം വാങ്ങിച്ച് കൊടുക്കുകയുണ്ടായി കക്കൂസിന്റെ പണി പൂർത്തിയായപ്പോൾ ഉദ്യോഗസ്ഥരെകൂട്ടി പരിശോധനയ്ക്ക് പോയപ്പോൾ പാവം ആ അച്ഛന്റെ സന്തോഷം ഒന്നു കാണേണ്ടതായിരുന്നു. കണ്ണുകൾ ഈറനണിഞ്ഞു പോയി. അതായിരുന്നു ഞങ്ങളുടെ തുടക്കം. ഇതുപോലെ അർഹതപെട്ടവർക്ക് ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുവാനുള്ള നടപടി ചെയ്തു കൊടുക്കണമെന്ന് തീരുമാനിച്ചു.

അറിയാത്ത കാര്യങ്ങൾ മറ്റുള്ളവർക്ക് പറഞ്ഞു കൊടുക്കുകയും അവരും ഞങ്ങളെ പോലെ അറിവ് നമ്പാദിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ തീരുമാനിച്ചു. എന്നെ കുറിച്ച് എനിക്ക് പല അനുഭവങ്ങളും നിങ്ങളുടെ മുൻപിൽ പറയുവാനുണ്ട്. കുടുംബശ്രീയിലൂടെ പുറം ലോകംകണ്ട വ്യക്തിയാണ് ഞാൻ. എന്റെ പേര് വി ജ്യോതി ലക്ഷ്മി. എളയാവൂർ ഗ്രാമപഞ്ചായത്തിൽ ആറാം വാർഡിൽ 1998-ൽ വാടകയ്ക്ക് താമസത്തിനു വന്നതായിരുന്നു. ഞാനും എന്റെ ഭർത്താവും അദ്ദേഹത്തിന് അന്ന് കൂലിപണിയായിരുന്നു. ഇന്ന് ഒരു കോൺട്രാക്ടർ ആണ് അദ്ധ്വാനത്തിലൂടെയും കഠിന പരിശ്രമത്തിലൂടെയുമാണ് ഈ നിലയിൽ എത്തിയത്. ഞങ്ങൾക്ക് കുട്ടികൾ ഉണ്ടായിരുന്നില്ല. കുടുംബശ്രീയിൽ വരുന്നതുവരെ അധികരിച്ച് ആരോടും സംസാരിക്കുന്ന പ്രകൃതക്കാരിയുമല്ല. ഞാൻ വീട്ട് ജോലി കഴിഞ്ഞാൽ വാതിലും അടച്ച് അതിനുള്ളിൽ കഴിയും. കുടുംബശ്രീയിലൂടെ പുറത്തിറങ്ങി എല്ലാവരുമായി ഇടപഴകി. വാർഡിൽ തന്നെ വനിതകളുടെ ശ്രദ്ധ പിടിച്ചുപറ്റാൻ സാധിച്ചു. വാർഡിൽ പല സർവ്വേകളിലും ആരോഗ്യപരമായ കാര്യങ്ങളിലും വീടുകൾ കയറി ജനങ്ങളുമായി ഇടപെടാൻ തുടങ്ങി. അതിന്റെ ഫലമായി ഞാൻ ആദ്യം കുടുംബശ്രീയിൽ സെക്രട്ടറിയായും, എ ഡി എസ് സെക്രട്ടറിയായും, സി ഡി എസ് മെമ്പറായും, മില്ലേനിയം വനിതാ ഹോട്ടൽ മേധാവിയായും 2010 ൽ എളയാവൂർ ഗ്രാമപഞ്ചായത്ത് വികസന സ്റ്റാന്റിംങ് കമ്മറ്റി ചെയർ പേഴ്സൺ എന്ന പദവിയിൽ ഇരിക്കുവാനും കഴിഞ്ഞു. 12 വർഷം വളരെ കഷ്ടവും പ്രയാസവും ദുരിതവും അനുഭവിച്ച വ്യക്തി കൂടിയായിരുന്ന ഞാൻ ജീവിതത്തോട് പൊരുതി മുന്നേറിയ ഒരു വനിത കൂടിയാണ് ഞാൻ. എന്ന് എനിക്ക് നിങ്ങളോട് അഭിമാനത്തോടെ പറയുവാൻ കഴിയും.

2000 ൽ കുടുംബശ്രീയിൽ വന്നതോടെ എനിക്ക് വളരെ മാറ്റങ്ങൾ ഉണ്ടായി. ശനിയാഴ്ച ദിവസങ്ങളിലെ ഒത്തു ചേരൽ പല ദിശകളിലേക്കും എന്റെ ചിന്തകളെ തിരിച്ചു. പരസ്പരം നാട്ടുവിശേഷവും വീട്ടു വിശഷവും അതിനിടയിൽ കുടുംബകാര്യവും. സംഘം ചേരുമ്പോൾ ചർച്ചയിൽ വരും സന്താനലബ്ധിക്കായി ഡോക്ടറെ കാണിക്കുവാനും മരുന്ന് കഴിക്കുവാനും കുടുംബശ്രീ പ്രവർത്തകർ ഉപദേശിച്ചു. ആ ഉപദേശം സ്വീകരിച്ചതിന്റെ ഫലമായിട്ട് എനിക്ക് കുട്ടികൾ ഉണ്ടായി, ഒരാണും ഒരു പെണ്ണും. ഞാൻ ഒറ്റക്കായത് കൊണ്ട് കുടുംബശ്രീ യൂണിറ്റിന്റെ പപ്പടം പണിക്ക് വരുന്നവർ എന്റെ വീട്ടിൽ വന്ന് എന്നെ ധാരാളം സഹായിച്ചു. ഒരിക്കലും ആ കാര്യങ്ങളൊക്കെ എനിക്ക് മറക്കാൻ കഴിയാത്തതായിരുന്നു. ആദ്യത്തെ കുട്ടി കുറച്ച് വലുതായപ്പോൾ അവനെ അടുത്ത വീട്ടിലാക്കിയിട്ട് ഞാനും പലഹാരങ്ങൾ ഉണ്ടാക്കി. അവരുടെ കൂടെ വീടുവീടാ

ന്തരം കയറി വിൽക്കുവാൻ തുടങ്ങി. അതിനും വലിയ പ്രതീക്ഷയൊന്നും ഉണ്ടായിരുന്നില്ല. അതിനിടയിൽ ഞങ്ങൾ സ്വന്തമായി 5 സെന്റ് സ്ഥലമെടുക്കുകയുണ്ടായി. ജനകീയാസൂത്രണ പദ്ധതിയുടെ സഹായത്തോടെ വീടു നിർമ്മാണ പ്രവർത്തികൂടിയായപ്പോൾ വളരെ ബാധ്യതകൾ ഏറെയായി. മകനെ സ്കൂളിൽ വിടേണ്ടുന്ന പ്രായമായപ്പോൾ ഒരു നേരിയ ആശ്വാസമായി. എന്തെങ്കിലും ജോലിചെയ്ത് ഭർത്താവിനെ സഹായിക്കണം എന്ന് തോന്നലുണ്ടായി. ആ സമയത്തായിരുന്നു രണ്ടാമത്തെ കുട്ടിയുടെ ജനനം. അതുകൊണ്ട് ആ ചിന്ത ഉപേക്ഷിക്കുന്നതാണ് നല്ലത് എന്ന് തോന്നി. പണമില്ലാത്തവൻ പിണെ എന്നല്ലേ ചൊല്ല്. കാശില്ലാത്തവരെ ആർക്ക് വേണം. സ്വന്തക്കാരോ ബന്ധുക്കളോ ആരും തന്നെ ഒരു കാര്യത്തിലും ഞങ്ങളെ സഹായിക്കാൻ ഉണ്ടായിരുന്നില്ല ഈ വിഷമഘട്ടത്തിൽ കൂടപ്പിറപ്പുകൾ തിരിഞ്ഞു നോക്കാതിരിക്കുമ്പോൾ ആ കാരണം പറഞ്ഞുകൊണ്ട് ഭർത്താവിന്റെ വകയിലുള്ള കുറ്റപ്പെടുത്തൽ വേറെ. എല്ലാ കാര്യങ്ങൾക്കും ഒരാശ്വാസം ലഭിക്കുന്നത് കുടുംബശ്രീ ചേരുമ്പോഴാണ് എല്ലാ സങ്കടങ്ങളുടെയും നിവാരണത്തിനുള്ള ഒരു വേദിയായിരുന്നു. അവരെല്ലാവരും ഒരൊറ്റ സ്വരത്തിൽ പറയും ആവില്ലെങ്കിലും നിനക്ക് ഞങ്ങളെല്ലാവരും ഉണ്ട് ഒരിക്കലും നീ തളരരുത്. കുഞ്ഞുങ്ങളെ ഓർത്ത് കടുംകൈ ഒന്നും കാട്ടരുത്. ആർക്കും ഒരിക്കലും കഷ്ടപാടുകൾ മാത്രം ഉണ്ടായില്ല. നിനക്ക് ഒരു സുഖം ഉണ്ടാകും. അന്ന് എനിക്ക് ചെറിയ ഒരു വരുമാനം പോലും ഉണ്ടായിരുന്നില്ല. അതിനിടയിൽ ഭർത്താവ് അസുഖം വന്ന് ഏകദേശം രണ്ട് മാസത്തോളം ജോലിക്ക് പോകാതായി. ഇലക്ട്രിക്ക് ബിൽ വീടുകളിൽ നിന്നും ശേഖരിച്ച് ഇലക്ട്രിസിറ്റി ഓഫീസിൽ അടക്കുന്ന കാര്യം സംഘത്തിൽ ചർച്ച ചെയ്തു. ഒരു വീട്ടിൽ നിന്നും ആറ് രൂപ വാങ്ങിയിട്ട് ഒരു രൂപ സംഘത്തിലും 5 രൂപ എനിക്കും കിട്ടി. ഏകദേശം 200 രൂപയോളം കിട്ടും. മകനെ സ്കൂളിൽ വിട്ട് 6 മാസം പ്രായമുള്ള മകളെ അടുത്തവീട്ടിൽ കിടത്തി വീടുവീടാന്തരം കയറി കലക്ട് ചെയ്തു കൊണ്ടുപോയി ബിൽ തുക അടക്കും. അതിനു പുറമെ രാത്രികാലങ്ങളിൽ കുട്ടികൾ ഉറങ്ങിയാൽ ബിണ്ട്യ, നെയ്യപ്പം, അരിയുണ്ട എന്നിവ ഉണ്ടാക്കി ബേക്കറികളിൽ എത്തിക്കും. അങ്ങനെ ഞാൻ സ്വന്തമായി വരുമാനം കണ്ടെത്താൻ തുടങ്ങി. അതിനു പുറമെ മറ്റു സർവ്വേകൾ എടുക്കുവാൻ പോയി തുടങ്ങി. ഇതിനിടയിൽ സിൻഡിക്കേറ്റ് ബാങ്കിന്റെ ഒരു സർവ്വേ എടുക്കാൻ അവസരം ലഭിച്ചു. അത് ഒരു നിമിത്തം എന്നുതന്നെ പറയാം. ബേങ്കിൽ പോയി മാനേജറെ കണ്ട് സംസാരിച്ചു. പേരും മേൽവിലാസവും പറഞ്ഞപ്പോഴാണ് അദ്ദേഹം പറഞ്ഞത് നിങ്ങൾ നല്ല സമയത്താണ് വന്ന് പരിചയപ്പെടുവാൻ തോന്നിയത്. കാരണം നിങ്ങളുടെ ഭവന വായ്പ കുടിശ്ശിക അടച്ചു തീർക്കാത്തതുകൊണ്ട് ജപ്തി നടപടി സ്വീകരിക്കുന്നതിനുള്ള നീക്കം ആരംഭിച്ചു എന്ന് ഞാൻ

ഞങ്ങളുടെ എല്ലാ പ്രയാസങ്ങളും അയാളോട് പറഞ്ഞു. മാനേജർ ഞങ്ങളോട് കരുണ കാണിച്ചു. അദ്ദേഹം പിഴപലിശ ഒഴിവാക്കിക്കൊണ്ട് 6 മാസത്തെ കാലയളവിൽ കുടിശ്ശിക അടച്ചു തീർക്കേണ്ട സംവിധാനം ഒരുക്കി തന്നു. ആ നല്ല മനുഷ്യൻ കാരണം ഞങ്ങളുടെ ഭവനം ഞങ്ങൾക്ക് നഷ്ടപ്പെടാതെ വീണ്ടെടുക്കാൻ കഴിഞ്ഞു. ഞാൻ ബികോം കഴിഞ്ഞ് ടൈപ്പ് റൈറ്റിംങ് ഇംഗ്ലീഷ്, മലയാളം, ഷോർട്ട് ഹാന്റ് എന്നിവ കഴിഞ്ഞ വ്യക്തിയാണ്. നിങ്ങൾക്ക് എന്തെങ്കിലും ജോലിക്ക് ശ്രമിച്ചുകൂടെ എന്ന് എന്റെ വിദ്യാഭ്യാസ യോഗ്യത അറിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു. നല്ല കഴിവുള്ള വ്യക്തിയാണ് നിങ്ങൾക്ക് കുടുംബശ്രീയിലൂടെ എന്തെങ്കിലും തൊഴിൽ കണ്ടെത്താൻ കഴിയും. നിങ്ങൾ കണ്ടെത്തണം എന്നു പറഞ്ഞു. ആ കാര്യങ്ങൾ ഇന്നും ഞാൻ ഓർക്കാറുണ്ട്. ഒരു നേരത്തെ അന്നത്തിന് പോലും ഗതിമുട്ടി നിൽക്കുന്ന സമയത്താണ് അന്നത്തെ ഞങ്ങളുടെ വി ഇ ഒ ശൈലജ മാഡം. ഒരു സംരംഭം തുടങ്ങുന്നതിനെക്കുറിച്ച് പറഞ്ഞത് ഈ ഭാഗ്യം ഞങ്ങളെ തേടിവന്നതായിരുന്നു. അവരാണ് ഞങ്ങളെ ഈ ഹോട്ടൽ യൂനിറ്റ് തുടങ്ങാൻ പ്രേരിപ്പിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ സംഘത്തിൽ ചർച്ച ചെയ്തു. ആദ്യം വളരെ എതിർപ്പുകൾ ഉണ്ടായിരുന്നു. കാരണം 1,80,000/- ലോണും 1,20,000/- സബ്സിഡിയും ഉള്ള ലോൺ ആയിരുന്നു. അതുകൊണ്ട് തന്നെ ഇത് മറ്റുള്ളവർക്ക് ബാധ്യത ആകുമോ എന്ന് പക്ഷേ എന്തുവന്നാലും ഞാൻ നേരിടാൻ തയ്യാറാണ് എന്ന് പറഞ്ഞ് ഞാൻ തന്നെ മുന്നിട്ട് ഇറങ്ങി. ഈ കാര്യത്തിൽ എന്റെ ഭർത്താവിന്റെ പൂർണ്ണ പിന്തുണ ഉണ്ടായിരുന്നു. അതുകൊണ്ട് തന്നെ ക്വട്ടേഷൻ തയ്യാറാക്കി. ബാങ്കിൽ വേഗംതന്നെ സമർപ്പിക്കുവാൻ കഴിഞ്ഞു. ഏകദേശം ലോൺ പാസായ സമയത്താണ് അറിയുന്നത്. ഞങ്ങളുടെ ഗ്രൂപ്പിലെ മൂന്നാളുടെ പേരിൽ ഏകദേശം 25000/- രൂപ ബാധ്യത ഉണ്ടെന്ന് അത് അടച്ചാൽ മാത്രമേ ലോൺ നൽകുകയുള്ളു എന്ന്. അത് ഏത് രീതിയിൽ കൈകാര്യം ചെയ്യണമെന്ന് ചിന്തിക്കുമ്പോഴാണ് സർക്കാരിന്റെ കാർഷിക വായ്പ എഴുതി തള്ളുന്നുവെന്ന പത്രവാർത്ത കണ്ടത്. അത് ഞങ്ങൾക്ക് ഒരു അനുഗ്രഹമായി. രണ്ടാളുടെ പേര് ആ ലിസ്റ്റിൽ ഉണ്ടായിരുന്നു. അവിടെയും ഞാൻ തോറ്റു. എന്നിരുന്നാലും ഞാൻ കുടുംബശ്രീയിൽ നിന്നും വായ്പ എടുത്ത് 10,000/- രൂപ നിമിഷ നേരം കൊണ്ട് അടക്കുവാൻ കഴിഞ്ഞു. അഞ്ച് പേരടങ്ങുന്ന ടീം. ഒരു മാസത്തെ പാചക പരിശീലനത്തിന് പോയി. സ്റ്റൈപെന്റോടു കൂടിയുള്ള ക്ലാസായിരുന്നു. അതുകൊണ്ട് തന്നെ ബസ്സിന്റെ കാശിന് ഭർത്താവിനെ ആശ്രയിക്കേണ്ടി വന്നില്ല. ഏകദേശം 40 വിഭവങ്ങൾ അവിടെനിന്നും പഠിച്ചു. അതോടൊപ്പം തന്നെ ഇ ടി സി യിൽ നിന്നും ഹോട്ടൽ മാനേജ്മെന്റ് ട്രെയിനിങ്ങും, ഓറിയന്റേഷൻ ട്രെയിനിങ്ങും ലഭിച്ചു. 2008 സെപ്തംബറിൽ ലോൺ പാസായി എക്കൗണ്ടിൽ മാറി ഇതിനിടയിൽ ഞങ്ങ

ളുടെ ഒരു അംഗത്തിന്റെ കല്ല്യാണം കഴിഞ്ഞു അവൾക്ക് ഞങ്ങൾ പന്തലിൽ ഇറക്കുമ്പോൾ ഉടുക്കേണ്ട സാരിയാണ് കൊടുത്തത്. അവളുടെ ഭർത്താവിന്റെ അച്ഛൻ നല്ല മനുഷ്യനായിരുന്നു. കാരണം സ്ത്രീകളുടെ ഒരു കൂട്ടായ്മയിൽ അവരുടെ മകന്റെ ഭാര്യയും ഉള്ളതാണ്. ലോണിന് സമ്മതിക്കാതിരുന്നാൽ ഒരു കൂട്ടം സ്ത്രീകളുടെ സ്വപ്നമാണ് ഇല്ലാതാവുക എന്ന് കരുതി അവർ അവളെ ലോണിന്റെ ആവശ്യത്തിനായി വടകരയിൽ നിന്നും ഞങ്ങൾ പറഞ്ഞ സമയത്ത് തന്നെ വരുവാൻ അനുവദിച്ചു. ഇന്ന് അവൾക്ക് പകരം അവളുടെ അമ്മയാണ് സംഘത്തിലുള്ളത്. ഈ സമയത്ത് ഞങ്ങളെ നിരുത്സാഹപ്പെടുത്തുവാൻ പലരും ശ്രമിച്ചിരുന്നു. സ്ത്രീകളാണ് നല്ല രീതിയിൽ മുന്നോട്ട് പോകിലെന്നു പറഞ്ഞു. പക്ഷെ ഇത് ഒരു വെല്ലുവിളിയായി. കണക്കിലെടുത്ത് എല്ലാ പ്രതിസന്ധികളും തരണംചെയ്തു. മുന്നോട്ട് പോകുവാൻ തന്നെ തീരുമാനിച്ചു. കാരണം എന്റെ മുന്നിലുള്ള കഷ്ടപ്പാടുകൾക്ക് ഒരു മോചനം വരമാനം ഉണ്ടാക്കുക എന്ന ലക്ഷ്യം മാത്രമാണ് മാർഗ്ഗം എത്ര ദുർഗ്ഗടം പിടിച്ചതായാലും ലക്ഷ്യത്തിലെത്തണം എന്ന തന്റേടം ഇതിനകം കൈവരിച്ചിരിക്കുന്നു. എന്ന ഉറപ്പ് എനിക്കുണ്ടായിരുന്നു. ഈ സമയത്ത് ഞങ്ങളുടെ വി ഇ ഒ മാറ്റം പോയി. പുതിയ വി ഇ ഒ വന്നു. അതും ഒരു വനിതയായിരുന്നു. എന്തുകൊണ്ടെന്നറിയില്ല അവർക്കും ഞങ്ങളുടെ ഗ്രൂപ്പിനോട് വളരെ നല്ല താല്പര്യമായിരുന്നു. അടുത്ത ചുവട് വയ്പ് അവരുടെ കൂടെയായിരുന്നു. ലോൺ പാസ്സായി. പിന്നീട് ഹോട്ടൽ നടത്തുവാനുള്ള മുറിക്കുള്ള അന്വേഷണത്തിലായി. പലവരോടും ചോദിച്ചു. ഒന്ന് രണ്ട് സ്ഥലം പോയി കാണുകയും ചെയ്തു. ഞങ്ങളുടെ ലക്ഷ്യത്തിലേക്കുള്ള വഴി ആയിരുന്നില്ല അത്. ഒടുവിൽ ബ്ലോക്ക് പഞ്ചായത്ത് വനിതാ മെമ്പർ തന്നെയാണ് ചക്കരക്കല്ലിലുള്ള എസ് ജി എസ് വൈ ബിൽഡിംങ്ങിൽ ഇങ്ങനെ ഒരു സൗകര്യം ഉള്ളകാര്യം സൂചിപ്പിച്ചത്. ഞങ്ങൾ അന്നുതന്നെ ഈ കാര്യം ബ്ലോക്കിലെ എം എസിന്റെ ശ്രദ്ധയിൽപ്പെടുത്തി. അവർ പറഞ്ഞതനുസരിച്ച് ബ്ലോക്ക് സെക്രട്ടറിക്കും, പ്രസിഡണ്ടിനും അപേക്ഷ സമർപ്പിച്ചു. എസ് ജി എസ് വൈ ലോൺകൂടി ആയതുകൊണ്ട് എളുപ്പത്തിൽ കാര്യം നിർവ്വഹിക്കാൻ കഴിഞ്ഞു. എം എസിന്റെ ശക്തമായ ഇടപെടൽ മുഖാന്തിരം ഞങ്ങൾക്ക് തരുവാൻ അന്നത്തെ ഭരണസമിതി തീരുമാനിച്ച്. കെട്ടിടത്തിന് ഒരു പാട് മാറ്റം വരുത്തുവാൻ ഉണ്ടായിരുന്നു. അതിന്റെ പരിസരം വൃത്തിയാക്കാൻ അയാളെ കൂട്ടിപോയി. അവർ 2000 രൂപ വേണമെന്ന് പറഞ്ഞു ഒടുവിൽ ഞങ്ങളുടെ കുടുംബശ്രീ അംഗങ്ങൾ തന്നെ എല്ലാം വൃത്തിയാക്കി. സരോജിനി ഏച്ചിയായിരുന്നു മുൻപന്തിയിൽ ഉണ്ടായിരുന്നത്. നല്ല രീതിയിൽ ചിന്തിച്ചില്ലെങ്കിൽ 2000 രൂപ വളരെ കളയേണ്ടി വരുമായിരുന്നു. കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ ഞങ്ങൾ തന്നെ ഏറ്റെടുത്തു ചെയ്യാമെന്ന് പറഞ്ഞു. മുന്നോട്ട് വെച്ച

കാൽ പിന്നോട്ടില്ല എന്ന ആത്മവിശ്വാസത്തോടെ അറിയാത്ത മേഖലകളിൽ ഇടപെട്ട് ബിൽഡിംങ് ഒരു മാറ്റം തന്നെ വരുത്തിച്ചു. വെയിസ്ററ് റാങ്ക് പുതിയ അടുക്കള വർക്ക് ഏരിയ ഷീറ്റ് ഇട്ടു. വെള്ളത്തിന്റെ സംവിധാനം ചെയ്തു. 2009 മാർച്ച് 23ന് ഞങ്ങൾ മില്ലേനിയം വനിത ഹോട്ടൽ എന്ന പേരിൽ സ്ഥാപനം തുടങ്ങി. അങ്ങനെഎന്റെ ഒരു കൊച്ചു സ്വപ്നമായിരുന്നു പൂവണിഞ്ഞത്. ആദ്യ ദിവസം ഞങ്ങൾക്ക് ഭക്ഷണം വച്ചു തരുവാൻ ഒരാണുങ്ങൾ ഉണ്ടായിരുന്നു. എല്ലാം വളരെ നല്ല രീതിയിൽ പറഞ്ഞു തന്നു. എല്ലാവർക്കും വളരെ നല്ല രീതിയിൽ പറഞ്ഞു തന്നു. എല്ലാവർക്കും ഫീൽഡിൽ ഇറങ്ങി പ്രവർത്തിക്കാൻ മടിയായിരുന്നു. എന്നാൽ ഇന്ന് എല്ലാവരും പുറമെ ഓർഡർ സ്വീകരിച്ച് ഭക്ഷണം കൊണ്ടുപോകാൻ വരെ വളരെ തയ്യാറാണ്. ഞങ്ങളുടെ യൂണിറ്റിൽ 13 അംഗങ്ങളാണ് ഉള്ളത്. 13 എന്ന അക്കം ഒരു ശുഭലക്ഷണമല്ല. എന്ന് ഒരു ക്ലാസ്സിൽ മാസ്റ്റർ പറഞ്ഞു. പക്ഷെ ഈ മൂന്ന് വർഷം വരെ ഒരു അശുഭനിമിഷവും ഉണ്ടായില്ല എന്നതാണ് സത്യം. കാരണം അംഗം 13 ആണെങ്കിലും മനസ്സ് ഒന്നാണ്. ഒരു തടിമരവും അതിന്റെ ശാഖകളുമാണ് മില്ലേനിയം.

ഞങ്ങൾ എല്ലാവരും കൂട്ടായ് പോകുമ്പോൾ ജനങ്ങളുടെ പരിഹാസം ഇങ്ങനെയായിരുന്നു. ഇത് ആറുമാസം പോവില്ല. സ്ത്രീകളല്ലേ മുടിയും മുടിയും കൂട്ടിപ്പിടിച്ചുള്ള അടി കണ്ടു രസിക്കാമെന്ന്. എന്നാൽ ഇന്ന് അതു പറഞ്ഞ വ്യക്തികൾ തിരിച്ചു ചോദിക്കാൻ തുടങ്ങി എങ്ങനെയുണ്ട് ഹോട്ടൽ ഭംഗിയായി നടക്കുന്നില്ലെ എന്ന് കാരണം ഈ പറഞ്ഞവരുടെ ഭാര്യമാരും ആളെ വേണമെങ്കിൽ ഞങ്ങളെ വിളിക്കണം. എന്ന അവസ്ഥയിൽ എത്തിച്ചു. നമ്മൾ ഒന്നായത് കൊണ്ടാണ്. ഈ വിജയം കൈവരിച്ചത് ഞങ്ങളുടെ ഈ ഐക്യമാണ് ഞങ്ങളുടെ ശക്തി. നിലവിൽ 100 രൂപ കൂലി നിശ്ചയിച്ചു 30 രൂപയിൽ തുടങ്ങി മൂന്ന് വർഷത്തിനുള്ളിൽ ചിലവ് കഴിഞ്ഞ് 105 രൂപ കൂലിയിൽ എത്തി. സ്ഥിരമായി എടക്കാട് ബ്ലോക്കിലും അതിന്റെ കീഴിലുള്ള അഞ്ച് പഞ്ചായത്തുകളിലും പരിപാടികളിൽ ഭക്ഷണത്തിന്റെ ഓർഡർ നൽകി ഞങ്ങളെ സഹായിക്കാറുണ്ട്. ഓർഡറുള്ള ദിവസങ്ങളിൽ കൂലി 50 രൂപ മുതൽ 200 രൂപ വരെ അധികം കൊടുക്കാറുണ്ട്. തുടർച്ചയായി മൂന്ന് വർഷം ഐ ആർ ഡി പി മേളയിൽ ഹോട്ടൽ ഏറ്റെടുത്ത് നടത്തുന്നു. ആദ്യതവണ വിജയിച്ചില്ലെങ്കിലും പിന്നീട് നല്ല വിജയം കൈവരിക്കാൻ തുടങ്ങി. അതിന്റെ പൂർണ്ണ ഉത്തരവാദിത്വവും ജോലിഭാരവും എനിക്കു തന്നെയായിരുന്നു. ഈ 5 ദിവസം ഞാൻ എനിക്ക് പരമാവധി സാധനങ്ങൾ വെളുപ്പിനെ ഉണ്ടാക്കി മേളയിൽ എത്തിക്കും. പീസ് റേറ്റിൽ സാധനം കൊടുക്കും. അതിൽ എനിക്ക് ഒരു സമ്പാദിക്കാൻ കഴിഞ്ഞു. അങ്ങനെയുള്ള ദിവസം മൂന്ന് നാല് ഓർഡറുകൾ ഒരുമിച്ച് ഏറ്റെടുത്ത്

ചെയ്യാനുള്ള പ്രാപ്തി കൈവരിച്ചു കഴിഞ്ഞു. അങ്ങനെയുള്ള ദിവസം ഹോട്ടൽ ഒരു ഉത്സവപ്പറമ്പ് തന്നെയായിരിക്കും. ഏഴ് മണിക്ക് എല്ലാവരും ഹോട്ടലിൽ എത്തും. ഏകദേശം 10–12 ആൾ അന്ന് ജോലിക്കുണ്ടാകും. പരസ്പരം ചിരിയും കളിയും അതിലൂടെ ഭക്ഷണം പാകം ചെയ്യലും 12.30 ന് ശേഷം ഓരോ ഗ്രൂപ്പ് ഓരോ സ്ഥലത്ത് ഭക്ഷണം കൊണ്ടുപോയി സപ്ലൈ ചെയ്യലും. എല്ലാമായി അത് ഒരു അരങ്ങ്തന്നെയാണ്. ഇതെല്ലാം ചെയ്യുമ്പോഴും എന്റെ മനസ്സിൽ ഞാൻ ആലോചിക്കും. എനിക്ക് ഈ മനക്കരുത്തും, പെൺകരുത്തും നൽകിയത് കുടുംബശ്രീ പ്രസ്ഥാനമാണല്ലോ എന്ന്? ഇത്രമാത്രം വളരുമായിരുന്നോ എന്ന്? ഈ പ്രസ്ഥാനത്തോട് കടപ്പാടുണ്ടായിരിക്കും. 12 വർഷം മുമ്പ് 10 രൂപയ്ക്ക് പുരുഷന്മാരുടെ നേർക്ക് കൈനീട്ടിയാചിച്ച ഞങ്ങൾ ഇന്നവർക്ക് അങ്ങോട്ട് അവരുടെ ആവശ്യത്തിന് വായ്പകൊടുക്കുവാൻ തുടങ്ങിയിരിക്കുന്നു. അതുപോലെ മിച്ചമുള്ള തുക നാളെ ഞങ്ങളുടെ മക്കൾക്കുവേണ്ടി സമ്പാദിക്കുവാനും തുടങ്ങികഴിഞ്ഞു. ഇന്ന് ഞങ്ങളുടെ യൂനിറ്റിന്റെ പ്രവർത്തനം കാണുമ്പോൾ ഞങ്ങളെ പരിഹസിച്ചവർക്ക് അസൂയ തോന്നാറുണ്ട്. ഹോട്ടൽ തുടങ്ങിയത് മുതൽ വിഷുവിന് കൈനീട്ടവും, ഓണത്തിന് അരിയും പുതുവത്സരത്തിന് കേക്കും മുഴുവൻ അംഗങ്ങൾക്കും കൊടുക്കാറുണ്ട്. 13 അംഗങ്ങൾ എന്ന് പറയുമ്പോൾ ഏകദേശം 100 ന് അടുത്തോളം കുടുംബങ്ങൾ ഈ ആനുകൂല്യം കൈപ്പറ്റുന്നു. അത് ഒരു അഭിമാനം തന്നെയാണ്. എല്ല എതിർപ്പുകളും വക വയ്ക്കാനും ഞാൻ മുൻകൈ എടുത്തത്കൊണ്ട് എന്ന ആത്മ സംതൃപ്തി എനിക്ക് ഉണ്ട്. ഇതിന് പുറമെ കലാ കായിക പ്രകടനത്തിലും ഞങ്ങളുടെ യൂനിറ്റിലെ അംഗങ്ങൾ മുൻപന്തിയിൽ തന്നെയാണ്. പഞ്ചായത്ത് തലത്തിൽ തുടർച്ചയായി മൂന്ന് തവണ നടത്തമത്സരത്തിലും , കുപ്പിയിൽ വെള്ളം നിറക്കലിലും ഒന്നാം സമ്മാനം നേടിയിട്ടുണ്ട്. കുടുംബശ്രീയുടെ 13–ാം വാർഷികം പാപ്പിനിശ്ശേരി സ്കൂളിൽ വച്ച് നടന്ന 7 മത്സരങ്ങളിൽ മികച്ച സംരംഭത്തിനുള്ള അനുഭവക്കുറിപ്പിന്റെ അവാർഡ് 13 പഞ്ചായത്തിന്റെ ഇടയിൽഎളയാവൂർ ഗ്രാമപഞ്ചായത്തിന്റെ മിലേനിയം ഹോട്ടലിന്റെ അവതരണത്തിനാണ് ലഭിച്ചത്. ആ ബഹുമതിയും നേടികഴിഞ്ഞു.

ഞാൻ മെമ്പറായതോടുകൂടി ഓർഡറുകൾ കൂടുതൽ കിട്ടുവാൻ തുടങ്ങി. പഞ്ചായത്ത് പരിപാടിക്ക് പുറമെ 300 പേരുടെ കുടുംബ സംഗമം, സ്കൂൾ വാർഷികപരിപാടി, നിശ്ചയം, ചരമാടിയന്തിരം, ഗൃഹപ്രവേശനം, ഒരമ്മൂമ്മയുടെ പിറന്നാൾ ആഘോഷം, വിരമിക്കുന്നവരുടെ പാർട്ടി എന്നീ വേളകളിൽ ഞങ്ങൾ ഓർഡറിന് അനുസരിച്ച് ഭക്ഷണം എത്തിച്ചു കൊടുക്കാറുണ്ട്. സ്കൂൾ വാർഷികത്തിന് രണ്ട് തവണയായി 1200 പേർക്ക് പച്ചക്കറി ബിരിയാണിയും അതിനു പുറമെ ആവശ്യക്കാർക്ക് സ്റ്റാൾകെട്ടി ചായയും പലഹാരവും കൊടുക്കുന്നു. അന്നത്തെ അനുഭവം ഒന്നും തന്നെ മറക്കാൻ പറ്റാത്ത

താണ്. ഒന്ന് രണ്ട് സമ്മേളനം നടക്കുന്ന സ്ഥലങ്ങളിൽ അവിടെ പോയിട്ട് ഭക്ഷണം പാകം ചെയ്തു നൽകാറുണ്ട്. അതുപോലെ കിലയുടെ പരിപാടിക്ക് 300 ഭക്ഷണം കൊണ്ടുപോകാൻ ജീപ്പ് കിട്ടാകെ ഞങ്ങൾ ടെമ്പോ വാൻ ആണ് കൊണ്ടുപോയത്. മീനമാസത്തെ ചൂടു സഹിച്ചാണ് എല്ലാവരും വാനിന്റെ മുകളിൽ കയറി ഇരുന്ന് പോയത് ചിന്തിക്കാൻ കൂടി പറ്റില്ല. ചെയ്യുന്ന ജോലിക്ക് മാന്യത കല്പിക്കുന്നത് കൊണ്ട് യാതൊരു മടിയും ഉണ്ടായിരുന്നില്ല. ഇപ്പോൾ അടുത്തകാലത്ത് 350 ആളുടെ കുടുംബസംഗമത്തിന്റെ ഭക്ഷണം ഞങ്ങൾ ഉണ്ടാക്കി കൊണ്ടുപോയി. ഏകദേശം 500 ആളുടെ ഭക്ഷണം വരെ ഞങ്ങൾ ഇതുവരെ വെച്ചു നൽകി കഴിഞ്ഞു. ചിരട്ടയിൽ വെച്ചു ഉച്ചുളികൊണ്ട് വിളമ്പിയ ഞങ്ങൾ ഇന്ന് വലിയ വള്ളത്തിൽ വച്ചു വിളമ്പാൻവരെ പ്രാപ്തരായി. ഇതിനുപുറമെ ഞാൻ വീട്ടിൽ നിന്നും ഓർഡർ എടുത്ത് പച്ചക്കറി ബിരിയാണി, കല്ലുമ്മക്കായ അച്ചാർ, മത്തി അച്ചാർ, പലഹാരങ്ങൾ എന്നിവ ഉണ്ടാക്കി കൊടുക്കാറുണ്ട്. അതിലൂടെ നല്ല വരുമാനം കണ്ടെത്തുന്നുണ്ട്. ഈ സമ്പാദ്യം കൊണ്ട് ഞാൻ വീട്ടുപകരണങ്ങൾ വാങ്ങിക്കുകയും ചെയ്തു. വീടുപണി തീർക്കുന്നതിനു വേണ്ടി ഭർത്താവിനെ സഹായിക്കുവാൻ കഴിഞ്ഞു. ഞങ്ങളുടെ ആദ്യലക്ഷ്യം പിടിച്ചു പിടിച്ചു നിൽക്കണമെന്നായിരുന്നു അതുനേടി. അടുത്ത ലക്ഷ്യം സ്വന്തമായി ഭക്ഷണം കൊണ്ടുപോകുവാൻ ഒരു വാഹനമാണ്. അതിനുള്ള പരിശ്രമം ആരംഭിച്ചു. ഇതിനെല്ലാം ഞങ്ങളോട് സഹകരിച്ചവരോടും സഹായിച്ചവരോടും ഈ വേളയിൽ നന്ദിയും കടപ്പാടും അറിയിക്കുകയാണ്. ഇതിൽ നിന്നും എനിക്ക് ഒന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ഒരു സ്ത്രീ എന്ന് പറയുന്നത് ഒരു വീടിന്റെ വിളക്കാണ്, ഐശ്വര്യമാണ്, ധനമാണ്, അതിലുപരി നല്ലൊരു ഭാര്യയാണ്, നല്ലൊരു അമ്മയാണ്. ഈ നന്മകളെല്ലാം ഒത്തു ചേരണമെങ്കിൽ കുടുംബശ്രീയിൽ ഒരു അംഗവും കൂടിയായിരിക്കണം. കാരണം പരസ്പര ചർച്ചകളിലൂടെ മാത്രമെ ഞങ്ങളുടെ പോരായ്മകൾ പരിഹരിച്ച് മുന്നോട്ട് പോകുവാൻ കഴിയുകയുള്ളു. 12 വർഷം പിന്നിട്ടുള്ള അവസ്ഥയിൽ ഇതെല്ലാം ഞാൻ നേടിയത് കുടുംബശ്രീയിലൂടെയാണ്. ഇതിനു പുറമെ ഞങ്ങൾ എല്ലാവരും ക്ഷേത്ര ദർശനത്തിനും പോകാറുണ്ട്. സ്ത്രീ ശാക്തീകരണത്തിന്റെ സംഘടിത ശക്തിയാണ് ഇതിലൂടെ പ്രകടമാകുന്നത്. ആത്മാർത്ഥതയും ഒത്തൊരുമയും ഉണ്ടെങ്കിൽ ഏതു കാര്യവും നമ്മുക്കു നിഷ്പ്രയാസം ആകുമെന്നതിന്റെ മാതൃകയാണ് ഞങ്ങളുടെ സർവ്വസ്വമായ മില്ലേനിയം.

വി ജ്യോതിലക്ഷ്മി
മില്ലേനിയം
7–ാം വാർഡ്
എളയാവൂർ ഗ്രാമപഞ്ചായത്ത്

# ഒരു തുള്ളി കണ്ണു നീരുമായി എന്നും ഓർക്കുന്നു.

ആദ്യമായി പറയട്ടെ പള്ളിയാംമൂല ഗുരുശ്രീ കുടുംബശ്രീയിലെ പ്രസിഡന്റായിരിക്കുന്ന എനിക്ക് കുടുംബശ്രീയിലൂടെ കൈവന്ന സൗഭാഗ്യമാണ് ഈ പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേർസൺ സ്ഥാനം. മുൻ പഞ്ചായത്ത് ഭരണകാലമാണ് എന്റെ ഈ തിളക്കമാർന്ന അംഗീകാരം ലഭിക്കുവാൻ എന്നെ സഹായിച്ചത്. തുടക്കത്തിൽ വളരെ ഉത്സാഹത്തോടെ പ്രവർത്തിച്ച കുടുംബശ്രീയിലൂടെ പലതരം അപ്പം, പൊട്ടിയപ്പം, മുതലായവ ഉണ്ടാക്കിയിരുന്നു. മോശമല്ലാത്ത ലാഭവും ലഭിച്ചിരുന്നു, പിന്നീട് എല്ലാവരുടെയും പൂർണ്ണ സഹകരണം ലഭിക്കാത്തതിനാൽ അത് ക്രമേണ നിലച്ചു. ആ കാലങ്ങളിൽ അപ്പവും മറ്റും പേക്ക് ചെയ്യുവാൻ അസുഖം പിടിപെട്ട് വീട്ടിലിരുക്കുന്ന എന്റെ ഭർത്താവിന് വളരെ ഉത്സാഹമായിരുന്നു. പക്ഷാഘാതം കാരണം പുറത്ത് ജോലിക്ക് പോകാൻ പറ്റാത്ത അവസ്ഥയിലായിരുന്നു. എങ്കിലും അവരെ വീട്ടിലാക്കി അത്യാവശ്യം കുടുംബശ്രീ മീറ്റിംഗിനും മറ്റും പോയി വരാറുണ്ടായിരുന്നു. ജോലി ചെയ്യാൻ പറ്റാത്ത അവസ്ഥയായതിനാലും വേറെ വരുമാനം ഒന്നും ഇല്ലാത്തതിനാലും കുടുംബശ്രീയിൽ നിന്നും വായ്പ എടുത്ത് അത് വർദ്ധിച്ചു വന്നു. രണ്ട് ആൺകുട്ടികളുടെ പഠനവും നടക്കുന്ന സമയമാണ് അങ്ങിനെ പെട്ടെന്ന് ഭർത്താവിന്റെ അസുഖം വർദ്ധിച്ച് ഈ ലോകത്തോട് വിട പറഞ്ഞു. പിന്നീട് വീട്ടിൽ നിന്ന് പുറത്തിറങ്ങാത്ത എനിക്ക് കുടുംബശ്രീയുടെ ബേങ്ക് ആവശ്യത്തിലേക്കാണ് ആദ്യമായി പടിയിറങ്ങേണ്ടി വന്നത്. വായ്പ തിരിച്ചടക്കുവാൻ വളരെ പാടുപെടുന്ന സമയം മറ്റ് ചില അംഗങ്ങളുടെ അമർഷവും ദേഷ്യവും എല്ലാം സഹിക്കേണ്ടി വന്നു. ഒടുവിൽ വേറെ പലരോടും വാങ്ങി തത്ക്കാലം ദുഷിപ്പിന് ഒരു വിരാമമിട്ടു. എങ്കിലും ചെറിയ പലിശയ്ക്ക് പണം വായ്പയെടുക്കുവാൻ സൗകര്യപ്രദമായ കുടുംബശ്രീ മൂലം വലിയ പ്രശ്നങ്ങൾ ഒഴിവായി.

അഴീക്കോട് നീർക്കടവിൽ ജനിച്ച് വളർന്ന് വിവാഹശേഷം കണ്ണൂർ ടൗണിൽ ജീവിച്ച് പിന്നീട് ഇവിടെ സ്വന്തമായി വീടെടുത്ത എനിക്ക് ജീവിത വഴിയിൽ ഒരിക്കൽപോലും സങ്കൽപിക്കുകപോലും ചെയ്തിട്ടില്ലാത്ത ഒരു മഹാഭാഗ്യമാണ് പഞ്ചായത്തിലെ ഈ പദവി. ഒരു കാലത്ത് ശ്രദ്ധിക്കാത്ത ചില കുടുംബക്കാർ പോലും വളരെയധികം സ്നേഹത്തോടെ പെരുമാറുവാൻ തുടങ്ങിയതും ഈ ഒരു കാരണത്താലാണ്. മറ്റുള്ളവരുടെ വിഷമം മനസ്സിലാക്കി പഞ്ചായത്ത് വഴി ചെയ്യുവാൻ പറ്റുന്ന സഹായം ചെയ്ത് കൊടുക്കുവാനും അർഹതപ്പെട്ടവരുടെ ആനുകൂല്യങ്ങൾ വാങ്ങിക്കൊടുക്കുവാനും പ്രത്യേകം ശ്രദ്ധിക്കുവാൻ കഴിയുന്നുണ്ട്. കുടുംബശ്രീയുടെ സൗകര്യങ്ങളും

മറ്റും വിശദീകരിച്ച് കൊടുത്ത് പലരേയും കുടുംബശ്രീ തുടങ്ങുവാൻ പ്രേരിപ്പിച്ചു. അതിന് ഒരു ഉദാഹരമാണ് അടുത്ത പഞ്ചായത്തായചിറക്കൽ പഞ്ചായത്തിൽ എന്റെ സഹോദരി ആരംഭിച്ച കുടുംബശ്രീ. പഞ്ചായത്തിലെ ഈ പദവിയിൽ അഭിമാനിക്കുമ്പോഴും കുടുംബശ്രീ അംഗമെന്ന നിലയിൽ അന്നത്തെ വാർഡ് മെമ്പറോടൊപ്പം ബി പി എൽ സർവ്വെ എടുക്കുവാൻ അടുത്ത വീട്ടിൽ പോയ സമയത്ത് എന്റെ ഭർത്താവ് അസുഖം കൂടി ചർദ്ദി വന്ന് സ്ഥിതി വഷളായി ഉടനെ ഞാനെത്തി ഹോസ്പിറ്റലിൽ കൊണ്ടു പോയെങ്കിലും രക്ഷിക്കാനായില്ല, അന്നത്തെ ആ അവസ്ഥ എന്റെ മനസ്സിൽ എന്റെ ജീവനുള്ള കാലം വരെ മങ്ങാതെ ഒരു കണ്ണുനീർ തുള്ളിയായി നിലനിൽക്കും.

കെ പി അനിത

പള്ളിക്കുന്ന് പഞ്ചായത്ത്

# എന്നെ ധീരവനിതയാക്കി

എന്റെ പേര് ഫൗസിയ.  ഞാൻ വളപട്ടണം ഗ്രാമപഞ്ചായക്കിൽ ഒന്നാം വാർഡിലെ ലാവണ്യ കുടുംബശ്രീ അംഗമാണ്.  2001 മാർച്ച് മാസമാണ് ഞാൻ കുടുംബശ്രീയിൽ അംഗമായത്.  ഞാൻ കുടുംബശ്രീയിലേക്ക് കടന്നുവരാൻ കാരണം അന്നത്തെ വാർഡു മെമ്പറും ഇന്നത്തെ നമ്മുടെ പഞ്ചായത്ത് പ്രസിഡണ്ടായ ശ്രീ. അബ്ദുറഹ്മാൻ അവർക ളാണ്.  അതിന് മുമ്പ് എനിക്ക് എല്ലാറ്റിനും മടിയായിരുന്നു.  അന്ന് മുതൽ ഞാൻ കുടും ബശ്രീയുടെ പ്രസിഡണ്ടായും. സെക്രട്ടറിയായും മാറി മാറി ചുമതലയേററു.  ശേഷം എ ഡി എസ് അംഗമായും സി ഡി എസ് മെമ്പറായും ചുമതലയേറ്റു.  2 വർഷമായി സി ഡി എസ് മെമ്പറായി തുടരുന്നു. അതിനു ശേഷം എന്റെ ജീവിതത്തിനു തന്നെ ഒരു മാറ്റം വന്നു.  ഏതിനും ധൈര്യം ഉണ്ടെങ്കിലും അത് പ്രകടിപ്പിക്കാൻ കഴിയാറില്ലായിരുന്നു. അങ്ങനെ ആറ് മാസം കഴിഞ്ഞതിനു ശേഷം കുടുംബശ്രീ ഗ്രേഡിംങ്ങ് കഴിഞ്ഞു. അതിനു ശേഷം ഞങ്ങൾ അഞ്ച് പേർ ചേർന്ന് ഒരു ടൈലറിംങ്ങ് യൂണിറ്റ് ആരംഭിച്ചു. അത് ആരംഭിക്കുന്നതിനുള്ള ഫണ്ട് കുടുംബശ്രീ എസ് സി എ ഫണ്ടിൽ നിന്നും ലഭിച്ചു. ടൈലറിംങ്ങ് യൂണിറ്റിൽ നിന്നും കിട്ടുന്ന വരുമാനം കൊണ്ട് ഒരു വിധം നല്ല രീതിയിൽ കഴിഞ്ഞുപോയിരുന്നു.

ടൈലറിംങ്ങ്  യൂണിറ്റ് ആരംഭിക്കുന്നതിന് അന്നത്തെ വി ഇ ഒ ശ്രീ.ഗണേശൻ സാറും കുടുംബശ്രീ സി ഡി എസ് ചെയർപേഴ്സൺ മനോരമയും വളരെയേറെ സഹായിച്ചിട്ടു ണ്ട്.  അങ്ങനെ നല്ല രീതിയിൽ കാര്യങ്ങൾ നടന്നു പോകുമ്പോഴാണ് അപ്രതീക്ഷിതമായി ഒരു സംഭവം നടന്നു.  എന്റെ ഭർത്താവിന്റെ മരണം അത് എന്നെ ആകെ തളർത്തിയിരു ന്നു.  എന്റെ വീട് പണി ആരംഭിച്ച സമയമായിരുന്നു.  വീട്പണി പകുതി വഴിക്ക് നിർത്തിവച്ചു.  മൂന്നു കുട്ടികളായിരുന്നു അവരുടെ വിദ്യാഭ്യാസം അവരെ എങ്ങനെ പോറ്റും എന്നൊക്കെയോർത്ത് വിഷമിച്ചിരിക്കുമ്പോൾ ഇന്നത്തെ കുടുംബശ്രീ സി ഡി എസ് ചെയർപേഴ്സണും, എന്റെ കുടുംബശ്രീ അംഗങ്ങളും വാർഡ് മെമ്പറും എന്നെ സാന്ത്വനിപ്പിക്കുകയും ധൈര്യം പകരുകയും ചെയ്തു.  കൂടാതെ കുടുംബശ്രീയിലൂടെ കിട്ടിയ ധൈര്യവും അറിവും കൊണ്ട് ഞാൻ ജീവിതത്തിലേക്ക് തിരിച്ചു വന്നു. വീട്പണി പൂർത്തിയാക്കാൻ പഞ്ചായത്തിൽനിന്നും ധനസഹായം കിട്ടി.  ആ തുകകൊണ്ട് ഞാൻ വീട്പണി ഒരുവിധം പൂർത്തിയാക്കി.  കൂടാതെ പഞ്ചായ ത്തിൽനിന്നും പശുപളർത്തൽ ആനുകൂല്യം കിട്ടി.  പശുവിനെ വളർത്തി പാൽ വില്പന നടത്തി കിട്ടിയ വരുമാനം കൊണ്ട് ഞാനും മക്കളും ജീവിച്ചു പോന്നു.  ഈ കുടുംബ

ശ്രീ പ്രസ്ഥാനത്തിൽ നിന്നും കിട്ടിയ ആത്മവിശ്വാസവും, തന്റേടവും കൊണ്ട് മാത്രമാണ് എന്നെ ജീവിക്കാൻ പഠിപ്പിച്ചത്.

കുടുംബശ്രീയിലൂടെ കിട്ടിയ നിയമങ്ങളെക്കുറിച്ചുള്ള ക്ലാസുകൾ, ആരോഗ്യപരമായ ക്ലാസുകൾ, തൊഴിലുറപ്പിനെ പറ്റിയുള്ള ക്ലാസുകൾ ഇതൊക്കെ എനിക്ക് വളരെ പ്രയോജനകരമായി. കുടുംബശ്രീ കുടുംബശ്രീ അംഗമായില്ലെങ്കിൽ ഇതൊന്നും എനിക്ക് അറിയില്ലായിരുന്നു.

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി തൊഴിൽകാർഡെടുത്തിരുന്നു. ഏത് വാർഡിലാണെങ്കിലും ഞാൻ കൃത്യതയോടെ പോയി തൊഴിലെടുത്തിരുന്നു നല്ല വരുമാനം ലഭിച്ചിരുന്നു.

പിന്നീട് പഞ്ചായത്ത് പ്ലാസ്ററിക്ക് മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട് രണ്ട് വനിതകൾക്ക് ഡ്രൈവിംങ് പരിശീലനം നൽകുന്നുവെന്നറിഞ്ഞു. വളപട്ടണം പഞ്ചായത്തിലെ വനിതകളാരും ഈ രംഗത്ത് വരാത്തതിനാൽ സി ഡി എസ് ചെയർപേഴ്സൺ കെ വി മോഹിനി എന്നോട് ഈ കാര്യം പറഞ്ഞപ്പോൾ ധൈര്യപൂർവ്വം ഞാൻ മുന്നോട്ട് വരികയും ചെയ്തു. ഡ്രൈവിംങ് പരിശീലനത്തിന് പോകുമ്പോൾ വീട്ടിൽ നിന്ന് ഒരു പാട് എതിർപ്പുകൾ ഉണ്ടായി. അതൊക്കെ അവഗണിച്ച് കൊണ്ട് ഞാൻ പറഞ്ഞ് – ഞാൻ തയ്യാറാണ്, ആരുടെയും എതിർപ്പ് പ്രശ്നമല്ല മാന്യമായ തൊഴിൽ ചെയ്യുന്നതിന് എനിക്ക ആരേയും ഭയമില്ല. ഒരു മുസ്ലീം സ്ത്രീയായ ഞാൻ ഈ രംഗത്ത് വരുന്നതു കൊണ്ട് ഒരുപാട് എതിർപ്പുകൾ നാട്ടുകാരുടെ ഇടയിൽ നിന്നും ഉണ്ടായിരുന്നു. എതിർപ്പുകളൊന്നും ഞാൻ കാര്യമാക്കിയില്ല. മക്കളെ വിവാഹം കഴിക്കാൻ ആള് വരില്ലെന്ന് വരെ പറഞ്ഞു പേടിപ്പിച്ചു. അങ്ങനെ ഒരു അഭിപ്രായം പറഞ്ഞവരോട് ഞാൻ നല്ലൊരു മറുപടി നൽകി. എന്റെ ജീവിതസാഹചര്യങ്ങൾ അറിഞ്ഞുകൊണ്ട് അംഗീകരിക്കുന്നവർ മാത്രം എന്റെ മക്കളെ കെട്ടിയാൽ മതിയെന്ന് പറഞ്ഞു. അങ്ങനെ ഞാൻ ഓട്ടോ ഡ്രൈവിംഗ് പഠിച്ചു. ലൈസൻസ് കരസ്ഥമാക്കി. അതിനുശേഷം സ്കൂട്ടറിന്റെ ഡ്രൈവിംഗ് പരിശീനത്തിന് പോയി. അതിന്റെ ലൈസൻസും കരസ്ഥമാക്കി. അങ്ങനെ എന്റെ ഉപജീവന മാർഗ്ഗമായ പാൽ വില്പന സ്ക്കൂട്ടറിൽ പോയി വീടുംതോറും നടത്തി.

ഇപ്പോൾ വളപട്ടണം പഞ്ചായത്ത് പ്ലാസ്റ്റിക്–മാലിന്യങ്ങൾ ശേഖരിക്കുന്ന വണ്ടി ഡ്രൈവർ ആണ് ഞാൻ. ഇതിനൊക്കെ പ്രചോദനവും സഹായവും ചെയ്ത് തന്നത് പഞ്ചായത്തും സി ഡി എസ്സുമാണ്. ഇതിന്റെ പിന്നിൽ ധൈര്യവും, ആത്മവിശ്വാസവും കരുത്തും തന്നത് കുടുംബശ്രീയിലൂടെയാണ് ഇതൊക്കെ ഞാൻ ചെയ്യുമ്പോൾ എന്റെ സഹപ്രവർത്തകരുടെ പ്രോൽസാഹനം അതിലേറെയുണ്ടായിരുന്നു.

അങ്ങനെ കഴിഞ്ഞ വനിതാ ദിനമായ മാർച്ച് 8–ന് വളപട്ടണത്തെ ധീരവനിത എന്ന അംഗീകാരം തന്ന് സി ഡി എസ് എന്നെ ആദരിച്ചു. അത് എന്റെ ജീവിതത്തിലെ മറക്കാനാവാത്ത ഒരു മുഹൂർത്തമാണ്. ഇന്ന് ഞാൻ മാന്യതയോടെ പ്ലാസ്റ്റിക് മാലിന്യശേഖരണ വണ്ടി ഓടിക്കുന്നു. 2500 രൂപ വരുമാനം കിട്ടുന്നു. കൂടാതെ പശു വളർത്തലിൽ നിന്നും കിട്ടുന്ന വരുമാനവും കൊണ്ട് ഞാനും മക്കളും സുഖമായി ജീവിക്കുന്നു. ഇപ്പോൾ പെൺമക്കളുടെ കല്യാണവും കഴിഞ്ഞു. ഈ സൗഭാഗ്യം ഒക്കെ തന്ന് സഹായിച്ച കുടുംബശ്രീ പ്രസ്ഥാനത്തിനോട് തീർത്താൽ തീരാത്ത കടപ്പാടുണ്ട്. നിർത്തട്ടെ.

ഫൗസിയ എം

വളപ്പട്ടണം ഗ്രാമപഞ്ചായത്ത്

വാർഡ് –1

ലാവണ്യ കുടുംബശ്രീ

# വേനൽമഴ

2004 ഡിസംബർ 19–ാം തീയ്യതിയാണ് എന്റെ കുടുംബശ്രീ രൂപീകരിച്ചത്. ഇതിനു മുൻപുള്ള എന്റെ ഒരനുഭവം ഇവിടെ വിവരിക്കട്ടെ. എന്റെ കുടുംബം ആദ്യം നല്ല രീതിയിൽ മുന്നോട്ട് പോയികൊണ്ടിരുന്നു. എന്റെ ഭർത്താവിന് വേസ്റ്റേൺ ഇന്ത്യ പ്ലൈവുഡിൽ ജോലിയായിരുന്നു. എന്റെ മകൻ എസ് എസ് എൽ സിയും മകൾ ബികോം വരെയും പഠിച്ചു. മകന് ഗൾഫിലേക്ക് പോകാൻ ഒരു വിസകിട്ടി. പണം ഇല്ലാതെ ബുദ്ധിമുട്ടുകൾ പലതും വന്നു. ജോലി രാജിവെച്ച് കിട്ടിയ പൈസകൊണ്ട് മകനെ ഗൾഫിലേക്കയച്ചു. അവിടെ ജോലി എടുത്തുകൊണ്ടിരിക്കെ മകൾക്ക് കല്യാണാലോചന വന്നു. അച്ഛനും മകനും കൂടി മകളുടെ കല്യാണം ഭംഗിയായി നടത്തി. മകന് നാട്ടിൽ എത്താൻ പററിയില്ലെങ്കിലും വേണ്ടതെല്ലാം ചെയ്തു. 7 കൊല്ലത്തിനുശേഷം മകൻ നാട്ടിൽ വരുന്നുണ്ടെന്നറിഞ്ഞ് എനിക്ക് വളരെ സന്തോഷമായി. ടിക്കററ് എടുത്തു അതിൽ തീയ്യതി അടിക്കുകയേവേണ്ടൂ എന്ന് കത്തിലുണ്ടായിരുന്നു. രണ്ടാഴ്ച കഴിഞ്ഞതിന് ശേഷം ഞങ്ങൾക്ക് വിവരം കിട്ടുന്നു മകൻ മരിച്ചു എന്ന്. അതോടെ എന്റെ സമനില തെററി, ഞാൻ കണ്ണൂർ ജില്ലാ ആശുപത്രിയിൽ ഏകനാഥൻ ഡോക്ടറുടെ ചികിത്സയിലായി. അതിൽ നിന്ന് കുറെമാററം വന്നുവെങ്കിലും എനിക്ക് ആരോടും സംസാരിക്കുവാനോ മുഖത്ത് നോക്കുവാനോ ധൈര്യമില്ലായിരുന്നു. വീട്ടിനുള്ളിൽ കരഞ്ഞുകൊണ്ടിരുന്നു. എന്നാൽ എന്റെ അയൽവാസികളും നാട്ടുകാരും എന്നെ പുറത്തിറക്കാൻ ശ്രമിച്ചു. അങ്ങനെ ഒരു കുടുംബശ്രീയിൽ എന്നെ ചേർക്കുകയും ചെയ്തു. കുടുംബശ്രീ ചെയർപേഴ്സൺ വത്സല, മെമ്പർ സെക്രട്ടറി ശ്രീജചേച്ചിയും വാർഡ് മെമ്പറും ചേർന്ന് എന്റെ വീട്ടിൽ തന്നെ മീററിംഗ് ചേർന്നു. എനിക്ക് കുടുംബശ്രീയെപ്പററി ഒന്നും അറിയില്ല. എല്ലാവരും കൂടി എന്നെ പ്രസിഡണ്ടായി തെരഞ്ഞെടുത്തു. സെക്രട്ടറിയായ ശ്യാമളയുടെ കൂടെ പഞ്ചായത്തിൽ വന്ന് എല്ലാവരേയും പരിചയപ്പെടാനും പല മീററിംഗിൽ പങ്കെടുക്കുവാനും അവസരം ലഭിച്ചു. കുടുംബശ്രീയിൽ വന്നതിനു ശേഷം എന്റെ പേടിയും ഭയവും മാറി. എല്ലാവരുമായി സഹകരിച്ചു പ്രവർത്തിക്കുകയും കൂടിചെയ്തപ്പോൾ എന്റെ ദു:ഖം മറക്കുകയായിരുന്നു. അങ്ങിനെ പല സ്ഥലത്തും ട്രെയിനിംഗ് നടന്നു. ഇ ടി സി യിൽ കൂൺ കൃഷിയുടെ പരിശീലനക്ലാസിൽ അവിടെ താമസിച്ചുകൊണ്ടുള്ള ക്ലാസിൽ പങ്കെടുത്തതിനു ശേഷം ഞാൻ വീട്ടിൽ കൂൺ കൃഷിചെയ്യുകയും അതിൽ വിജയിക്കുകയും ചെയ്തു. കോഴിക്കോട് പുൽപാടി എന്ന സ്ഥലത്ത് 4 ദിവസത്തെ ആക്ഷൻ പ്ലാനുമായി ബന്ധപ്പെട്ട ക്ലാസിൽ പങ്കെടുക്കുവാനും സാധിച്ചു.

ഇപ്പോൾ തൊഴിലുറപ്പു പദ്ധതിയിൽ ജോലി എടുക്കുന്നു. എ ഡി എസ് ആയും വർക്ക് ചെയ്യുന്നു. നാലാമത്തെ കൊല്ലമാണ് തൊഴിൽ എടുക്കുന്നത്. അങ്ങനെ പല മാററങ്ങളും കുടുംബശ്രീയിൽ വന്നതിനു ശേഷം ഉണ്ടായി.

സരോജിനി കെ വി
അർച്ചന കുടുംബശ്രീ
ഒന്നാം വാർഡ്
ചിറക്കൽ ഗ്രാമപഞ്ചായത്ത്

# പെൺമനസ്സ്

ആദ്യം തന്നെ എന്നെ പരിചയപ്പെടുത്താം.  എന്റെ പേര് റീജ ചിറക്കൽ പഞ്ചായത്തിൽ ആറാം വാർഡിൽ ബാലൻ കിണറിന് സമീപത്താണ് ഞാൻ താമസിക്കുന്നത്. ഞാൻ കുടുംബശ്രീ വരാനും അതിലൂടെ അനുഭവങ്ങളെകുറിച്ചും പറയാം. നാല് വർഷംമുമ്പുവരെ എനിക്ക് ഭർത്താവിന്റെ വീടിനടുത്തുള്ള കുറച്ചു വീടികളുമായിട്ടേ പരിചയമുണ്ടായിരുന്നുള്ളു.  ആ സമയത്തൊക്കെ അവിടെ രണ്ടുമൂന്ന് കുടുംബശ്രീ യൂണിററുകൾ പ്രവർത്തിക്കുന്നുണ്ടായിരുന്നു. അമ്മ കുടുംബശ്രീയിൽ ചേർന്നിരുന്നില്ല.  അങ്ങനെയിരിക്കെ ഒരു ദിവസം അമ്മ എന്നോട് പറഞ്ഞു അടുത്ത വീട്ടുകാരെയൊക്കെ സംഘടിപ്പിച്ചുകൊണ്ട് നമുക്കും കുടുംബശ്രീ തുടങ്ങിക്കൂടെ.  എനിക്ക് ആൾക്കാരുമായി പരിചയമില്ലാത്തത് കാരണം അമ്മതന്നെ അതിന് മുന്നിട്ടിറങ്ങി.  അങ്ങനെ ഓരോ വീടുകളിൽ നിന്നുമായി 19 അംഗങ്ങളെ സംഘടിപിച്ചു.  അമ്മ വാർഡ്മെമ്പറോട് പറയുകയും പഞ്ചായത്തിൽ നിന്നും അതിന് വേണ്ട എല്ലാവിധ ചെയ്തു തന്നു.

പ്രസിഡണ്ട് സെക്രട്ടറി സ്ഥാനം ആരെ ഏൽപ്പിക്കണമെന്ന കാര്യം സംശയത്തിലായിരുന്നു.  എന്തായാലും എന്നെ ഒരു സ്ഥാനത്തേക്കും ചേർക്കരുതെന്ന് ഞാൻ പറഞ്ഞിരുന്നു.

08–06–2008 ൽ മൈത്രി കുടുംബശ്രീ എന്ന പേരിൽ കുടുംബശ്രീ തുടങ്ങി.  തെരഞ്ഞെടുപ്പ് ദിവസം എനിക്ക് അത്യാവശ്യമായി ഒരു സ്ഥലം വരെ പോകേണ്ടിവന്നതിനാൽ അതിൽ പങ്കെടുക്കുവാൻ കഴിഞ്ഞില്ല. അന്ന് വൈകീട്ട് വീട്ടിലേക്ക് വരുമ്പോൾ ഒരു ചേച്ചി പ്രസിഡണ്ടേ എന്താ ഇത്ര വൈകിയത് എന്ന് ചോദിച്ചു.  അന്നു വരെ റീജ എന്ന് വിളിച്ചയാൾ പ്രസിഡണ്ടേ വിളിച്ചതിന്റെ പൊരുൾ എനിക്ക് മനസ്സിലായില്ല.  വീട്ടിലെത്തിയപ്പോഴാണ് കാര്യങ്ങൾ പിടികിട്ടിയത്.  എന്നെയാണ് പ്രസിഡണ്ട് സ്ഥാനത്തേക്ക് തെരഞ്ഞെടുത്തത്. അതുകേട്ടപ്പോൾ എനിക്ക് ദേഷ്യവും സങ്കടവും പേടിയുമാണ് ഉണ്ടായത്.  എന്നെ ഭർത്താവ് ആശ്വസിപ്പിച്ചു. പ്രസിഡണ്ടിന് കാര്യമായിട്ട് ഒരു ജോലിയില്ല. സെക്രട്ടറിക്കാണ് കൂടുതൽ ജോലി.  എനിക്ക് നന്നായി അറിയാവുന്ന വനജചേച്ചിയെയാണ് സെക്രട്ടറിയായി തെരഞ്ഞെടുത്തത് എന്നറിഞ്ഞപ്പോൾ എനിക്ക് ആശ്വാസമായി കാരണം വനജേച്ചി ടീച്ചറാണ്.  അപ്പോൾ കണക്കും കാര്യങ്ങളുമൊക്കെ നന്നായി കൈകാര്യം ചെയ്യാൻ കഴിയുമല്ലോ അങ്ങനെ മുന്നോട്ട് പോകാൻ തീരുമാനിച്ചു.

അടുത്തയാഴ്ചയിലെ കുടുംബശ്രീയിൽ അമ്മയോടൊപ്പം ഞാനും പോയി.  അതിൽ മിക്കവരേയും ഞാൻ ആദ്യമായിട്ടാണ് കാണുന്നത്. അമ്മതന്നെ എല്ലാ അംഗങ്ങളേയും എനിക്ക് പരിചയപ്പെടുത്തിതന്നു. അന്നുതൊട്ട് ഈ 19 അംഗങ്ങളിലെ കുടുംബങ്ങളിലും നല്ലൊരു സൗഹൃദബന്ധം ഉണ്ടാക്കാൻ സാഹിയിച്ചു.

കുടുംബശ്രീയിൽ വരിക പോവുക എന്നതിൽ ഒതുങ്ങിക്കൂടാതെ ഒരു ചെറിയ കുറി നടത്തുവാൻ അംഗങ്ങൾ തീരുമാനിച്ചു. എന്നാൽ പുറത്തുനിന്നുള്ളവരുടെ ആഗ്രഹപ്രകാരം അവരേയും ഉൾപ്പെടുത്തിക്കൊണ്ട് ഞങ്ങൾക്ക് വലിയ നറുക്കെടുപ്പ് തുടങ്ങാൻ കഴിഞ്ഞു. ഇതിന്റെ മുതൽക്കുറിയിൽനിന്നും ആവശ്യക്കാർക്ക് വായ്പകൊടുത്തിരുന്നു. മുതൽക്കുറിയും പലിശയും വർഷത്തിലൊരിക്കൽ ഓണത്തിന് വീതിക്കുവാൻ അംഗങ്ങൾ തീരുമാനിച്ചു. അങ്ങനെ കിട്ടിയ പണം കൊണ്ട് എന്റെ വീട്ടിലുള്ളവർക്ക് ഡ്രസ്സ് എടുത്തുകൊടുക്കുവാൻ കഴിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്. ഇതൊക്കെ കുടുംബശ്രീയാണ് സാധിച്ചു തന്നത്.

എന്റെ കുടുംബശ്രീയിൽ എല്ലാവരേയും ദു:ത്തിലാഴ്ത്തിയ സംഭവമുണ്ടായി. കുടുംബശ്രീയിൽ ആദ്യം ഹാജരായിരുന്നത് ജാനകിയേച്ചിയായിരുന്നു. ജാനേച്ചി എന്നാണ് ഞങ്ങൾ വിളിച്ചിരുന്നത്. ആ ജാനേച്ചി ഒരു ആക്സിഡണ്ടിൽപ്പെട്ട് മരിച്ചു. ഈ സംഭവം കുറെ നാൾ അംഗങ്ങളെ വിഷമിപ്പിച്ചു. മരിച്ചതിന്റെ അടുത്തയാഴ്ച കുടുംബശ്രീയിൽ അനുശോചന യോഗം ചേർന്നു. മിക്കവരും സംസാരിച്ചു.

പിന്നെ എനിക്ക് സ്റ്റേജിൽ കയറാനുള്ള ഭാഗ്യമുണ്ടായി. ചിറക്കൽ സർവ്വീസ് സഹകരണ ബേങ്കിന്റെ വാർഷികത്തോടനുബന്ധിച്ച് കുടുംബശ്രീയുടെ ഒപ്പന, നാടൻപാട്ട് മത്സരത്തിൽ പങ്കെടുക്കുകയും അതിൽ ഒന്നും രണ്ടും സ്ഥാനം കിട്ടുകയും ചെയ്തപ്പോൾ എനിക്കുണ്ടായ സന്തോഷം പറയാതിരിക്കുവാൻ വയ്യ. പിന്നെ നടന്നുപോകുമ്പോഴൊക്കെ ഒപ്പന അടിപൊളിയാണെന്നുള്ള കമന്റ് അതൊക്കെ കുടുംബശ്രീ തന്ന അംഗീകാരം അല്ലേ? ഇപ്പോൾ എ ഡി എസായും സി ഡി എസായും പ്രവർത്തിക്കുന്നു. ഈ സ്ഥാനം ഏറ്റെടുക്കുമ്പോൾ ഇതിന്റെ പൂർണ്ണരൂപം എന്താണെന്ന് വരെ എനിക്ക് അറിയില്ലായിരുന്നു. ഇതിന്റെ ഉത്തരവാദിത്വത്തെ കുറിച്ച് പഞ്ചായത്തിൽ വച്ച് ചേർന്ന മീററിങ്ങിലാണ് എനിക്ക് മനസ്സിലായത്. പിന്നെ പഞ്ചായത്ത് പ്രസിഡണ്ട് ഉൾപ്പെട്ട സി ഡി എസ് മീററിങ്ങൾ ഒരു അദ്ധ്യക്ഷ സ്ഥാനം വഹിക്കാൻ കഴിഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു.

കുടുംബശ്രീയിൽ ചേർന്നിട്ട് എനിക്ക് ഗുണം മാത്രമേ ഉണ്ടായിട്ടുള്ളു. ഇപ്പോൾ എന്തിനേയും നേരിടാനുള്ള ധൈര്യം എനിക്കുണ്ടെന്നാണ് എന്റെ വിശ്വാസം. കുടുംബശ്രീ എനിക്കു തന്ന ഈ നേട്ടത്തിന് കുടുംബശ്രീയോട് കടപ്പെട്ടിരിക്കുന്നു.

1998–ൽ കേരളത്തിൽ മലപ്പുറത്ത് പാലൊളി മുഹമ്മദ്കുട്ടിയാണ് ആദ്യമായി കുടുംബശ്രീ കൊണ്ടുവന്നത്. ഈ അവസരത്തിൽ അദ്ധേഹത്തോടും ഞാനെന്റെ നന്ദി അറിയിക്കുന്നു.

റീജ കെ വി

മൈത്രി കുടുംബശ്രീ
ആറാം വാർഡ്–ചിറക്കൽ ഗ്രാമപഞ്ചായത്ത്

# അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക്

V

ഈ വാചകം എന്നെ സംബന്ധിച്ചിടത്തോളം സത്യമായ ഒരു വാചകം തന്നെയാണ്. കാരണം ഒരു അറിയപ്പെടുന്ന നമ്പ്യാർ കുടുംബത്തിലാണ് എന്നെ വിവാഹം കഴിച്ച് കൊണ്ടുവന്നത്. ആ വീടിന്റെ സാഹചര്യം പറഞ്ഞാൽ 5 പെൺമക്കളും 3 ആൺമക്കളും അമ്മയും അച്ഛനും അടങ്ങുന്നതാണ് എന്റെ ഭർത്താവിന്റെ കുടുംബം. ഈ വിടിന്റെ ചിട്ട എന്ന് പറഞ്ഞാൽ ഉമ്മറത്ത് ആരെങ്കിലും വന്നാൽ പെണ്ണുങ്ങൾ ഉമ്മറത്ത് വരുകയോ സംസാരിക്കുകയോ ഒന്നും ചെയ്യാറില്ല. ഞാൻ ഇവിടെ കല്യാണം കഴിഞ്ഞ് വന്ന സമയത്ത് ഞാൻ കണ്ടത് ആരെങ്കിലും വന്നാൽ ജനാല വഴി നോക്കി (പെണ്ണുങ്ങൾ) തിരിച്ചുപോകുന്നതാണ്. ഇതേ സാഹചര്യത്തിൽ 10 വർഷം പിന്നിട്ട് കഴിഞ്ഞപ്പോഴാണ്, അതായത് 2006 ൽ എന്റെ വീടിന്റെ അടുത്തുള്ള എന്റെ സുഹൃത്ത് എന്നോടു പറഞ്ഞു ഇവിടെ എല്ലാ ഭാഗത്തും എല്ലാവരും കുടുംബശ്രീയിൽ അംഗങ്ങളായി നമ്മൾ ഒരു 10 പേർ മാത്രമേ അതിൽ പെടാതെ നിൽക്കുന്നുള്ളൂ. അതുകൊണ്ട് നമ്മൾക്കും ഇവിടെ ഒരു കുടുംബശ്രീ രൂപീകരിക്കാം എന്ന്. അവരുടെ ഭർത്താവും എന്റെ ഭർത്താവും ഗൾഫിൽ ഒന്നിച്ച് ജോലിചെയ്യുന്നതുകൊണ്ട് ഞങ്ങൾ രണ്ട്പേരും നല്ല സുഹൃത്തുക്കൾ ആയിരുന്നു. ഞാൻ എന്റെ ഭർത്താവിനോട് സംസാരിച്ച് ഞങ്ങൾ 13 പേർ അടങ്ങുന്ന ഒരു കുടുംബശ്രീ രൂപീകരിക്കാൻ തീരുമാനിച്ചു. 2006 ഡിസംബർ 21 നാണ് എന്റെ വസതിയിൽ വച്ച് അന്നത്തെ മെമ്പറുടെ സാന്നിധ്യത്തിൽ സൗഭാഗ്യ കുടുംബശ്രീ രൂപീകരിച്ചു. സെക്രട്ടറിയായി എന്നെയും പ്രസിഡന്റായി ലിസ്സി വർഗ്ഗീസിനെയും ചുമതലപ്പെടുത്തി. അതുവരെ അയൽപക്കത്ത് എത്രവീട് ഉണ്ട്, എത്ര അംഗങ്ങൾ ഉണ്ട് എന്ന് പോലും അറിയാതെ കടന്നുപോയ ആ 10 വർഷക്കാലം.

ഇതിനുശേഷം ജനുവരി 1–ാം തീയതികൂടപ്രം ക്ലബിൽ വച്ചാണ് കുടുംബശ്രീയുടെ അളട കൂടുന്നത്. ഈ യോഗത്തിൽ 40 പേർ അടങ്ങുന്നതാണ്. ആദ്യമായാണ് ഇതുപോലുള്ള യോഗത്തിൽ പങ്കെടുക്കുന്നത്. ഇവിടെ ഏറ്റവും പിറകിലത്തേ കസേരയിൽ ഇരുന്ന് യോഗനടപടികൾ ശ്രദ്ധിച്ചുവെങ്കിലും ഒന്നും തന്നെ മനസ്സിലാക്കാൻ കഴിഞ്ഞില്ല. രണ്ടാമത്തെ മാസയോഗത്തലും ഞാൻ തന്നെ എന്റെ കുടുംബശ്രീയെ പ്രതിനിധീകരിച്ച് പങ്കെടുത്തു. ഈ യോഗത്തിൽ എന്നെ ഞെട്ടിക്കുന്ന ഒരു സംഭവം ഉണ്ടായി. അളട ന്റെ സെക്രട്ടറിയായി എന്നെയാണ് തെരഞ്ഞെടുത്തത് എന്ന വാർത്ത.

ഇത് വീട്ടിൽ വന്ന് പറയാൻ ഭയങ്കരം പേടിയായിരുന്നു. എങ്കിലും ഞാൻ അദ്ദേഹത്തിന്റെ മുൻപിൽ അവതരിപ്പിച്ചു. നാട് വിട്ട് ജോലി ചെയ്ത ആളായതുകൊണ്ട് ഒന്നും എതിർത്ത്

പറഞ്ഞില്ല. അടുത്ത അളട യോഗത്തിൽ വിറയലോടെയാണ് ഞാൻ പങ്കെടുക്കാൻ പോയത്. പ്രസിഡന്റ് സ്വാഗതം പറഞ്ഞു. അന്നത്തെ മെമ്പർ സുമിത്ര ഭാസ്കരൻ അധ്യക്ഷത വഹിച്ച് കാര്യങ്ങൾ വിശദീകരിച്ച് കഴിഞ്ഞ ഉടനെ എന്നെ നന്ദിപ്രകടനത്തിന് വേണ്ടി ക്ഷണിച്ചു. ശരിക്കും കരഞ്ഞുകൊണ്ട് തന്നെയാണ് ഞാൻ അവിടെ എഴുന്നേറ്റ് നിന്നത്. അവിടെ നിന്ന് ഒരു വാക്ക് പോലും പറയാൻ എനിക്ക് സാധിച്ചില്ല. ഇതേ രീതിയിൽ 2,3 മാസക്കാലം കടന്ന് പോയി. ഒരു ദിവസം സുമിത്രേച്ചി എന്നെ വിളിച്ച് പറഞ്ഞു. നീ അക്ഷയ കമ്പ്യൂട്ടർ ഉദ്ഘാടന ചടങ്ങിൽ വരണം എന്ന്. മടിച്ചു മടിച്ചാണെങ്കിലും അതിൽ ഞാൻ പങ്കെടുക്കാൻ പോയി മെമ്പർ സ്വാഗതവും അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ് ഉത്ഘാടനവും രണ്ടമൂന്ന് പേരുടെ ആശംസപ്രസംഗവും ഒക്കെ നടക്കുമ്പോൾ ഒന്നും അറിയാത്ത ഭാവത്തിൽ ഇരിക്കുമ്പോഴാണ് എന്നെ നന്ദി പറയാൻ വിളിച്ചത്. നേരെ ഒരു വാക്കുപോലും പറയാൻ പറ്റാതെ ആദ്യമായി മൈക്ക് കൈയിൽ കിട്ടുമ്പോൾ ഉള്ള അവസ്ഥ ഇപ്പോഴും ഞാൻ ഓർത്ത് പോകുന്നു. പിന്നീട് അടുത്തടുത്തുള്ള അളട യോഗങ്ങൾ അങ്ങനെ കടിച്ച് പിടിച്ച് കടന്ന് പോയി. തുടർന്ന് പഞ്ചായത്തിൽ ഇളട മീറ്റിംഗിൽ നിന്ന് കിട്ടിയിട്ടുള്ള പല ക്ലാസ്സുകളും എന്നെ ക്രമേണ ആത്മവിശ്വാസമുള്ള ഒരു വനിത ആക്കി തീർത്തു. ഇന്ന് സ്വന്തം ഇടത്തെക്കുറിച്ച് ബോധ്യമുള്ള സ്ത്രീയായി ജീവിതം നയിക്കാൻ കുടുംബശ്രീ എന്നെ പ്രാപ്തയാക്കിയിരിക്കുന്നു.

മൃദുല രാജൻ
സൗഗാഗ്യ കുടുംബശ്രീ
ആലത്താവളപ്പ്, ചിറ്റടി
ആലക്കോട് ഗ്രാമപഞ്ചായത്ത്

# സ്ത്രീ – ഉയർത്തെഴുന്നേൽപ്പ്

കുടുംബശ്രി എന്ന ഈ സംഘടനാ സംവിധാനത്തിലേക്ക് വരുന്നതിന് മുമ്പ് ഞാൻ ഒരു സാധാരണ വീട്ടമ്മ ആയിരുന്നു. ദാരിദ്ര്യം മാത്രമായിരുന്നു എനിക്ക് പറയാൻ ഉണ്ടായിരുന്നത്. 3 മക്കൾ, മൺകട്ട വീട്, വെള്ളമോ വെളിച്ചമോ, ഒരു നേരം ഭക്ഷണം കൊടുക്കുവാനോ നല്ല ഒരു വസ്ത്രം വാങ്ങി കൊടുക്കുവാനോ ഒന്നിനും സാമ്പത്തിക സ്ഥിതി ഇല്ലാത്ത തിരിച്ചറിവില്ലാത്ത ഒരു വീട്ടമ്മ. ശാരീരിക പീഡനവും മാനസീക പീഡനവും ഉപരിയായി പട്ടിണിയും. ജീവിതം ഒരു തരത്തിലും മുന്നോട്ടു കൊണ്ടു പോകാൻ പറ്റാതെ എങ്ങിനെ എന്റെ മക്കളെ ഞാൻ വളർത്തും ? നിസ്സഹായായി പകച്ചു നിൽക്കുന്ന വേളയിൽ പല പ്രാവശ്യവും മരണത്തെ ഞാൻ മുന്നിൽ കണ്ടു. പല പ്രാവശ്യവും ശ്രമിച്ചു. പക്ഷെ വിധി എന്റെ ആയുസ്സ് നീട്ടിതന്നു. കുട്ടികളുടെ ദയനീയമായ മുഖം എന്റെ മനസ്സിൽ മായാതെ നിന്നു. ഒരു സ്ത്രീ ആയി ജനിച്ചതിൽ ആദ്യമായ് എന്നോട് തന്നെ പുച്ഛം തോന്നി. ഒന്നിനും കൊള്ളാത്തവൾ, ഭൂമിദേവിക്ക് തന്നെ ഭാരമാണ് ഞാനെന്ന് എനിക്ക് തോന്നി.

കുട്ടികൾക്ക് സുഖമില്ലാത്ത ഒരവസ്ഥയിൽ 50 രൂപ ചോദിച്ചിട്ട് തരാത്ത ഒരു സുഹൃത്ത് എനിക്ക് ആകെ നല്ലതായി ഉണ്ടായ ഒരു സാരി കൊണ്ടുപോയി കൊടുത്തപ്പോൾ 100 രൂപ തന്നു. ആത്മനിന്ദയാണ് എനിക്ക് തോന്നിയത്. അടുത്ത വീട്ടിലെ കുട്ടികളുടെ പഴയ വസ്ത്രം ധരിച്ചാണ് എന്റെ കുട്ടികൾ സ്ക്കൂളിൽ പോയത്.

ഇനിയും ഇങ്ങനെ തുടർന്നാൽ കുട്ടികളെ തന്നെ നഷ്ടപ്പെടും എന്നും തോന്നിയ ആ സമയത്ത് എന്റെ വാർഡ് കൗൺസിലർ എന്നെ അയൽക്കൂട്ടത്തിൽ ചേരാൻ പ്രേരിപ്പിച്ചു. തൊട്ടടുത്ത് അംഗൻവാടിയിൽ വെച്ച് ചേർന്ന അയൽക്കൂട്ട യോഗത്തിൽ പോവുകയും അംഗമാവുകയും ചെയ്തു.

വിദ്യാഭ്യാസം ഉണ്ടായിരുന്നു എങ്കിലും ഒന്നിനെപ്പറ്റിയും ഒരു തിരിച്ചറിവ് ഉണ്ടായിരുന്നില്ല . ഒരു സ്ഥാപനമായും , പയ്യന്നൂർ പോലും എനിക്കറിയില്ലായിരുന്നു.

കുടുംബശ്രീ യൂണിറ്റിൽ വന്ന് 3 മാസത്തിന് ശേഷം എസ് ജെ എസ് ആർ വൈ പദ്ധതി പ്രകാരം 16,000 രൂപ വ്യക്തിഗത വായ്പ എടുക്കുകയും തുണികച്ചവടം തുടങ്ങുകയും ചെയ്തു. ഒരു പാട് ആളുകൾ എന്നെ സഹായിക്കാൻ വേണ്ടി തുണിവാങ്ങി. മങ്ങൽ ഏറ്റ എന്റെ ജീവിതത്തിന് ചെറിയ പ്രതീക്ഷയുടെ പ്രകാശം ഉണ്ടായി. 6 മാസം കഴിഞ്ഞപ്പോൾ സ്വന്തം അധ്വാന ഫലമായി ജീവിക്കാം സാധിക്കും എന്ന് ഞാൻ പഠിച്ചു. പഠിച്ചത് അല്ല ജീവിതം എന്നെ പഠിപ്പിച്ചു.

മക്കളുടെ കാര്യങ്ങൾ ചെറിയ രീതിയിൽ എങ്കിലും സാധിച്ചു കൊടുക്കുവാനം കഴിഞ്ഞു. അയൽക്കൂട്ടാംഗമായ എന്നെ എല്ലാവരും ചേർന്ന് സെക്രട്ടറി സ്ഥാനത്തേക്കും എ ഡി എസിന്റെ വൈസ് പ്രസിഡണ്ട് സ്ഥാനത്തേക്കും ആയി വളർത്തി എടുത്തു. 2 വർഷം കൊണ്ട് എന്റെ പ്രയ്തന ഫലമായി അന്നൂർ യു പി സ്ക്കൂളിലെ പി ടി എ പ്രസിഡണ്ട്, വാർഡു കമ്മിറ്റി മെമ്പർ, സജീവ പ്രവർത്തക , എ ഡി എസ് പ്രസിഡണ്ട് എന്ന സ്ഥാനത്തേക്ക് ഈ സംവിധാനത്തിലൂടെ മാറാൻ എനിക്കു സാധിച്ചു. 2010 ൽ മികച്ച എ ഡി എസ് പ്രവർത്തനത്തിനുള്ള ബഹുമതിയും വാങ്ങാൻ കഴിഞ്ഞു.

കുട്ടികളെ പഠിപ്പിക്കുവാനും കുടിവെള്ള സൗകര്യവും വൈദ്യുതി കണക്ഷനും കടം ആയാലും ഉണ്ടാക്കാൻ കഴിഞ്ഞു. അവിടെ നിന്ന് കേന്ദ്രാവിഷ്കൃത ഉപസമിതി കൺവീനർ ആയി . 13ാം വാർഷികത്തിൽ കുടുംബശ്രീ സംഘടനാ സംവിധാനം എന്ന വിഷയത്തെ ആധാരമാക്കി പ്രസംഗ മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ചു. മക്കളെ നല്ല രീതിയിൽ വിവാഹം കഴിച്ച് അയക്കുവാൻ കഴിഞ്ഞു. അന്ന് 50 രൂപ തരാത്ത സുഹൃത്ത് ഇന്ന് എത്ര രൂപ വേണമെങ്കിലും സഹായിക്കുന്ന അവസ്ഥയിലേക്ക് മാറാൻ എനിക്ക് സാധിച്ചത് ഈ സംവിധാനത്തിൽ വന്നത് കൊണ്ടാണ്,

ഇന്ന് ഞാൻ ഒരുപാട് അഭിമാനിക്കുന്നു. കാരണം കുടുംബശ്രി എന്ന ഈ സംവിധാനത്തിൽ വന്നതിന് ശേഷമാണ് 'സ്ത്രീ' ആയി എന്ന് എനിക്ക് തോന്നിയത്. 14ാം വാർഷികത്തിലും മികച്ച എ ഡി എസ് ആയി തെരഞ്ഞെടുക്കപ്പെട്ടു.

വീടിന്റെ അകത്തളങ്ങളിൽ കരിയും പൊടിയും പിടിച്ച് ആരാലും അറിയപ്പെടാതെ കഴിഞ്ഞ ഞാൻ ഇന്ന് നാടും നഗരവും അറിയപ്പെടുന്ന ഒരു അംഗമായി മാറി. പയ്യന്നൂർ നഗരസഭ 3 വില്ലേജുകളിലായി 44 വാർഡുകളിലായി വ്യാപിച്ചു കിടക്കുന്നു. എല്ലാ വാർഡുകാർക്കും എന്നെ അറിയാം. കേരളത്തിന്റെ വടക്ക് കാസർഗോഡ് മുതൽ തെക്ക് തിരുവനന്തപുരം വരെ ഒറ്റയ്ക്ക് യാത്ര ചെയ്യാനുള്ള തന്റേടവും ആരോട് എങ്കിലും സംസാരിച്ചാൽ തൊണ്ട വിറക്കുന്ന ഞാൻ എല്ലാ വാർഡിലും എത്ര സമയം വേണമെങ്കിലും നിന്നു സംസാരിക്കുന്ന അവസ്ഥയിലേക്ക് മാറി.

എന്റെ കുടുംബത്തിൽ മാറ്റം ഉണ്ടാക്കുവാനും എന്റെ വാർഡിൽ മാറ്റം ഉണ്ടാക്കാനും അതിലുപരിയായി 50 ൽ പരം അയൽക്കൂട്ടങ്ങൾ എന്റെ പ്രവർത്തന ഫലമായി ഉണ്ടാക്കാൻ കഴിഞ്ഞു. ഗ്രേഡും ലിങ്കേജും, മാച്ചിംഗ് ഗ്രാന്റും , 8 വ്യക്തിഗത സംരംഭങ്ങളും പച്ചക്കറി കൃഷിയും, വാഴകൃഷിയും എല്ലാം എന്റെ വാർഡിൽ ചെയ്യിക്കാൻ മുൻനിരയിൽ നിന്ന് പ്രവർത്തിക്കുവാനും ആനുകൂല്യങ്ങൾ വാങ്ങികൊടുക്കുവാനും കഴിഞ്ഞു. ആരോരും ഇല്ലാതെ മാനസികമായി തളർന്ന പാവപ്പെട്ട ഒരു സ്ത്രീയെ

ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി അവരെ ജീവിതത്തിന്റെ പ്രതീക്ഷയിലേക്ക് കൈ പിടിച്ച് കൊണ്ടു വരാൻ സാധിച്ചത് ഏറ്റവും പുണ്യമായി ഞാൻ കരുതുന്നു. കൃത്യമായി ഭക്ഷണ സാധം വാങ്ങി കൊടുക്കാൻ സാധിക്കുന്നുണ്ട്. അതു പോലെ ഒരു പാട് പേർക്ക് വാർഡു കൗൺസിലറുമായി സഹകരിച്ച് പെൻഷൻ വാങ്ങി കൊടുക്കുവാനും, ബാലസഭ രൂപീകരിക്കുവാനും, ചികിത്സാ സഹായം വാങ്ങിക്കൊടുക്കുവാനും സാധിച്ചു.

എനിക്കു മാറ്റം ഉണ്ടാക്കുവാനും എന്റെ വാർഡിൽ മാറ്റം ഉണ്ടാക്കുവാനും എന്ന ഏൽപ്പിച്ച കാര്യങ്ങൾ ഉത്തരവാദിത്വത്തടെ നല്ല മനസ്സോടെ ചെയ്യുവാനും കഴിയുന്നു. വീടിന്റെ അകത്തളത്തിൽ നിന്ന് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തുവാനും, സഭാ കമ്പം ഇല്ലാതെ സംസാരിക്കുവാനും, പൊതു കാര്യങ്ങളിൽ ഇടപെടാനും, അനീതിയെ എതിർക്കുവാനും അംഗീകാരം ഉണ്ടാക്കിയെടുക്കുവാനും ഈ സംവിധാനത്തിൽ വന്നതു മൂലം സാധിച്ചു. നല്ല ഒരു നേതാവായി മാറാനും അതിൽ ഉപരിയായി ഒരു പാട് സ്നേഹിക്കുന്ന നല്ല സുഹൃത്തുക്കളെ കിട്ടുകയും സാമ്പത്തിക നിലവാരം മെച്ചപെടു ത്തുവാനും കൂട്ടായ്മ ഉണ്ടാക്കി എടുക്കുവാനും കഴിഞ്ഞു.

കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ ഏറ്റവും മുകൾതലമായ സി ഡി എസ്സിന്റെ വൈസ് പ്രസിഡണ്ട് എന്ന സ്ഥാനത്തേക്ക് എത്താൻ കഴിഞ്ഞത് ആത്മാർത്ഥ മായ പ്രവർത്തനവും അതിലുപരിയായി സഹോദരിമാർ തന്ന ആത്മ വിശ്വാസവും, സ്നേഹവും കൂട്ടായ്മയുമാണ്. ഒരു പക്ഷെ ഇങ്ങനെ ഒരു സംവിധാനത്തിൽ ഞാൻ വന്നില്ലായിരുന്നു എങ്കിൽ ഭൂമിയിൽ നിന്ന് തന്നെ ഞാൻ വിടപറയുമായിരുന്നു.

സമൂഹത്തിലെ പാവപ്പെട്ടവരുടെ സ്വപ്നങ്ങൾക്ക് പ്രതീക്ഷ നൽകി കൊണ്ട് ആശ്വാസത്തിന്റെ കുളിർ ഏകി സഹോദരിമാരുടെ കണ്ണുനീർ തുടക്കുവാനും കഷ്ടപ്പാ ടിൽ നിന്ന് കൈപിടിച്ച് മുന്നോട്ട് നയിക്കുവാനും സഹായകമായ കുടുംബശ്രീ എന്ന ഈ സംഘടനാ സംവിധാനത്തിനു മുന്നിൽ എന്നെ ഞാൻ ആക്കി മാറ്റി യ...............................................കുടുംബശ്രീക്ക് മുന്നിൽ ഞാൻ എന്റെ ശിരസ്സ് കുനിക്കുക യാണ്.

അംബിക വി ബി, കാരുണ്യം അയൽക്കൂട്ടം
അന്നൂർ, വാർഡ് 38,പയ്യന്നൂർ മുനിസിപ്പാലിറ്റി.

# നിത്യവെളിച്ചമേകിയ കുടുംബശ്രീ

കുടുംബശ്രീ എന്ന ഈ മഹാപ്രസ്ഥാനത്തിലേക്ക് ഞാൻ കടന്ന് വന്നിട്ട് 11വർഷം തികയുകയാണ് 11 വർഷം കൊണ്ട് ഒട്ടേറെ കാര്യങ്ങൾ എന്റെ ജീവിതത്തിലുണ്ടായി എന്റെ ജീവിതത്തിന്റെ ഇന്നലകളിലെ പഴയ താളുകൾ ഞാൻ കോറിയിട്ട എന്റെ ജീവിതാനുഭവങ്ങൾ ഇന്ന് ഞാൻ ഓർക്കുകയാണ് അപ്പോഴൊക്കെ എന്റെ മനസ് ഞെട്ടാറുണ്ട് കാരണം പിന്നിട്ട് കഴിഞ്ഞ ആ കറുത്ത അദ്ധ്യായം  ഭീകരവും പേടിപ്പിക്കുന്നതുമായിരുന്നു. ഒരു കടലാസിലോ പുസ്തകത്തിലോ ഒതുങ്ങുന്നതല്ല ആ കഥകളൊന്നും അതൊരുപക്ഷെ ഒരുവലിയ സാഗരം കണക്കെ അതുമല്ലെങ്കിൽ ഈ ഭൂമിയോളം വിശാലമായതാണ് അതിൽ ചിലത് മാത്രം ഞാൻ ഇവിടെ കുറിക്കട്ടെ ഞാൻ സുബെറ സുബെറ എന്ന ഞാൻ ഇങ്ങനെ ഒക്കെ ആകാൻ കാരണമെന്ത്? അതിന് കാരണമായതാര് ? അതെല്ലാം ഞാൻ ഇവിടെ എന്റെ പ്രീയപ്പെട്ട കുടുംബശ്രീ വായനക്കാരിലേക്ക് പകരുകയാണ്

സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു മുസ്ലീം ന്യൂനപക്ഷ കുടുംബത്തിലാണ് എന്റെ ജന്മം പിറന്നുവീണദിവസംമുതൽ ഒരു മാറാ രോഗിയാണ് ഞാൻ 9 പെണ്ണും 2 ആണും ഉൾപ്പെടെ മാതാപിതാക്കളും അടങ്ങുന്ന എന്റെ കുടുംബം ഒരു നേരത്തെ കഞ്ഞിക്കുപോലും പട്ടിണി കിടന്ന എന്റെ കുട്ടിക്കാലം. അതിനുമപ്പുറത്ത് പിറന്നു വീണനിമിഷം മുതൽ ഞാൻ അനുഭവിച്ച ശാരീരിക വേദന എല്ലാം കൂടെ എന്നെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്ഥയാക്കി എന്ത് കണ്ടാലും പതറാത്ത മനസും ആരുമായും ഒരു ബന്ധവുമില്ലാത്ത ജീവിതരീതിയും സമൂഹത്തിൽ നിന്ന് എന്നെ ഒറ്റപ്പെടുത്തി അല്ലെങ്കിൽ എല്ലാറ്റിൽ നിന്നും ഞാൻ ഒളിച്ചോട്ടം നടത്തി എന്നു വേണമെങ്കിൽ പറയാം

ആരുമായും യാതൊരു ബന്ധവുമില്ലാത്ത ഞാൻ അടച്ചിട്ട മുറിക്കുള്ളിൽ പുസ്തകത്തോടൊപ്പം എനിക്കായി ഒരു ലോകം തീർത്തു അപ്പോഴാണ് ഞങ്ങളുടെ നാട്ടിൽ കുടുംബശ്രീ രൂപികരിക്കുന്നത് എന്നെ അറിയാവുന്ന എന്റെ അവസ്ഥ മനസിലാക്കിയ ചിലർ എന്നെ ആ കുടുംബശ്രീയിലേക്ക് ക്ഷണിച്ചു എന്നോട് ഈ അടച്ചിട്ട മുറിക്കുള്ളിൽ നിന്ന് പുറത്തിറങ്ങാൻ അവരോടൊപ്പം ചേർന്നു പ്രവർത്തിക്കാനും ആവശ്യപ്പെട്ടു.ആദ്യമൊന്നും ഞാൻ തയ്യാറായില്ല.എന്റെ മനസ് അനുവദിച്ചില്ല കാരണം ഉറക്കുഗുളികകളുടെയും പുസ്തകങ്ങളുടെയും ലോകത്ത് നിന്നും മറ്റൊരുടെ ലോകത്തേക്കുള്ള  കാൽ വെപ്പ് ഞാൻ ഇഷ്ടപ്പെട്ടിരുന്നില്ല പക്ഷെ നിരന്തരമായ നിർ.ബന്ധത്തിനു വഴങ്ങി അവസാനം ഞാൻ കുടുംബശ്രീയിൽ ചേരാൻ തീരുമാനിച്ചു കേവലം ഒരംഗമായി പ്രവർത്തിക്കാം എന്ന തീരുമാനത്തിൽ ഇറങ്ങിതിരിച്ച എനിക്ക് അവസാനം  ആ കുടും

ബശ്രിയുടെ പ്രസിഡണ്ട് സ്ഥാനം ഏറ്റെടുക്കേണ്ടി വന്നു. എനിക്ക് സ്ഥാനങ്ങളൊന്നും വഹിക്കാൻ കഴിയില്ല എന്ന് ആവർത്തിച്ചു പറഞ്ഞപ്പോൾ നിനക്കേ അതിനാകൂ എന്നായി രുന്നു അവരുടെ മറുപടി. അങ്ങനെ ഞാനൊരു കുടുംബശ്രി പ്രസിഡണ്ടായി പുറം ലോകത്തെ വെളിച്ചം കാണാൻ തുടങ്ങി ചുരുങ്ങിയ ആഴ്ച്ചകൾ കൊണ്ട് എന്റെ ജീവിതം മാറുകയാണെന്ന് എനിക്ക് മനസിലായി ഒന്നും ചെയ്യാൻ കഴിയില്ല എന്ന് കരുതിയ ഞാൻ കുടുംബശ്രിയുടെ സാമ്പത്തിക ഇടപാടുനടത്താനും ആളുകളുമായി ഇടുപെടാനും തുടങ്ങി പുറം ലോകം എന്നിലുണ്ടാക്കിയ മാറ്റങ്ങൾ അതെന്നെ വല്ലാതെ അംഭരപ്പിച്ചു. ചെറിയ ഇടവേളക്ക് ശേഷം കുടുംബശ്രിയുടെ സെക്രട്ടറിയായി അതോടെ ഉത്തര വാദിത്വം കൂടി. തിരക്ക് കൂടി ആകെപ്പാടെ എന്റെ ജീവിതം ത ന്നെ മാറി എന്റെയീ മാറ്റം എന്റെ കുടുംബത്തെയും മാറ്റി ഇരുട്ടിന്റെ മറനീക്കി സ്നേഹത്തിന്റെയും വെളിച്ചത്തി ന്റെയും ലോകത്തേക്ക് ഞാൻ കടന്നുവന്നപ്പോൾ ഞാൻ മാത്രമല്ല എന്റെ കുടുംബവും ആ വെളിച്ചം ആസ്വദിക്കാൻ തുടങ്ങി മുൻ കാലങ്ങളിൽ കിട്ടുന്ന പൈസ മുഴുവൻ ഉറ ക്കുഗുളിക വാങ്ങാനും പുസ്തകം വാങ്ങാനും ചിലവഴിച്ച ഞാൻ കിട്ടു ന്ന പൈസ അയൽ കൂട്ടങ്ങളിൽ നിക്ഷേപിക്കാൻ തുടങ്ങി അ തോടെ എനിക്കും ഒരു കൊച്ചു സംമ്പാദ്യമുണ്ടായി പിന്നെയെല്ലാം വളരെ പെട്ടന്നായിരുന്നു എ ഡി എസ് സെക്രട്ടറി സി ഡി എസ് ചെയർ പേഴ്സൺ തുടങ്ങി ഒട്ടേറെ സ്ഥാനങ്ങൾ വഹിച്ചു ഇന്ന് കേരള ത്തിൽ മാത്രമല്ല അതിനു പുറ ത്തും അറിയപ്പെടുന്ന നിലയിൽ പ്രവർത്തിക്കാൻ കഴിഞ്ഞ തിനും ഈ തില്ലങ്കേരി എന്ന രക്തസാക്ഷികളുടെ മണ്ണിനെ ലോകത്തിന് മുന്നിൽ എടുത്ത് കാണിക്കാനും കഴിഞ്ഞതിന് എന്നെ പ്രാപ്തയാക്കിയത് എന്റെ കുടുംബശ്രിയാണ്. ചില പ്പോൾ ഈ കുടുംബശ്രി ഇല്ലായിരുന്നെങ്കിൽ എന്റെ ജീവിതം എന്താകുമായിരുന്നു. ഒരു പക്ഷേ മാറാ രോഗത്തിന്റെ കരളഹസ്തങ്ങളിൽ മുറുകി ആ ഇരുളടഞ്ഞ മുറിക്കുള്ളിൽ എന്റെ ജീവിതം ഒടുങ്ങിയേനെ. അതുമല്ല എങ്കിൽ ഒരു ആത്മഹത്യയിലൂടെ ഞാൻ മര ണത്തെ പുൽകിയേനെ അങ്ങനെയെങ്കിൽ ഈ സുബൈറയെ ആരും അറിയില്ലായിരു ന്നു. സുബൈറ എന്ന ഒരു മനുഷ്യ ജന്മം ഈ ഭൂമുഖത്ത് ജീവിച്ചിരുന്നു എന്ന് പോലും ഒരു പക്ഷേ ആരും ഓർക്കില്ലായിരുന്നു.

ഇന്ന് ഞാൻ അറിയുന്ന എന്റെ ഉത്തരവാദിത്വം എത്രതോളം ആണെന്ന് .തില്ലങ്കേരിയിലെ 2500 ഓളംവരുന്ന കുടുംബത്തിന്റ പ്രശ്നങ്ങൾ എന്റെതുകൂടിയാണ് ആ പ്രശ്നങ്ങൾക്ക് എന്നാൽ കഴിയുന്ന പ്രതിവിധിയും സഹായവും ചെയ്യുക. അതിനുവേണ്ടിയാണ് ഞാൻ ജീവിക്കുന്നത്.അതിനുവേണ്ടി മാത്രം കുടുംബശ്രീയില്ലെങ്കിൽ സുബൈറയില്ല ...അവ രുടെ സ്വപ്നങ്ങൾ ഇല്ല.... പ്രതീക്ഷകൾ ഇല്ല.... എനിക്ക് എല്ലാം എല്ലാം എന്റെ കുടുംബ ശ്രീയാണ്. രോഗങ്ങൾ മറന്നുള്ള ഓട്ടത്തിനിടയിൽ പലപ്പോഴും എന്റെ അസുഖം പൂർവാ

തികം ശക്തിയോടെ എന്നെ പിടികൂടാറുണ്ട്. അപ്പോഴൊക്കെ ആശുപത്രി കിടക്കയിൽ ദിവസങ്ങളോളം ഒട്ടേറെ ഓപ്പറേഷനുകൾ, മരുന്നുകൾ ….. അപ്പോഴും തളരാത്ത ഒരു മന സ്സുമായി ഞാൻ കാത്തിരിക്കും നാളെയുടെ ഉയർത്തെഴുന്നേൽപ്പിനുവേണ്ടി. ആശുപത്രി വിട്ടാൽ ഒരു ദിവസം പോലും വീട്ടിൽ നിൽക്കാതെ നേരെ സി.ഡി.എസ്സ് ഓഫീസി ലേക്ക്. ഇന്നലകളിൽ സംഭവിച്ചത് വിസ്മരിച്ച് ഇന്നിന്റെ യാതാർത്ഥ്യത്തിലേക്ക് മരണം എന്നെ പലപ്പോഴും ഒരു കള്ളനെപോലെ വന്ന് പിടികൂടാൻ ശ്രമിക്കുന്നുണ്ട് അപ്പോഴൊക്കെ ഞാൻ ആ കരങ്ങളിൽ നിന്ന് തെന്നിമാറിയിട്ടുണ്ട്.എന്റെ ശരീരം എന്നെ തളർത്തിയപ്പോൾ ഒന്നും എന്റെ മനസ്സ് തളർന്നില്ല അതെന്റെകൂടെ നിന്നു. കാരിരുമ്പിന്റെ കരുത്തുള്ള ഈ മനസ്സായിരിക്കാം എന്നെ കേരളത്തിൽ അറിയപ്പെടുന്ന ചേയർപേഴ്സ നാക്കിയത്. തുടക്കത്തിൽ എന്റെ സമുദായത്തിൽ നിന്ന് എതിർപ്പുകളുണ്ടായിട്ടുണ്ട്. അതിന് പുറമെ പലപ്പോഴും കുടുംബശ്രീകാരോടും സി ഡി എസ്സ് അംഗങ്ങളോടും എനിക്ക് കർക്കശമായി ഇടപ്പെടെണ്ടിവന്നിട്ടുണ്ട്. അതുപലപ്പോഴും അവരുടെ വിദ്വേഷ ത്തിന് കാരണമായിട്ടുണ്ട് പക്ഷേ ഇപ്പോൾ അതെല്ലാം മാറ്റി എല്ലാവരും എല്ലാം മനസ്സിലാ ക്കുന്നു എന്തിനുവേണ്ടിയാണ് സുബൈറ ഇത്രയും കർക്കശമായ നിലപാട് സ്വീകരിച്ചത് എന്ന് എല്ലാവർക്കും മനസ്സിലാകുന്നു. കർക്കശമായ ആ ഇടപ്പെടലാണ് ഇത്രയും നല്ല ഒരു കൂട്ടായ്മയെ വാർത്തെടുക്കാൻ കഴിയുന്നത് ഏത് സമയത്തും പാതി വഴിയിൽ ഞാൻ തളർന്നുവീണേക്കാം കാരണം എന്റെ രോഗം എന്നെ തളർത്തിയെക്കാം ഏതുസമ യത്തും മറനീക്കി മരണം എന്നെ പിടികൂടിയേക്കാം…. പക്ഷേ ഒരു മരണത്തിനും രോഗ ത്തിനും എന്റെ മനസ്സ് തളർത്താനാവില്ല……………..

സുബൈറ

നവഭാവന കുടുംബശ്രീ

തില്ലെങ്കേരി ഗ്രാമപഞ്ചായത്ത്

# സമഗ്ര  നൽകിയ സമ്പത്ത്സമൃദ്ധി

ആലക്കോട് ഗ്രാമപഞ്ചായത്തിലെ 18ാം വാർഡ് അംഗമായ ഞാൻ കുടുംബശ്രീ അംഗമായിട്ട് 11 വർഷം പൂർത്തിയായിരിക്കുന്നു.ഈ കാലയളവിനുള്ളിൽ കുടുംബശ്രീ സമഗ്ര ആടു ഗ്രാമം പദ്ധതിയെ കുറിച്ച് പറയുമ്പോൾ എന്റെ കണ്ണീരോടെയെ എനിക്ക് പറയാനാവൂ.കാരണം എന്നെ വേറെയാരുടെ മുമ്പിലും കൈനീട്ടേണ്ട ഗതികേട് എനിക്ക് വരാതിരു്നനത് സമഗ്ര ആടു ഗ്രാമം പദ്ധതി ഒന്നു കൊണ്ട് മാത്രമാണ്.

കുടുംബശ്രീ അയൽക്കൂട്ടത്തിൽ വച്ച് സമഗ്ര പദ്ധതിയെ കുറിച്ചും സബ്സിഡിയിൽ ആടിനെ നൽകുന്നതും അിറയാൻ കഴിഞ്ഞപ്പോൾ ഞങ്ങൾ 5 പേർ ചേർന്ന് ഒരു ഗ്രൂപ്പ് രൂപീകരിക്കുകയും അയൽക്കൂട്ടം സെക്രട്ടറി മുഖേന സിഡിഎസ്സിൽ പേര് നൽകുകയും ചെയ്തു .അങ്ങനെ ഞങ്ങൾക്ക് 20 ആടിനെ ലഭിക്കുകയും ഓരോ അംഗങ്ങളും 5 ആടിനം വീതം എടുക്കുകയും ചെയ്തു.6 മാസം കൊണ്ട്  തന്നെ 5 ആട് എന്നുള്ളത് 10 ആയി വർദ്ധിച്ചു.3 വർഷം കൊണ്ട് അടച്ചു തീർക്കാവുന്ന ലോൺ 1  1/2 വർഷം കൊണ്ട് തന്നെ ഞങ്ങൾ അടച്ചു തീർത്തു.സമഗ്ര ആട് ചന്തയിലൂടെ 51 കിലോയുള്ള ഞാൻ വിറ്റ ഓരാടിന് 12000 രൂപവരെ ലഭിച്ചിട്ടുണ്ട്.കുടാതെ ആടിന്റെ കാഷ്ഠം ഉപയോഗിച്ച് ജൈവ കൃഷിയും നടത്തുന്നുണ്ട് ഇതിൽ നിന്നുള്ള ആദായവും എന്റെ വീടിന് താങ്ങാണ്.ആടിന്റെ പാൽ വീട്ടാവശ്യം കഴിഞ്ഞ് ആവശ്യകാർക്ക് കൊടുത്തും തൈരുണ്ടാക്കിയും അതിക വരുമാനവും ഞാൻ ഉണ്ടാക്കുന്നുണ്ട്.ആടിൽ നിന്ന് ഏകദേശം എനിക്ക് 5 ലക്ഷം രൂപയോളം എനിക്ക് വരുമാനം ലഭിച്ചു.

സാമ്പത്തികമായി പിന്നേക്കം നിൽക്കുന്ന ഞാൻ കഴിഞ്ഞ 28 വർഷമായി ആടു വളർത്തിയിട്ടുണ്ടെങ്കിലും വലിയൊരു അത്താണിയായി ആടു വളർത്തൽ മാറിയതും ഞാൻ തിരിച്ചറിഞ്ഞതും സമഗ്രയിലൂടെയാണ്.ആടു ഗ്രാമത്തിൽ വരുന്നതിനു മുമ്പ് നല്ല വില ലഭിച്ചിരുന്നില്ല.ആട് ഗ്രാമത്തിലൂടെയാണ് ആട് വളർത്തൽ ആദായകരമായി മാറിയത്.ആടിനെ വളർത്തുന്ന ശാസ്ത്രീയ രീതി ,മാർക്കറ്റ് സംവിധാനം,ന്ലല വില ,ചികിത്സാ സേവനങ്ങൽ തുടങ്ങിയവ ആടു ഗ്രാമത്തിൽ കൂടി എനിക്ക് ലഭിക്കുന്നുണ്ട്.

കുടുംബശ്രീയിൽ നിന്നെടുത്ത ലോൺ വരെ അടക്കുവാൻ ഭർത്താവിനെ ആശ്രയിച്ചായിരുന്നു ,സമഗ്ര എന്നെ സ്വന്തം കാലിൽ നിർത്തി.പിന്നീടുള്ള ഞങ്ങളുടെ സാമ്പത്തിക ആശ്രയം സമഗ്രയായിരുന്നു.കടങ്ങളെല്ലാം വീട്ടാൻ സാധിച്ചു.കുട്ടികളുടെ വിദ്യാഭ്യാസം,വീട്ടാവശ്യങ്ങൾ,വീട്ടുപകരണങ്ങൾ,എന്തിനേറെ ഭർത്താവിന്റെ മരണ ശേഷം 2 കുട്ടികളുടെയും വിഹാഹം നടത്തിയതും സമഗ്ര ആടു വളർത്തലിലൂടെയായിരുന്നു.

കണ്ണൂർ ജില്ലയിലെ മികച്ച ആട് കർഷകയ്ക്കുള്ള ക്യാഷ് അവാർഡും ട്രോഫിയും എനിക്ക് ലഭിക്കുകയുണ്ടായി.പാവപ്പെട്ടവന്റ പശു എന്നറിയപെടുന്ന ആട് വളർത്തൽ അക്ഷാരാർത്ഥത്തിൽ എന്റെ അനുഭവത്തിൽ സത്യമാണ്.ആഗ്രഹത്തിനൊപ്പം സമഗ്ര ആടു ഗ്രാമം പദ്ധതി നൽകിയ മാനേജ്മെന്റ് വൈദഗ്ദ്യം കൂടിയാണ് എന്നെ ഈ വിജയ ത്തിന്റെ പടികൾ കയറാൻ സാഹായിച്ചത്.

സാറാമ്മ ജോസഫ്

50 വയസ്സ്

അനുഗ്രഹാ കുടുംബശ്രീ

ആലക്കോട് ഗ്രാമപഞ്ചായത്ത്.

# കനിവ്

ഞാൻ കാസറഗോഡ് ജില്ലയിൽ കുറുഞ്ചേരി എന്ന സ്ഥലത്ത് ജനിച്ച ജനിച്ച ആളാണ്. അച്ഛനമ്മമാരുടെ ആറ് മക്കളിൽ 5–ാമത്തെ ആളായി ഒരു ദരിദ്ര കുടുംബ ത്തിലാണ് ജനനം. പ്രീ–ഡിഗ്രി രണ്ടാം വർഷം പഠിക്കുമ്പോഴായിരുന്നു വിവാഹം. പുരോഗമന ചിന്താഗതിക്കാരായ ഒരു കുടുംബാന്തരീക്ഷത്തിൽ നിന്നും കണ്ണൂർ ജില്ല യിലെ ചെറുതാഴം പഞ്ചായത്തിലെ അറത്തിൽ എന്ന സ്ഥലത്ത് ഒരു യാഥാസ്ഥിക കുടുംബത്തിലാണ് വിവാഹിതയായി എത്തിയത്. സ്ത്രീകൾ വീട്ടിൽ നിന്ന് പുറത്തിറ ങ്ങുന്നതോ പുരുഷന്മാരുമായി സംസാരിക്കുന്നതോ ഒന്നും തന്നെ ഇഷ്ടമല്ലാത്ത അമ്മയും ഭർത്താവിന്റെ സഹോദരങ്ങളുമടങ്ങിയ ഒരു വലിയ കുടുംബമായിരുന്നു. കുടുംബാന്തരീക്ഷവുമായി പൊരുത്തപ്പെടുന്നതിന് മനസ്സിനെ പാകപ്പെടുത്തിയെടു ക്കാൻ ഒരുപാട് പണിപ്പെടേണ്ടിവന്നിട്ടുണ്ട്. മെല്ലെ മെല്ലെ ഞാനും അവരുടെ രീതിയി ലേക്കായി. അങ്ങനെ 4 വർഷത്തന് ശേഷമാണ് എന്റെ മകനെ അംഗനവാടിയിൽ കൊണ്ടുവിടുന്നതിനായി ആദ്യമായി അടുക്കളക്ക് പുറത്തുള്ള ഒരു ലോകം കാണു ന്നത് എന്ന് തന്നെ പറയാം. എന്റെ മനസ്സിന് ഏറെ സന്തോഷം തോന്നിയ കാര്യമായി രുന്നു. അങ്ങനെയിരിക്കെ ഒരു വ്യക്തിത്വ വികസന ക്ലാസ്സ് നരീക്കാംവള്ളിയിൽ വച്ച് നടക്കുകയാണെന്നും പങ്കെടുക്കണമെന്നും അറിയിച്ചതിനെതുടർന്ന് ഞാനും പരിപാടി യിൽ പങ്കെടുത്തു. രാവിലെ 11 മണിക്ക് പോയ ഞാൻ വൈകുന്നേരം 4 മണിക്കാണ് തിരിച്ചെത്തിയത്. അന്ന് അമ്മയിൽ നിന്നും മറ്റുള്ളവരിൽ നിന്നും കേൾക്കാത്ത വഴക്കി ല്ല. എന്നെ സപ്പോർട്ട് ചെയ്യാൻ ആരുമുണ്ടായിരുന്നില്ല. ആത്മഹത്യ ചെയ്താലോ എന്നുപോലും ആലോചിച്ചുപോയിട്ടുണ്ട്. കാലം കടന്നുപോയി. സ്വന്തമായി വീടു വച്ച് താമസം തുടങ്ങാൻ തീരുമാനിച്ച് 2000 ജനുവരിയോടെ താമസം മാറി. ആ സമയ ത്താണ് തൊട്ടടുത്ത് പൊതുഅയൽക്കൂട്ട രൂപീകരണം നടന്നത്. അതിന്റെ പ്രസിഡ ണ്ടായി എന്നെ തെരഞ്ഞെടുത്തപ്പോൾ എനിക്ക് നല്ല വിറയലാണ് അനവുഭവപ്പെട്ടത്. അങ്ങനെ ഇടക്കിടെ യോഗങ്ങളിൽ പോകാൻ തുടങ്ങി. അങ്ങനെയിരിക്കെ 2001 ജനു വരി മാസം 20–ാം തീയ്യതി കുടുംബശ്രീ 17 അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിച്ചു. നവഭൂമി കുടുംബശ്രീയുടെ പ്രസിഡണ്ടായി എന്നെ തിരഞ്ഞെടുക്കുകയും ചെയ്തു. സാക്ഷരപ്രസ്ഥാനത്തിന്റെ ഭാഗമായി ഇൻസ്ട്രക്ടറായി 13 പഠിതാക്കൾക്ക് അക്ഷരവെ ളിച്ചം നൽകി എന്നതൊഴിച്ച് സാമൂഹിക പ്രവർത്തനവുമായി ഒരു പരിചയവുമി ല്ലാത്ത ഞാൻ മെല്ലെ മെല്ലെ കുടുംബശ്രീയെക്കുറിച്ച് പഠിക്കുവാൻ തുടങ്ങി. തുടർന്ന്

വാർഡ് പ്രസിഡണ്ടായി തിരഞ്ഞെടുക്കുകയും വാർഡിൽ നല്ല പ്രവർത്തനം കാഴ്ച വെക്കുകയും ഒരുപാട് അയൽക്കൂട്ടാംഗങ്ങളെ പരിചയപ്പെടുന്നതിനും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും സാധിച്ചു. 2005 ൽ കുടുംബശ്രീ സി ഡി എസ് ന്റെ വൈസ് ചെയർപേഴ്സണായി തെരഞ്ഞെടുക്കപ്പെടുമ്പോൾ കുടുംബശ്രീ പ്രവർത്തന ങ്ങളിലെ വലിയ അറിവൊന്നും ഉണ്ടായിരുന്നില്ല. ഒരു വർഷക്കാലം വൈസ് ചെയർപേഴ്സണായി പ്രവർത്തിക്കുകയും തുടർന്ന് സി ഡി എസ്സ് ചെയർപേഴ്സ ണായി തിരഞ്ഞെടുക്കുകയും ചെയ്തു. പ്രവർത്തനം തുടങ്ങി കുറച്ച് കഴിയുമ്പോ ഴാണ് എനിക്ക് സ്ഥാനത്തന്റെ വലിപ്പം-ജോലി ഭാരവും അറിയുന്നത്.

ഏങ്കിലും ഏറ്റവും താഴെത്തട്ടിൽ കിടക്കുന്ന ഒരു വിഭാഗത്തിന് എന്നാലാവും വിധം എന്തെങ്കിലും ചെയ്യാൻ കഴിയുമെന്നത് എന്നെ സംബന്ധിച്ചിടത്തോളം വലിയ കാര്യ മായി എനിക്ക് തോന്നുന്നു. അതുകൊണ്ടുതന്നെ ഇതൊരു വെല്ലുവിളിയായി സ്വീകരി ക്കാൻ ഞാൻ തീരുമാനിച്ചു. തുടർന്ന് 2008 ൽ നടന്ന തിരഞ്ഞെടുപ്പിൽ വീണ്ടും ചെയർപേഴ്സണായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. കണ്ണൂർ ജില്ലയിലെ ഡി ഗ്രേഡുള്ള പഞ്ചായത്തായിരുന്നു അന്ന് ചെറുതാഴം. മാത്രമല്ല റിവ്യൂ യോഗങ്ങളിൽ ഓരോ റിപ്പോർട്ടിനും ആദ്യം വിളിക്കുക ഒന്നാം നമ്പറിലുള്ള ചെറുതാഴത്തെയാണ്. ആ സമയത്ത് എന്റെ മാനസികാവസ്ഥ എന്തെന്ന് വാക്കുകളാൽ വിവരിക്കാൻ കഴിയി ല്ല. പേടിയും വിറയലും എന്ത് ചെയ്യണമെന്നറിയാതെ. എപ്പോഴും വഴക്ക് കേൾക്കുന്ന അവസ്ഥ. രണ്ട് യോഗങ്ങൾ കഴിഞ്ഞതോടെ ഞാനൊരു തീരുമാനമെടുത്തു. ഇനി ഇതിനൊരു മാറ്റം ഞങ്ങൾ വരുത്തും. അതിനാൽ എന്നാൽ കഴിയും വിധം പ്രവർത്തി ക്കുമെന്ന്. ഞങ്ങളുടെ സി ഡി എസ് ൽ ഇക്കാര്യം അവതരിപ്പിക്കുകയും ചെയ്തു. ഏകദേശം എല്ലാ കാര്യങ്ങളിലും സീറോ ആയ ഞങ്ങളുടെ പഞ്ചായത്തനെ എങ്ങനെ യെങ്കിലും കര കയറ്റാൻ ശ്രമം തുടങ്ങി. അതിന് ഞങ്ങളെ സഹായിക്കാൻ ആക്ഷൻ പ്ലാൻ രംഗത്ത് വന്ന സമയമായിരുന്നു. അങ്ങനെ കുടുംബശ്രീയുടെ സഹകരണത്തോ ടുകൂടി രണ്ട് വർഷത്തെ ആക്ഷൻ പ്ലാൻ നടപ്പിലാക്കിക്കൊണ്ട് 2010 ൽ പന്ത്രണ്ടാം വാർഷികത്തോടനുബന്ധിച്ച് നടന്ന ബെസ്റ്റ് സി ഡി എസ് ന്റെ മത്സരം എന്നെ സംബ ന്ധിച്ചിടത്തോളം പുതിയൊരു അനുഭവമായിരുന്നു. അങ്ങനെ കണ്ണൂർ ജില്ലയിലെ രണ്ടാം സ്ഥാനത്തുള്ള സി ഡി എസ് ആയി തെരഞ്ഞെടുക്കപ്പെടുകയും സംസ്ഥാന തല മത്സരത്തിനായുള്ള തിരുവനന്തപുരത്തേക്കുള്ള യാത്ര- എന്റെ ജീവിതത്തിൽ കണ്ണൂർ ജില്ലക്കപ്പുറം ഒരു ലോകമില്ല എന്ന് കരുതിയ ഞാൻ സംസ്ഥാനത്തെ മികച്ച സി ഡി എസ്സ് കളുടെ ഒപ്പം-അവരുമായി സൗഹൃദം പങ്കിട്ടതും ഒന്നും എന്റെ ജീവിത ത്തിൽ ഒരിക്കലും സംഭവിക്കുമെന്ന് കരുതിയ കാര്യങ്ങളല്ല. മാത്രമല്ല എന്റെ ജീവിത

ത്തിൽ ഞാൻ ഏറ്റവും സന്തോഷിച്ച നിമിഷം എന്ന് പറയാൻ അഭിമാനത്തോടെ ഞാൻ ഓർക്കുന്നത് എറണാകുളത്തുവെച്ച് നടന്ന സംസ്ഥാന തല ചെയർപേഴ്സൺമാരുടെ സംഗമത്തിൽ വെച്ച് എന്റെ ഗുരുനാഥൻ കൂടിയായ കില ഡയറക്ടർ രമാകാന്തൻ സാറുള്ള വേദിയിൽ വച്ച് അന്നത്തെ ആരോഗ്യമന്ത്രി ശ്രീമതി പി.കെ.ശ്രീമതി ടീച്ചറുടെ (എന്റെ നാട്ടുകാരി കൂടിയായ) കൈയ്യിൽ നിന്നും പ്രശസ്തി പത്രം ഏറ്റുവാങ്ങിയപ്പോൾ സന്തോഷം കൊണ്ട് എന്റെ കണ്ണ് നിറഞ്ഞുപോയി. എന്റെ ഒരു ജന്മം കൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടായി എന്ന് തോന്നിയ നിമിഷം – എന്നെ ഇത്തരത്തിൽ പ്രാപ്തയാക്കി മാറ്റുന്നതിൽ അന്നത്തെ സി എം സി ദാമോദരൻ സാറിന്റെ ഒരു സപ്പോർട്ട് ഒരിക്കലും മറക്കാൻ കഴിയുന്നതല്ല.

നല്ല അനുഭവങ്ങളോടൊപ്പം എന്നെ കരയിപ്പിച്ച അനുഭവങ്ങളും ഏറെ ഉണ്ടായിട്ടുണ്ട്. ആദ്യമായി ആശ്രയ കുടുംബാംഗമായ കെയിലേര്യൻ ശോഭന എന്നവരുടെ വീട് സന്ദർശിച്ച് കഴിഞ്ഞ അഞ്ച് ദിവസത്തോളം കരഞ്ഞ് ഉറങ്ങാൻ കഴിയാത്ത അവസ്ഥ...... എന്റെ മകനോടൊപ്പം പ്ലസ് വണ്ണിന് ചെറുതാഴം ഹയർ സെക്കണ്ടറി സ്ക്കൂളിൽ ഒരേ ബഞ്ചിൽ ഇരുന്ന് പഠിക്കുന്ന രണ്ട് ഇരട്ടക്കുട്ടികളാണ് ശോഭനക്കുള്ളത്. ശോഭന നേരെ ചൊവ്വേ എണീറ്റ് നടക്കാൻ കഴിയാത്ത ആളാണ്. ഭർത്താവാണെങ്കിൽ കിടപ്പിൽ തന്നെ. ഈ രണ്ട് കുട്ടികൾ സ്ക്കൂളിൽ ഏറ്റവും നന്നായി പഠിക്കുന്നവർ – അവർ പറഞ്ഞത്, രാവിലെ ഒരു ഗ്ലാസ് കട്ടൻ ചായയും കഴിച്ച് വീട്ടിലെ എല്ലാ ജോലിയും കഴിഞ്ഞ് പഠിക്കാൻ പോകുന്ന കുട്ടികളുടെ അവസ്ഥ ഞാൻ വീട്ടിൽ പോയി പറയുകയുണ്ടായി.എന്റെ മകൻ കരഞ്ഞുകൊണ്ട് ഭക്ഷണം പോലും കഴിച്ചില്ല. ഇതെല്ലാം കാണുന്നതിന് പുറമെ ഇവർക്കെന്തെങ്കിലും ചെയ്യാൻ കഴിയണമെന്ന് ഞാൻ ഉറപ്പിച്ചു.

ഇതിനെല്ലാം പുറമെ കുടുംബശ്രീ എന്ന മഹാ പ്രസ്ഥാനത്തിൽ ഒരു കണ്ണിയാവാൻ എനിക്ക് കഴിഞ്ഞിരുന്നില്ല എങ്കിൽ എനിക്ക് ഉറപ്പിച്ച് പറയാൻ കഴിയും ഞാനിന്നും വെറുമൊരു വീട്ടമ്മയായി ഒതുങ്ങി പോകുമായിരുന്നു. മാത്രമല്ല എന്റെ കുടുംബത്തിലെ നല്ല മാറ്റങ്ങൾ കുടുംബശ്രീ തന്ന ധൈര്യത്തിലൂടെ മാത്രം കൈവന്നതാണെന്ന് അഭിമാനത്തോടെ പറയുന്നു. അതിന് ഒരു ഉദാഹരണം എന്റെ മകളാണ്. സംസ്ഥാന കായിക മേളയിൽ സെലക്ഷൻ ലഭിച്ച് ചാലക്കുടിയിൽ പോകുന്ന സമയത്ത് ഭർത്താവും നാട്ടുകാരുമടക്കം കുട്ടിയെ വിടുന്ന കാര്യം പറഞ്ഞ് എതിർക്കുകയാണുണ്ടായത്. പക്ഷെ എന്റെ ഒറ്റ ധൈര്യത്തിൽ ഞാൻ മത്സരത്തിനയക്കുകയും ഇന്നവൾ സബ് ജൂനിയർ കേരള ഹോക്കി ടീമിന്റെ ഗോൾ കീപ്പറായി ദേശീയ മത്സരങ്ങളിലടക്കം പങ്കെടുത്തുകൊണ്ട്– ഉയരങ്ങളിലേക്കെത്തിക്കാൻ എനിക്ക് ധൈര്യം തന്നത് കുടുംബശ്രീ മാത്രമാണ്. ഇപ്പോൾ ഞാൻ

കേരളത്തിലെവിടെയും ഒറ്റയ്ക്ക് പോയി വരുന്നതിനും രാത്രി കാലങ്ങളിൽ പോലും സഞ്ചരിക്കുന്നതിനും മനോധൈര്യം നേടിക്കഴിഞ്ഞു. അതിലുപരി എന്നെ കുറ്റപ്പെടുത്തിയ എന്റെ അമ്മായിഅമ്മ ഏത് കാര്യത്തിനും എന്റെ അടുത്തേക്ക് ആളുകളെ പറഞ്ഞയക്കുന്ന അവസ്ഥയായി മാറി.

പത്മിനി. എം. വി

ചെറുതാഴം ഗ്രാമപഞ്ചായത്ത്

# കൂട്ടായ്മ

എന്റെ പേര് സിന്ദു. ഞാൻ പെരിങ്കോന്ന് ദേശത്ത് കെ.വി. കുഞ്ഞമ്പുവിന്റെയും കെ. വി. ശാന്തയുടെയും രണ്ടാമത്തെ സന്തതിയാണ്. വളരെ വലിയ കുടുംബത്തിലാണ് ഞാൻ ജനിച്ച് വളർന്നത്. ഒരു ജേഷ്ടനും കൂടി എനിക്കുണ്ടായിരുന്നു. വളരെയധികം കഷ്ടപ്പാടുള്ള കുടുംബമായിരുന്നു ഞങ്ങളുടേത്. അമ്മ ഒരാൾ ജോലി ചെയ്താണ് വീട്ടിലുള്ള മറ്റ് അംഗങ്ങളേയും നമ്മളേയും വളർത്തിയത്. അച്ഛൻ രാഷ്ട്രീയ പ്രവർത്തകനായിരുന്നു. ആദ്യകാലങ്ങളിൽ സ്കൂളിൽ പോകുന്ന സമയത്ത് ക്ലാസ്സില്ലാത്ത ദിവസങ്ങളിൽ അച്ഛന്റെയും അമ്മയുടെയും കൂടെ കല്ല് കൊത്തുന്ന പണയിൽ പോയി കഴിയുന്ന രീതിയിൽ പണികൾ ചെയ്തു. കലാകായിക പരിപാടിയിലും പാർട്ട പരിപാടിയിലും ചെറിയ രീതിയിൽ പങ്കെടുക്കുമായിരുന്നു. അതെല്ലാം കഴിഞ്ഞ് അപ്പഴും സാമ്പത്തികമായി വളരെയധികം പുറകോട്ടായിരുന്നു. എന്നിട്ട് 1995–ൽ കൊയ്യം പ്രദേശത്ത് രാമപെരുവണ്ണാന്റെ മകൻ കല്യാണം കഴിച്ച് കൊണ്ടിവരികയും ചെയ്തു. അതോടെ രാഷ്ട്രീയവും കലാകായിക പരിപാടികളും അവിടെ നിർത്തേണ്ടി വന്നു. പിന്നെ ആറ് വർഷത്തിന് ശേഷം 2001–ൽ എന്റെ ഭർത്താവിന്റെ വീട്ടിൽ വെച്ച് കുടുംബശ്രീ കെ. മോഹനന്റെ നേതൃത്വത്തിൽ പി.പി.ബിന്ദു സെക്രട്ടറിയായും, കെ.വി. സിന്ദു എന്ന ഞാൻ പ്രസിഡന്റായും മറ്റ് മൂന്ന് ഭാരവാഹികളെയും തിരഞ്ഞെടുത്ത് കുടുംബശ്രീ രൂപീകരിച്ചു. അതോടുകൂടി തന്നെ എ ഡി എസ് മെമ്പർ സ്ഥാനത്ത് പ്രവർത്തനം തുടങ്ങി. പിന്നീട് എ ഡി എസ് പ്രസിഡന്റായി പ്രവർത്തിച്ചു. അതിന്റെ കൂടെ സി ഡി എസ് മെമ്പറും ആയിരുന്നു. സി ഡി എസ് മെമ്പർ സ്ഥാനത്ത് ഉള്ള പല വാർഡിന്റെ ചാർജ്ജ് തരികയും അവിടെ എല്ലാം പങ്കെടുക്കുകയും അങ്ങനെ പല ആളുകളുമായി ബന്ധപ്പെടുകയും ചെയ്യാൻ കഴിഞ്ഞു. ആ സമയത്ത് തന്നെ വളക്കൈയ്യിൽ വച്ച് നടന്ന ഒരു പരിപാടിയിൽ നന്ദി പറയാനുള്ള അവസരം ഉണ്ടായിരുന്നു. അങ്ങനെ ആദ്യമായി ഒരു മൈക്കിന്റെ മുമ്പിൽ നിന്നും ആളുകളുടെ മുമ്പിൽ നിന്നും രണ്ട് വാക്ക് സംസാരിക്കാനുള്ള അവസരം ലഭിച്ചു. അങ്ങനെ ഒരു അവസരം ലഭിച്ചത് കുടുംബശ്രീയിൽ ചേർന്നതുകൊണ്ടാണ്. ഈ ഒരു പ്രവർത്തനത്തിന്റെ ഫലമായി പഞ്ചായത്തുമായും, അവിടെയുള്ള ഉദ്യോഗസ്ഥന്മാരുമായി പരിചയപ്പെടാനും, മെമ്പർമാരുമായി ഇടപഴകുവാനും സാധിച്ചു. ഇതുപോലെ 6 വർഷം തുടർന്ന് പോയി. പിന്നീട് എ ഡി എസ് ന്റെ സെക്രട്ടറി സ്ഥാനം ഏറ്റെടുക്കുകയും ഒരു ഡയറക്ട് മാർക്കറ്റിംഗ് ആരംഭിക്കുകയും ചെയ്തു. ആ കച്ചവടം ഉദ്ഘാടനം വാർഡ് മെമ്പർ ചെയ്യുകയും അതിൽ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരും വി ഇ ഓയും, ചാർജ്ജ് ഓഫീസറും പങ്കെടുത്തിരുന്നു. വലിയൊരു രീതിയിൽ തന്നെ എ ഡി എസ് ന്റെ നേതൃത്വത്തിൽ ആര

ഭിച്ചു. കടയുടെ സ്ഥാനം ഏറ്റെടുക്കുകയും സാധനങ്ങൾ ബസ്സിൽ കയറ്റി കൊണ്ടു വരാനും അത് വിറ്റഴിക്കാനും എല്ലാവരുടെ കൂടെ സജീവമായി പ്രവർത്തിച്ചിരുന്നു. ഡയറക്ട് മാർക്കറ്റിങ്ങിനുള്ള മീറ്റിങ്ങിൽ എല്ലാ മാസവും കണ്ണൂർ പാർക്കൻസ് ഓഡിറ്റോറിയത്തിൽ പങ്കെടുക്കാറുണ്ട്. അങ്ങനെ അവിടെ വരുന്ന പല പഞ്ചായത്തുകളിലെ കുടുംബശ്രീ ഡയറക്ട് മാർക്കറ്റിങ്ങിലെ ആൾക്കാരുമായി പരിചയപ്പെടാൻ സാധിച്ചു. ആണുങ്ങൾ സഹായിക്കാതെ തന്നെ തളിപ്പറമ്പിൽ നിന്നും ശ്രീകണ്ഠാപുരത്തുനിന്നും സാധനങ്ങൾ ബസ്സിൽ കൊണ്ടുവരാൻ കഴിയുമെന്ന ഒരു വിശ്വാസം നിലനിർത്തുകയും അത് പ്രാബല്യത്തിൽ വരുത്തുകയും ചെയ്തു. അപ്പോഴാണ് ഏത് ന്യായമായ തൊഴിലും കൂട്ടായി ശ്രമിച്ചാൽ ചെയ്യാൻ കഴിയുമെന്ന് ബോധ്യമായത്. ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചത് കുടുംബശ്രീയുടെ കൂട്ടായ്മ കൊണ്ട് മാത്രമാണ്.

ഇങ്ങനെയുള്ള സമയങ്ങളിൽ തന്നെ പുതിയ കുടുംബശ്രീ രൂപീകരിക്കാൻ ചാർജ്ജ് ഓഫീസർ നിർദ്ദേശം തരികയും അങ്ങനെ രൂപീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. എന്റെ കൂടെ വേറെ ഒരു സി ഡി എസ് മെമ്പറെ കൂടി അയച്ചിരുന്നു. രൂപീകരിക്കാൻ ചെല്ലുകയും അവിടെ എത്തി നോക്കുമ്പോൾ ഒരു കുടുംബത്തിൽ നിന്നും രണ്ടു പേർ കുടുംബശ്രീയിൽ ഉണ്ടെന്നും അറിയിച്ചു. അതോടുകൂടി ഒരാൾ മാത്രമേ പറ്റുകയുള്ളൂ എന്ന് പറഞ്ഞ് പിരിഞ്ഞ് പോയി. അവിടെ നമുക്ക് വളരെയധികം വിഷമങ്ങൾ ഉണ്ടാക്കുന്ന രീതിയിൽ ആയിരുന്നു അവരുടെ പെരുമാറ്റങ്ങൾ. അതിന് ശേഷം ഞങ്ങൾ ചാർജ്ജ് ഓഫീസറെയും കൂട്ടി പിന്നീട് കുടുംബശ്രീ രൂപീകരിക്കാൻ അവിടെ തന്നെ പോവുകയും ചെയ്തു. നമ്മൾ പറഞ്ഞതുപോലെ തന്നെ ചാർജ്ജ് ഓഫീസറും പറഞ്ഞു. ഒരു കുടുംബത്തിൽ നിന്ന് ഒരംഗത്തിന് മാത്രമേ കുടുംബശ്രീ അംഗമാകാൻ സാധിക്കുകയുള്ളൂ എന്ന്. അങ്ങനെ ആ കുടുംബശ്രീ രൂപീകരിക്കുകയും ചെയ്തു. ഈ പ്രശ്നം വൈസ് പ്രസിഡന്റുമായി സി ഡി എസ് ൽ പ്രശ്നമാകുകയും അതോടെ സി ഡി എസ് സ്ഥാനത്ത് നിന്ന് ഞാൻ പിൻമാറുകയും ചെയ്തു. പിന്നീട് എ ഡി എസ് ന്റെ പ്രവർത്തനത്തിലും കുടുംബശ്രീയിലും മാത്രമായി എ ഡി എസ് സെക്രട്ടറിയായി പ്രവർത്തിക്കുമ്പോൾ കൊയ്യത്തുള്ള പല കുടുംബശ്രീകളിലുമുള്ള പ്രശ്നങ്ങൾ പരിഹരിക്കാനും സാധിച്ചിട്ടുണ്ട്. കഴിയാത്ത സാഹചര്യത്തിൽ ചെയർപേഴ്സൺ ആയ അമ്മുക്കുട്ടി ചേച്ചിയെ വിളിച്ച് പ്രശ്നങ്ങൾ പരിഹരിച്ചിരുന്നു. പിന്നീട് കുടുംബപ്രശ്നങ്ങൾ കാരണം എ ഡി എസ് സെക്രട്ടറി സ്ഥാനം മാറുകയും എ ഡി എസ് എന്ന സ്ഥാനം ഏറ്റെടുത്ത് നടത്തുകയും ചെയ്തു. എ ഡി എസ് ന്റെ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി

പങ്കെടുക്കുകയും ചെയ്തിരുന്നു. ഇതിന്റെ എല്ലാം കൂടെ തന്നെ എന്റെ കുടുംബശ്രീയായ അതുല്യ എന്നപേരിൽ അറിയപ്പെടുന്ന ഒരു നല്ല യൂണിറ്റിനുള്ള പേര് സ്ഥാപിച്ചെടുക്കുവാനും സാധിച്ചിരുന്നു. കുടുംബശ്രീ രൂപീകരിച്ച ആ സമയത്ത് തന്നെ പാട്ടത്തിന് തന്നെ പാട്ടത്തിന് വയൽ എടുക്കുകയും അതിൽ പലതരം കൃഷി ഇറക്കുകയും അത് നല്ല രീതിയിൽ തന്നെ എല്ലാവരും ചേർന്ന് വിളവെടുക്കുകയും കടകളിലും വീടുകളിലും വിറ്റഴിക്കുകയും നല്ല നേട്ടം കൈവരിക്കുകയും ചെയ്തിരുന്നു. അത് കഴിഞ്ഞതിന് ശേഷം അഞ്ച് അംഗങ്ങൾ ചേർന്ന് ടൈലറിംഗ് നടത്തുകയും ചെയ്തിരുന്നു. കുറേശെ പഠിച്ചവർ കുറച്ച് തുണികൾ കൊണ്ടുവന്ന് അത് അടിച്ച് വീടുകൾ തോറും കയറിയിറങ്ങി വിൽപ്പന നടത്തുകയും ചെയ്തിരുന്നു. അതിലും മുൻപന്തിയിലായി പ്രവത്തിച്ചിരുന്നു. അതിനിടെ മാച്ചിംഗ് ഗ്രാന്റും ലഭിച്ചിരുന്നു. അതുകൊണ്ടാണ് ഇതുവരെയുള്ള പ്രവർത്തനങ്ങൾ നടത്തയിരുന്നത്. അതും പല കാരണങ്ങൾ കൊണ്ട് നിർത്തിവെയ്ക്കേണ്ടി വന്നു. അതിന് ശേഷം പശുവളർത്തൽ അഞ്ച് അംഗങ്ങൾ കൂടി നടത്താൻ തീരുമാനിക്കുകയും സബ്സിഡി വകയുള്ള ലോൺ എടുക്കുകയും അതിനകൊണ്ട് രണ്ട് കറവപശുവിനെ വാങ്ങുകയും ചെയ്തു. അങ്ങനെ നമ്മൾ ഒരു സംരംഭം തുടങ്ങിയതിനാൽ പെരുന്തലേരിയിൽ ഉണ്ടായിരുന്ന പാൽ സൊസൈറ്റി കൊയ്യത്ത് കൊണ്ടുവരുവാൻ എല്ലാവരോടും നിർദ്ദേശിക്കുകയും അത് പ്രാബല്യത്തിൽ വരുത്തുവാനും ഞങ്ങൾക്ക് സാധിച്ചു. അങ്ങനെ മൂന്ന് വർഷം കൊണ്ട് നടക്കുകയും അതിൽ ഒന്നിനെ പാൽ കുറവായത് കാരണം വിൽക്കേണ്ടതായും വന്നു. പിന്നെയുള്ള ഒന്നിനെ എല്ലാവരും നോക്കുകയും അതിന്റെ എല്ലാ കാര്യങ്ങളും ശ്രദ്ധിക്കുകയും ചെയ്തു. പിന്നീട് അത് രണ്ട് പേർക്ക് കൊടുക്കുകയും മറ്റ് മൂന്ന് പേർ ഒഴിവാകുകയും ചെയ്തു. ആ പശു പിന്നീട് വീണ് കാലൊടിയുകയും അതിനെയും നഷ്ടത്തിൽ വിറ്റ് ഒഴിവാക്കേണ്ട അവസ്ഥ വന്നു. അങ്ങനെ എല്ലാ വഴികളും പാതി വഴിയിൽ നിർത്തേണ്ടി വന്നു. ഇങ്ങനെ ഒരു കുടുംബശ്രീ പ്രവർത്തനത്തിലൂടെ കുറെ ആളുകളെ അടുത്തറിയുവാനും ഓഫീസുകളിൽ ധൈര്യപൂർവ്വം കയറി കാര്യങ്ങൾ സാധിക്കുവാനും ആരുടെ മുന്നിലും സത്യസന്ധമായ കാര്യങ്ങൾ പറയുവാനും സാധിക്കുന്നുണ്ട്.

കുടുംബശ്രീയുടെ മാറ്റങ്ങൾ കൊണ്ട് നമുക്ക് നല്ല നല്ല കാര്യങ്ങൾ തിരിച്ചറിയാനും സാധിച്ചു. സാമ്പത്തികമായ കാര്യങ്ങൾ തരണം ചെയ്ത് കൊണ്ടുപോകാനും അത്യാവശ്യഘട്ടങ്ങളിൽ വായ്പ എടുക്കുവാനും സാധിക്കുന്നു. പെട്ടെന്ന് ഉണ്ടാകുന്ന ആശുപത്രി കേസുൾ പോലുള്ളവയ്ക്ക് അഞ്ച് ഭരണസമിതി അംഗങ്ങളോട് പറഞ്ഞ് പ്രശ്നം പരിഹരിക്കാൻ സാധിക്കുന്നുണ്ട്. ഒരു ബാങ്കിൽ ആണെങ്കിൽ എത്ര ആളുകളെ

കാണണം, എന്തെല്ലാം കരാറുകൾ ഉറപ്പിക്കണം. നിബന്ധനകൾ ഒന്നു പിഴച്ചാൽ പണം കിട്ടാനും വിഷമമാണ്. ഇതാണെങ്കിൽ മുറ്റത്തെ പണസഞ്ചി എന്ന് തന്നെ സൂചിപ്പിക്കാം അതാണ് കുടുംബശ്രീ. ഈ കുടുംബശ്രീ കൊണ്ട് വലിയൊരു നേട്ടം തന്നെയാണ് ഉള്ള ത്. ഇതിലൂടെ തന്നെ പ്രവർത്തിക്കുന്നതിലൂടെ ആശാവർക്കർ എന്ന സ്ഥാനത്തേക്കും കയറാൻ സാധിച്ചു. ഇപ്പോൾ കുടുംബശ്രീയും ആശയുമായി മുന്നോട്ട് പോകുന്നു. നല്ലൊരു മഹത്തായ പ്രസ്ഥാനമാണ് കുടുംബശ്രീ. ഇതിലൂടെ വലിയൊരു മാറ്റം ജീവിത ത്തിൽ ഉണ്ടാക്കാൻ സാധിച്ചു. ആശയായി പ്രവർത്തിക്കുന്നതിന് കുറെ പരിശീലനവും അതിലൂടെ കുറെ ആളുമായി പരിചയപ്പെടാനും സുഹൃദ്ബന്ധം സ്ഥാപിക്കുവാനും സാധിച്ചു. കുറെ ആരോഗ്യ പ്രവർത്തകരും ഉദ്യോഗസ്ഥന്മാരുമായി ബന്ധപ്പെടാനും സാധിച്ചു. അസുഖങ്ങളെയും അത് പരത്തുന്നത് എങ്ങനെ, അതിനുള്ള പ്രതിവിധി എന്തെന്നും മനസ്സിലാക്കുവാനും പഠിക്കുവാനും സാധിച്ചു. ഇങ്ങനെയൊക്കെ മാറ്റം വന്നത് കുടുംബശ്രീയിലൂടെയാണ്. അതുപോലെ ഉപകാരങ്ങളും ജനങ്ങൾക്ക് വ്യക്തിപര മായും കുടുംബശ്രീ മുഖേനയും ചെയ്യാൻ സാധിച്ചിട്ടുണ്ട് ഇതൊക്കെ വലിയൊരു അനു ഭവം തന്നെയായിട്ടാണ് എനിക്ക് മനസ്സിലാക്കുവാൻ സാധിച്ചത്.

സിന്ധു. കെ.വി,
ചെങ്ങളായി ഗ്രമാപഞ്ചായത്ത്
തലക്കോട്ട് പുരയിൽ,
അതുല്യ കുടുംബശ്രീ, കൊയ്യം

# സധൈര്യം

പുരുഷന്മാർ ഇന്ന് മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അടിമകളാണ്. സി.പി. ലക്ഷ്മിക്കുട്ടി ടീച്ചറുടെ നേതൃത്വത്തിൽ കുടംബശ്രീ അംഗങ്ങൾ വീട് വീടാന്തരം കയറിയിറങ്ങി ബോധവൽക്കരണം നടത്തി. ഇതിനാലൊന്നും മദ്യവില്പനക്ക് മാറ്റം വന്നില്ല. ഞങ്ങൾ 25 പേരും കൂടി ടീച്ചറുടെ സമ്മതപ്രകാരം രണ്ട് സ്ക്വാഡ് രൂപീകരിച്ചു. മദ്യം വിൽക്കുന്ന വീടുകളിൽ പോയി മദ്യം ഉണ്ടാക്കുന്ന വാഷ് കണ്ടുപിടിച്ച് തല്ലി ഉടച്ചു. പിന്നെയും തുടരുന്നതുകൊണ്ട് ഞങ്ങൾ വാഷ് കണ്ടെടുത്ത് പോലീസ്സിൽ വിവരം നൽകി. 5 മണിക്ക് വിവരം അറിയിച്ചിട്ടും പോലീസ് എത്തിയത് രാത്രി 8 മണി മണിക്ക്. അതുവരെയും ടീച്ചറും ഞങ്ങൾ 10 പേരും വാഷിന് കാവൽ നിന്നു. പോലീസ് വന്നു തെളുവുകൾ എടുത്തു. സാധനങ്ങളെല്ലാം വണ്ടിയിൽ കയറ്റി. കേസ് ആക്കണമെങ്കിൽ ജാമ്യം നിൽക്കണം. മൂന്ന് പേർ ഒപ്പിടണം എന്നു പറഞ്ഞു. ആരും തയ്യാറായില്ല. അവസാനം ഞാനും വേറെ മൂന്നുപേരും ഒപ്പിട്ടു. 6 മാസം കഴിഞ്ഞു. കോടതിയിൽ പോകാൻ വിവരം കിട്ടി. കോടതിയിൽ പോകുമ്പോൾ എന്ത് പറയണം എന്ന് അറിയില്ല. നാട്ടിൽ ചിലരോട് വിവരങ്ങൾ എല്ലാം മനസ്സിലാക്കി. കോടതിയും പോലീസ് സ്റ്റേഷനും എവിടെയാണ് എന്ന് പോലും അറിയാത്ത ഞാൻ പേടികൊണ്ട് ഉറങ്ങാറില്ല. കോടതിയിൽ പോയി സത്യം ചെയ്യിക്കുമ്പോൾ എ ന്തായിരിക്കും അവസ്ഥ എന്നുള്ള ഭയം ഉണ്ടായിരുന്നു. രണ്ട് കേസ് ആണ് ഉള്ളത്. ഒന്ന് 6 മാസം ജയിൽ ശിക്ഷയും ഒരു ലക്ഷം രൂപ പിഴ അടക്കാനും വിധി ആയി. ഒരു കേസ് തീർന്നില്ല. നടന്നുകൊണ്ടിരിക്കുന്നു. അങ്ങനെ സ്ത്രീകൾ മദ്യം വിൽക്കുന്നത് കുറെയൊക്കെ ഇല്ലാതാക്കാൻ കുടുംബശ്രീ അംഗങ്ങൾക്ക് സാധിച്ചിട്ടുണ്ട്. മദ്യം വിൽക്കുന്ന മൂന്ന് സ്ത്രീകൾ ഞങ്ങളുടെ കുടുംബശ്രീയിൽ അംഗങ്ങളാണ്. (ഇതിന് എല്ലാം കാരണം കുടുംബശ്രീ പ്രസ്ഥാനം തന്നെയാണ്.)

ഇത് കൂടാതെ എനിക്ക് ബസ്സിൽ ഒരു അനുഭവം ഉണ്ടായി. നല്ലതുപോലെ മദ്യം കഴിച്ച ഒരാൾ എന്റെ പിറകിൽ നിന്നു. അയാൾ എന്നെ ശല്യം ചെയ്യാൻ തുടങ്ങി. ബസ്സിൽ നല്ല തിരക്കാണ്. ഞാൻ അയാളോട് മാറിനിൽക്കാൻ പറഞ്ഞു. മാറിയില്ല. അടുത്ത സ്റ്റോപ്പിൽ നിന്ന് ഒരു പെൺകുട്ട കയറി. പിന്നെ ആ കുട്ടിയോട് ആയി ശല്യം. കുറച്ച് സമയം സഹിച്ചു. പിന്നെ ഞാൻ ഒന്നും നോക്കിയില്ല. തുന്തയ്ക്ക് ഒന്നു കൊടുത്തു. എല്ലാവരും എന്താണ് എന്താണ് എന്നു ചോദിച്ചു. അവരോട് തന്നെ ചോദിക്ക് എന്ന് ഞാൻ പറഞ്ഞു. അയാൾ അടുത്ത ബസ് സ്റ്റോപ്പിൽ ഇറങ്ങി. പിന്നെയും എല്ലാവരും ചോദിച്ചു. കാര്യങ്ങൾ എല്ലാം പറഞ്ഞു. സ്ത്രീകൾ അനുകൂലമായി പറഞ്ഞു. പുരുഷന്മാർ കുറച്ചുപേർ എതിർത്താണ് പറഞ്ഞത്. പിന്നെ എനിക്ക് ഭയങ്കരമായ പേടി തോന്നി. വിറയൽ കൊണ്ട് ബസ്സിൽ നിൽക്കാൻ സാധിക്കുന്നില്ല. ഇതെല്ലാം കുടുംബശ്രീ മീറ്റിംഗിലും, എ.ഡി.എസ്, സി.ഡി.എസ് മീറ്റിംഗിലും അവതരിപ്പിച്ചു. എല്ലാവരും എന്നെ അഭിനന്ദനം അറിയിച്ചു. വീട്ടിൽ പറഞ്ഞു. ചെറിയ തോതിൽ വഴക്ക് കിട്ടി. ഭർത്താവിന്റെ ഭാഗത്തുനിന്ന് നല്ല സപ്പോർട്ടാണ് ലഭിച്ചത്. ഇതിനെല്ലാം ധൈര്യം തന്നത് കുടുംബശ്രീ പ്രസ്ഥാനം ആണ്. കുടുംബശ്രീ വഴി എനിക്ക് ഈ കാര്യങ്ങളൊക്കെ ചെയ്യാനുള്ള ധൈര്യവും തന്റേടവും തന്നത് എന്റെ കുടുംബശ്രീ തന്നെയാണ്.

എന്ന്

കെ. കെ. രുഗ്മിണി

എ ഡി എസ് സെക്രട്ടറി

എരമം കൂറ്റൂർ ഗ്രാമപഞ്ചായത്ത്

# എനിക്കും ഒരു കൂട്ടുണ്ട്

സംസ്ഥാനത്തെ കേവല ദാരിദ്ര്യം ഇല്ലായ്മ ചെയ്യുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'കുടുംബശ്രീ' എന്ന പ്രസ്ഥാനത്തിന് മുന്നിൽ ഞാൻ ആദ്യമായി നമിക്കുന്നു.

എന്തെന്നാൽ കുടുംബശ്രീയുടെ 14–ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ എക്സിക്യൂട്ടീവ് ഡയറക്ടർ അനുഭവകുറിപ്പ് എഴുതാൻ പറഞ്ഞപ്പോൾ തന്നെ സന്തോഷം തോന്നി. കാരണം എന്നെ ഞാനാക്കി മാറ്റിയ കുടുംബശ്രീയെക്കുറിച്ച് എഴുതാൻ കഴിയുമല്ലോ എന്നതുതന്നെ. കുറെ അനുഭവങ്ങൾ ഉണ്ടെങ്കിലും എങ്ങനെ തുടങ്ങണം എവിടെ തുടങ്ങണം എന്ന ആശങ്കയിൽ എഴുതതെ നിന്നപ്പോൾ എന്റെ കൂട്ടുകാരി രജിതയുടെ നിർബന്ധത്തിൽ ഞാൻ എന്റെ ഓർമ്മയിൽ നിൽക്കുന്ന കുറച്ച് കാര്യങ്ങൾ കുറിച്ചിടുന്നു. കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിലെ XIV–ാം വാർഡിൽ രാമപുരം എന്ന സ്ഥലത്ത് സാധാരണക്കാരിൽ സാധാരണക്കാരിയായി സ്കൂൾ വിദ്യാഭ്യാസവും കോളേജ് വിദ്യാഭ്യാസവുമായി കഴിഞ്ഞുകൂടുകയും അതിന് ശേഷം എന്ത് ചെയ്യണമെന്നറിയാതെ വെറുതെ വീട്ടിൽ ഇരിക്കുന്ന സമയത്താണ് 2000 ആഗസ്ത് മാസം അന്നത്തെ വാർഡ് മെമ്പറായ കോരേട്ടൻ വന്ന് പറയുന്നത് പഞ്ചായത്തിൽ കുടുംബശ്രീ തുടങ്ങുന്നുണ്ട്. നമുക്ക് ഈ വാർഡിലും കുടുംബശ്രീ രൂപീകരിക്കണം എന്ന്. അപ്പോൾ ഞാൻ മെമ്പറോട് പറഞ്ഞു. എന്റെ കോരേട്ടാ ഈ പെണ്ണുങ്ങളെ മുഴുവൻ യോജിപ്പിച്ച് കൊണ്ടുപോവുക എന്നത് വലിയ പാടാണ് എന്ന്. സാരമില്ല നീ ഒന്ന് എല്ലാവരെയും വിളിച്ച് ചേർക്കുക. ബാക്കി കാര്യങ്ങൾ ഞാൻ പറഞ്ഞുതരാം എന്ന്. ഇഷ്ടമില്ലാതെയാണെങ്കിലും രാമപുരം പ്രദേശത്തെ 36 സ്ത്രീകളെ വിളിച്ചുചേർത്തു. അന്ന് കുടുംബശ്രീയെക്കുറിച്ച് മെമ്പർ കുറച്ച് കാര്യങ്ങൾ സംസാരിച്ചു. 13/08/2000 ത്തിൽ 'ന്യൂജ്യോതി'എന്ന പേര് നല്കികൊണ്ട് നമ്മുടെ ജൈത്രയാത്ര തുടങ്ങി. ഇപ്പോഴും ആ യാത്രയിൽ കുടംബശ്രീ പ്രവർത്തനം എന്റെ വ്യക്തി ജീവിതത്തെ എങ്ങിനെ മാറ്റിമറിച്ചു എന്നും എനിക്കുണ്ടായ നേട്ടങ്ങളും കോട്ടങ്ങളും ഒക്കെയാണ് ഈ ചെറിയ ഓർമ്മകുറിപ്പിലൂടെ വിവരിക്കുന്നത്.

ഞാൻ ആദ്യം എഴുതിയത് പോലെ അധികം ആരോടും സംസാരിക്കാൻ ചമ്മലോ ഭയമോ ഉള്ള ഒരാളായിരുന്നു. ബസ്സിൽ കയറിയാൽ ഛർദ്ദി കാരണം യാത്രയും കുറവ്.

കുടുംബശ്രീ തുടങ്ങി പ്രസിഡന്റായി പ്രീതേച്ചിയും സെക്രട്ടറിയായി എന്നെയും തെരഞ്ഞെടുത്തു. ആദ്യമൊക്കെ 10 രൂപ നിക്ഷേപം വയ്ക്കുക എന്നതുമാത്ര

മായിരുന്നു കുടുംബശ്രീ. ഞായറാഴ്ച സ്ത്രീകൽ വരുമ്പോൾ പുരുഷന്മാർ പറയുമായിരുന്നു ഓ......കലഹശ്രീക്ക് പോവുകയായിരിക്കും എന്ന്. അപ്പോൾ ഒന്നും തിരിച്ചുപറയാനുള്ള കഴിവ് ഇല്ലായിരുന്നു. പിന്നീട് 6–8 മാസമായപ്പോഴേക്കും എന്നിൽ കുറച്ച് ആത്മവിശ്വാസവും ധൈര്യവും ഒക്കെ വരുന്നത് ഞാൻ അറിയുകയായിരുന്നു. കുടുംബശ്രീയിൽ ചേരാതെ പുറത്ത് നില്ക്കുന്നവരുടെ ചോദ്യങ്ങൾക്ക് ഉത്തരം പറയാനുള്ള ധൈര്യം കിട്ടി.

2002 ഡിസംബറിൽ സെക്രട്ടറിയായി എ ഡി എസ് തെരഞ്ഞെടുത്തു. അപ്പോൾ മെമ്പർ പറഞ്ഞു, അടുത്ത ദിവസം സി ഡി എസ് തെരഞ്ഞെടുപ്പാണ് എ ഡി എസ് പ്രസിഡന്റും സെക്രട്ടറിയും പങ്കെടുക്കണം. ശരി പോയേക്കാം എന്ന വിചാരത്തിൽ പഞ്ചായത്തിൽ പോയി. സി ഡി എസ് തെരഞ്ഞെടുപ്പിൽ പ്രസിഡന്റായി നിൽക്കാൻ പറഞ്ഞപ്പോൾ എനിക്ക് ഇന്നും കാണാം എന്റെ അപ്പോഴത്തെ സങ്കടം. ഉച്ചത്തിൽ കരഞ്ഞില്ല എന്നു മാത്രമേ ഉള്ളൂ. എന്റെ ജീവൻ പോകുന്ന സങ്കടമായിരുന്നു. എല്ലാം കഴിഞ്ഞ് അംഗങ്ങളോട് സംസാരിക്കാൻ ചാർജ്ജ് ഓഫീസർ പറഞ്ഞപ്പോൾ എനിക്ക് സംസാരിക്കാൻ പോയിട്ട് ഒന്ന് ശരിക്ക് നിൽക്കാനുള്ള ശക്തി വരെ ഇല്ലായിരുന്നു. പഞ്ചായത്തുമായി യാതൊരു ബന്ധവും ഇല്ലാത്തയാളായാരുന്നു ഞാൻ. എങ്കിലും അന്നത്തെ ചാർജ്ജ് ഓഫീസർ രാജൻ സാർ പറഞ്ഞുതരുന്ന കാര്യങ്ങൾ ചെയ്തു. എ ഡി എസ് തലത്തിൽ പോകുവാൻ തുടങ്ങി. എനിക്ക് ഓർമ്മയുണ്ട് ഞാൻ ആദ്യമായി ബാലേശുഗിരിയിലെ ഒരു കുടുംബശ്രീയിലാണ് പോയത്. ലോകവനിതാ ദിനത്തിൽ. കുറച്ചൊക്കെ സംസാരിക്കണം എന്നുവിചാരിച്ചാണ് പോയത്. പക്ഷെ അംഗങ്ങൾ എല്ലാം കൂടി കണ്ടപ്പോൾ എന്റെ ധൈര്യമെല്ലാം ചോർന്നു പോയി. എനിക്ക് സങ്കടമായിരുന്നു. ഇങ്ങനെ ആയാൽ ശരിയാവില്ല. ഞാൻ കുറച്ചുകൂടി ഉഷാർ ആവണം എന്ന് മനസ്സിൽ വിചാരിച്ചു.

തളിപ്പറമ്പിൽ പോലും തനിച്ച് പോവാതിരുന്ന ഞാൻ കണ്ണൂരിൽ റിവ്യൂ മീറ്റിംഗിൽ പങ്കെടുക്കാൻ പോയി. ദരിദ്രരിൽ ദരിദ്രരെ കണ്ടെത്തി പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'ആശ്രയ' എന്ന പദ്ധതിയുടെ ഭാഗമായി 2003 മെയ് 5 ന് തിരുവനന്തപുരത്ത് മാർ ഗ്രിഗോറിയസ് റിന്യൂവൽ സെന്ററിൽ വച്ച് നടക്കുന്ന ക്ലാസ്സിൽ പങ്കെടുക്കാനായി സെക്രട്ടറിയും സ്റ്റാന്റിംഗ് കമ്മറ്റിയും കൂടെ പോയി. ആ യാത്ര ഒരു പുതിയ അനുഭവമായിരുന്നു. വ്യത്യസ്ത ജില്ലകളിലെ സി ഡി എസ് ചെയർപേഴ്സൺമാരുമായി ബന്ധപ്പെടുവാനും സൗഹൃദം നിലനിർത്തുവാനും കാര്യങ്ങൾ മനസ്സിലാക്കുവാനും കഴി

ഞ്ഞു. അവിടെ താമസിച്ച മൂന്ന് ദിവസവും എന്റെ ജീവിതത്തിലെ മറക്കാനാകാത്ത ഓർമ്മക്കുറിപ്പുകളിൽ ഒന്നാണ്.

ഞാൻ സി ഡി എസ് ആയി ചാർജ് എടുത്ത് 6 മാസം കഴിയുമ്പോഴേയ്ക്കും ചാർജ് ഓഫീസർക്ക് സ്ഥലം മാറ്റം ആയി. എല്ലാം പഠിച്ച് വരുന്നതേ ഉണ്ടായിരുന്നുള്ളൂ. ഇനി വരുന്ന സാർ എങ്ങനെയുള്ള ആൾ ആയിരിക്കും എന്നുള്ള ടെൻഷനായിരുന്നു. പക്ഷേ എന്റെ ഭയത്തിനെയെല്ലാം പുറംതള്ളി ചാർജ് ഓഫീസറായി ചാർജെടുത്തത് അലി വി.ഇ.ഒ ആയിരുന്നു. പിന്നീട് സാറിൽ നിന്നായിരുന്നു പല കാര്യങ്ങളും പഠിച്ചത്. പല വിധത്തിലുള്ള ആളുകളുമായി പരിചയപ്പെടുവാനും അവരുമായി സൗഹൃദം സ്ഥാപിക്കുവാനും അവരുടെ സങ്കടങ്ങളും മറ്റും കേൾക്കുവാനും കഴിഞ്ഞു. ആശ്രയപദ്ധതിയുമായി ബന്ധപ്പെട്ട് അവർക്ക് വീട് നല്കുവാനും ആ വീടിന്റെ താക്കോൽദാന ചടങ്ങ് നടത്തുവാനും കഴിഞ്ഞു എന്നത് തന്നെ വളരെ ചാരിതാർത്ഥ്യം തോന്നുന്ന അനുഭവങ്ങളാണ്.

എനിക്ക് കിട്ടിയ നേട്ടങ്ങളിൽ ഒന്ന് ബാങ്കുമായി അടുത്തിടപഴകുവാൻ കഴിഞ്ഞു. ബാങ്കുമായി ബന്ധപ്പെടുത്തി പാവപ്പെട്ടവർക്ക് "ഭവലശ്രീ പദ്ധതി" പ്രകാരം വീട് നൽകുവാൻ സാധിച്ചു. അതിനുവേണ്ടി നല്ല നിലയിൽ പ്രവർത്തിക്കാൻ കഴിഞ്ഞു. ഗുണഭോക്താക്കളുടെ സ്ഥലം നോക്കാൻ ഫീൽഡ് ഓഫീസറും ചാർജ്ജ് ഓഫീസറും ഞാനും ദിവസങ്ങളോളം വീട് കയറിയിട്ടുണ്ട്. അതിന്റെ അനുഭം ഈ അടുത്ത കാലത്ത് എനിക്ക് ഉണ്ടായി. ഒരു ദിവസം തളിപ്പറമ്പിലേക്ക് പോകാൻ പൂവ്വത്ത് നിന്നും ബസ്സ് കയറിയപ്പോൾ ഒരു വയസ്സായ പർദ്ദയൊക്കെ ഇട്ട ഉമ്മാമ്മ എന്നെ തന്നെ കുറെ സമയം നോക്കുന്നത് കണ്ടു. എനിക്ക് ആദ്യം ഒന്നും മനസ്സിലായില്ല. കുറച്ച് കഴിഞ്ഞ് ആ ഉമ്മാമ്മ സീറ്റിൽ നിന്ന് എഴുന്നേറ്റ് എന്നോട് ഇരിക്കാൻ പറഞ്ഞു. ഞാൻ വെണ്ടന്ന് പറഞ്ഞിട്ടും അവർ സമ്മതിക്കുന്നില്ല. ബസ്സിലെ യാത്രക്കാർ എല്ലാം ശ്രദ്ധിക്കുന്നുണ്ട്. അപ്പോൾ ആ ഉമ്മാമ്മ ഉച്ചത്തിൽ പറയുകയാ, ഇത് എന്റെ മോളോ, ആ മോളാണ് എനിക്ക് ഒരു കൂട് (വീട്) ആക്കി തന്നത് എന്ന്. സത്യത്തിൽ അപ്പോഴാണ് എനിക്ക് അവരെ മനസ്സിലാകുന്നത്. അവർക്ക് സഹായത്തിന് ഒരു മോൾ അല്ലാതെ ആരും ഉണ്ടായിരുന്നില്ല. വീടിന് അപേക്ഷ വച്ചപ്പോൾ അവരുടെ ആധാരത്തിൽ ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നു. അത് വേണ്ടുന്ന അവസരത്തിൽ ശരിയാക്കി അവർക്ക് ഭവനശ്രീ ലോൺ കൊടുത്തിരുന്നു. ഇതാണ് ആ ഉമ്മാമ്മ പറഞ്ഞത്. നമുക്ക് ചെറിയ കാര്യമായിരുന്നു. അവരുടെ അപ്പോഴത്തെ സന്തോഷം കണ്ടപ്പോൾ എന്റെ കണ്ണു നിറഞ്ഞുപോയി.

എനിക്ക് ബാങ്കുമായി കൂടുതൽ ബന്ധപ്പെടുവാൻ സാധിച്ച ഭവനശ്രീ പദ്ധതിയിൽ കൂടിയാണ് അന്നത്തെ എസ്.ബി.ടി തളിപ്പമ്പ് മാനേജർ, ഫീൽഡ് ഓഫീസർ എന്നിവരെ ഒരിക്കലും മറക്കാൻ പറ്റില്ല. ആ കാലഘട്ടത്തിൽ ബാങ്ക് പോയാൽ അവിടുത്തെ ഒരു സ്റ്റാഫിനെ പോലെ തന്നെ അവിടെ കയറാനും എല്ലാവരുമായി സംസാരിക്കുവാനും സാധിച്ചിരുന്നു.

നേട്ടങ്ങൾ എണ്ണി പറയുമ്പോൾ മറക്കാതിരിക്കേണ്ട ഒന്നാണ് കുടുംബ്രശ്രീ വാർഷികം. സ്ക്കൂളിൽ പഠിക്കുമ്പോൾ പോലും ഒരു പരിപാടിയിലും പങ്കെടുക്കാത്ത ഞാൻ (അംഗങ്ങൾ എല്ലാവരും) എല്ലാ പരിപാടിയിലും പങ്കെടുത്തു. വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും ഒന്നാം സ്ഥാനം നേടി. ആദ്യമായി സ്റ്റേജ് കയറുന്നത് ഇന്നും എന്റെ മനസ്സിൽ തെളിഞ്ഞ് നിൽക്കുകയാണ്.

സ്ത്രീകൾ മാത്രമുള്ള 'ടൂർ' ആയിരുന്നു ഒരു വലിയ നേട്ടം. എനിക്ക് ഇന്നും വിചാരിക്കുമ്പോൾ ചിരി വരുന്ന ഒരു സംഭവം തളിപ്പറമ്പിൽ വച്ച് നടന്ന കുടുംബശ്രീ ചന്തയായിരുന്നു. സാധനങ്ങളെല്ലാം കയറ്റി അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന കെ.എം. മാത്യു സാറും വൈസ് ചെയർപേഴ്സനും കൂടി തളിപ്പറമ്പിൽ എത്തി. അവിടുത്തെ സ്റ്റാളിൽ സാധനങ്ങൾ വെച്ചപ്പോൾ വെറും ചമ്മൽ ആയിരുന്നു. എന്നാൽ കുറച്ച് കഴിഞ്ഞപ്പോൾ ചമ്മലൊക്കെ മാറി ആ സാധനം വിറ്റഴിക്കാൻ കഴിഞ്ഞു. ഈ ധൈര്യമെല്ലാം തന്നത് കുടുംബശ്രീ തന്നെയാണ്.

സി ഡി എസ് ചെയർപേഴ്സണായി ഇരുന്ന 5 വർഷവും എന്റെ ജീവിതത്തിലെ മറക്കാനാവാത്ത ഓർമ്മക്കുറിപ്പുകളാണ്. ഇന്നും കാണുമ്പോൾ ആളുകളുടെ ആ സ്നേഹം അതാണ് എന്റെ കുടുംബശ്രീയിലെ എറ്റവും വലിയ സമ്പാദ്യം. 2007 ൽ അമ്മയുടെ ഓപ്പറേഷനുമായി ബന്ധപ്പെട്ട് സി ഡി എസ് ൽ നിന്ന് പിരിഞ്ഞുവരുമ്പോൾ സി ഡി എസ് അംഗങ്ങളും പഞ്ചായത്തും നൽകിയ സ്നേഹം നിറഞ്ഞ യാത്രയയപ്പ് ഇന്നും എനിക്ക് മറക്കാൻ പറ്റാത്തതാണ്. അവർ എനിക്കു നൽകിയ സ്നേഹോപകാരം എന്റെ ജീവിതത്തിലെ ഏറ്റവും വലിയ സമ്മാനമാണ്.

2008 ൽ പ്ലാസ്റ്റിക്ക് നിരോധത്തിനെതിരെ എന്തെങ്കിലും ചെയ്യണം എന്ന ഉദ്ദേശ്യത്തോടുകൂടി നവജ്യോതിയിലെ 5 അംഗങ്ങൾ ചേർന്ന് പേപ്പർ ഗ്ലാസ്സ് സംരംഭം തുടങ്ങി. കുടുംബശ്രീയിൽ വന്നതിന് ശേഷം ഏറ്റവും വേദന നിറഞ്ഞ നാളുകൾ ആയിരുന്നു അത്. പക്ഷെ മെഷീനിന്റെ തകരാറ് മൂലം സംരംഭം മുന്നോട്ട് കൊണ്ടുപോകുവാൻ സാധിച്ചില്ല.

കുടുംബശ്രീ വന്നതുകൊണ്ട് മാത്രമാണ് അടുക്കളയിൽ മാത്രം ഒതുങ്ങി നിന്ന സ്ത്രീകൾക്ക് പൊതുസമൂഹത്തിൽ ഇടപഴകാനും രാഷ്ട്രീയ സാമൂഹ്യ കാര്യങ്ങളിൽ ഏർപ്പെടുവാനും മറ്റും സാധിച്ചത്. കേരളത്തിലെ ഏറ്റവും വലിയ പ്രസ്ഥാനമാണ് കുടും ബശ്രീ എന്ന് നമുക്ക് അഭിമാനത്തോടെ പറയാം. അടുക്കള മുറ്റത്തെ ബാങ്കാണ് കുടുംബ ശ്രീ. പരസ്പര സ്നേഹത്തോടെയും സൗഹൃദത്തോടെയും ഈ പ്രസ്ഥാനം ഇനിയും വളരട്ടെയെന്ന് ഈ ഓർമ്മക്കുറിപ്പിലൂടെ എല്ലാവർക്കും ആശംസകൾ നേർന്ന് എന്നെ ഞാനാക്കി മാറ്റിയ കുടുംബശ്രീയെ ഒരിക്കൽ കൂടി നമിച്ച് കൊണ്ട് നിർത്തുന്നു ഈ ചെറിയ അനുഭവക്കുറിപ്പുകൾ.

നളിനി. പി. രാമപുരം
ചപ്പാരപടവ് ഗ്രാമപഞ്ചായത്ത്
ന്യൂജ്യോതി കുടുംബശ്രീ
14–ാം വാർഡ്